


നന്ദിയുടെ പൂക്കൾ

MARAM
73
14
RARY

നന്ദിയുടെ പൂക്കൾ



ഡോൺബോസ്കോയുടെ ശതാബ്ദിസ്മാരകമായ
ഈ ലക്കം ലോകമെങ്ങുമുള്ള യുവജനങ്ങൾക്ക്
സമർപ്പിക്കുന്നു

DON BOSCO, 75 NORTH ROAD, BANGALORE-560 084 S. INDIA

DHARMARAM COLLEGE LIBRARY
Ac. No 88000007
Call No M73/D7/H2/

ക്രിസ്ത്യാനികളുടെ സഹായമായ മാതാവ്




Mary
Help of Christians


Inspirer and Patroness
of all Salesian works

സലേഷ്യൻ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയും പ്രചോദകയും

ബാംഗ്ളൂർ പ്രോവിൻസിന്റെ മദ്ധ്യസ്ഥനും വഴികാട്ടിയും



ഈ രൂപം പ്രതിഷ്ഠിച്ച് എന്നെ ആദരിക്കുന്ന ഏതൊരു സ്ഥലത്തേയും
കുടുംബത്തേയും ഞാൻ അനുഗ്രഹിക്കും




പ്രിയ സ്നേഹിതരേ,

യുവജനങ്ങളുടെ സുഹൃത്തും സലേഷ്യൻ സഭയുടെ സ്ഥാപകനുമായ വിശുദ്ധ ഡോൺബോസ്കോയുടെ മോക്ഷപ്രാപ്തിയുടെ ശതാബ്ദി ആചരിക്കുകയാണ് ഈ വർഷം. 1888 ജനുവരി 31–ാംതീയതിയാണ് ഡോൺബോസ്കോ ദിവംഗതനായത്. അദ്ദേഹത്തിന്റെ ചരമശതാബ്ദി യഥായോഗ്യം കൊണ്ടാടുന്നതിനു ലോകത്തിലെ മിക്ക രാഷ്ട്രങ്ങളിലും വൈവിധ്യമാർന്ന പരിപാടികൾക്കു രൂപംനല്കിയിട്ടുണ്ട്. ജനുവരി 29, 30, 31 എന്നീ തീയതികളിൽ ബോംബെയിൽ സംഘടിപ്പിച്ച ദേശീയ ശതാബ്ദിയാഘോഷങ്ങളിൽ ഭാരതത്തിലെ എല്ലാ പ്രോവിൻസുകളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു. ഡോൺബോസ്കോയുടെ ബഹുമാനാർത്ഥം പല രാഷ്ട്രങ്ങളും ഇതിനകം തപാൽ സ്റ്റാമ്പുകളിറക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ജന്മനാടായ ഇറലിയും, അദ്ദേഹത്തിന്റെ സേവനങ്ങളുടെ സിരാകേന്ദ്രമായ ടൂറിൻ നഗരവും ഇക്കഴിഞ്ഞ ജനുവരി 31–ാംതീയതി പ്രത്യേകമായ ആഘോഷങ്ങളിലൂടെ തങ്ങളുടെ ആദരവു് പ്രകടമാക്കി. ടൂറിനിലെ ആർച്ചുബിഷപ്പു് കാർഡിനൽ ബല്ലസ്ട്രേരോ 1988 ഒരു പ്രത്യേക യുവജനവർഷമായി മാപ്പാപ്പയെക്കൊണ്ടു് പ്രഖ്യാപിപ്പിച്ചു. സലേഷ്യൻ വൃത്തങ്ങളും ആഹ്ലാദപൂർവ്വം ഉറ്റുനോക്കുന്ന സുപ്രധാനമായ മറെറാരു സംഭവം, ഡോൺബോസ്കോയുടെ ബഹുമാനാർത്ഥം പരിശുദ്ധ പിതാവു് ടൂറിൻ നഗരം സന്ദർശിക്കുവാനെത്തുന്നതാണു്. ഇങ്ങനെ സലേഷ്യൻസഭയ്ക്കു് സവിശേഷപ്രാധാന്യമുള്ള ഈ വർഷം, സാധുയുവാക്കൾക്കുവേണ്ടിയുള്ള സേവനപ്രവർത്തനങ്ങളിൽ നിങ്ങളും ബാംഗ്ളൂർ പ്രോവിൻസിനു് നല്കുന്ന സഹായസഹകരണങ്ങൾക്കു് നന്ദിപറയുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. തന്റെ ഉപകർത്താക്കളോടു് ഡോൺബോസ്കോ എന്നും കൃതജ്ഞതയുള്ളവനായിരുന്നു. ഇപ്പോഴും തന്റെ ആത്മീയ മക്കളായ സലേഷ്യൻസിന്റെ പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കുന്ന, മഹാമനസ്കരായ വ്യക്തികളെ സ്വർഗ്ഗത്തിൽനിന്നു് അദ്ദേഹം അനുഗ്രഹിക്കുമെന്നു് എനിക്കുറപ്പാണു്.

കഴിഞ്ഞവർഷം ഞങ്ങൾ ആരംഭിച്ച രണ്ടു കേന്ദ്രങ്ങളിലൊന്നു് ബാംഗ്ളൂരിലെ കെ. ആർ. മാർക്കറ്റിനു സമീപം തെരുവുകുട്ടികൾക്കുവേണ്ടി തുറന്നിട്ടുള്ള കോണ്ടാക്റ്റു് സെൻററാണു്. മണ്ണുത്തിയിലെ തട്ടിൽ കൊച്ചുവറീതു് സ്മാരക ഡോൺബോസ്കോ യൂത്തുസെൻററാണു് മറെറാന്നു്. നഗരത്തിന്റെ ഹൃദയഭാഗത്തായതിനാൽ കെ. ആർ. മാർക്കറ്റിനടുത്തുള്ള സ്ഥലത്തിനു് സാമാന്യം വലിയൊരു തുക വിലയായിക്കൊടുക്കേണ്ടതുണ്ടു്. മണ്ണുത്തിയിലെ യുവജനകേന്ദ്രത്തിൽ തൊഴിൽരഹിതരായ യുവാക്കൾക്കു് ഇലക്ട്രോണിക്സു്, ടൈപ്പിംഗു്, ഷോർട്ടു് ഹാൻറു് എന്നിവയിൽ പരിശീലനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ യുവാക്കൾക്കു് കലാകായികവിനോദങ്ങൾക്കും ഇവിടെ സൗകര്യമൊരുക്കിയിട്ടുണ്ടു്.

ആന്ധ്രാപ്രദേശിൽ രാവുലപാലത്തും, ചന്തൂരിലും യഥാക്രമം പാവപ്പെട്ട സ്ത്രീകുട്ടികൾക്കും, ഗ്രാമങ്ങളിൽനിന്നുള്ള കോളേജു് വിദ്യാർത്ഥികൾക്കുമായി ഹോസ്റ്റൽ കെട്ടിടങ്ങൾ പണിയുവാൻ കഴിഞ്ഞവർഷം സാധിച്ചു. കർണ്ണാടകത്തിലെ ബെല്ലാരി

1815-1888



A MAN OF GOD AND

A MAN FOR THE YOUNG

JESUS – HIS LIFE

YOUTH – HIS QUEST

LOVE – HIS WEAPON

MARY – HIS HELP

1888-1988

"I promised God to spend my life to
my last breath for my boys"

DON BOSCO

ഡിസ്ട്രിക്ടിൽ തീരെ പാവപ്പെട്ട കുട്ടികൾക്ക് നോൺ – ഫോർമൽ തൊഴിൽ പരിശീലനം നല്കുവാൻ ഉദ്ദേശിച്ചുള്ള വർക്ഷോപ്പിന്റേയും, ബോർഡിംഗ് ഹൗസിന്റേയും നിർമ്മാണം, അവിടെയുള്ള രണ്ട് സലേഷ്യൻസിന്റെ പരിശ്രമംകൊണ്ട് ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്.

സലേഷ്യൻ സഹോദരന്മാരാണ് (വൈദികരല്ല) സാധാരണഗതിയിൽ ഞങ്ങളുടെ സാങ്കേതികസ്കൂളുകൾക്ക് നേതൃത്വംനൽകുന്നത്. ബാംഗ്ലൂർ പ്രോവിൻസിൽ ബ്രദേഴ്സ് കുറവായതിനാൽ, ആ കുറവ് പരിഹരിക്കുന്നതിനുവേണ്ടി സലേഷ്യൻ ബ്രദേഴ്സിനു പരിശീലനം നല്കുന്ന രണ്ടു കേന്ദ്രങ്ങൾ പുതുതായി ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ദൈവം ഈ സംരംഭത്തെ അനുഗ്രഹിച്ച് ഭാവിയിൽ കൂടുതൽ സലേഷ്യൻ സഹോദരന്മാരെ ബാംഗ്ലൂർ പ്രോവിൻസിലേക്ക് അയയ്ക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

സ്നേഹിതരും സഹായികളുമായ പ്രിയപ്പെട്ടവരെ, നിങ്ങൾ ഞങ്ങൾക്കു നല്കുന്ന ആത്മാർത്ഥമായ സഹായത്തിനും പ്രോത്സാഹനത്തിനും ഞാൻ ഒരിക്കൽകൂടി നന്ദിപറയുന്നു. നിങ്ങളുടെ മഹാമനസ്കതയ്ക്ക് ദൈവം സമൃദ്ധമായി പ്രതിഫലം നല്കട്ടെ.

കർത്താവിൽ നന്ദിപൂർവ്വം,


ഫാ. ജോസഫ് തെക്കേടത്ത് എസ്. ഡി. ബി.
(പ്രൊവിൻഷ്യൽ)

''സലേഷ്യൻ സഭാംഗങ്ങൾ, എന്നെ അനുസ്മരിപ്പിക്കുന്നതു്, യേശു അപ്പവും വീഞ്ഞും വർദ്ധിപ്പിച്ച കാര്യമാണ്. നിങ്ങളുടെ സഭയുടെ വികാസം ഒരു അത്ഭുതത്തിലും കുറഞ്ഞ ഒന്നല്ല. നിങ്ങൾ പ്രത്യേകമാംവിധം അനുഗ്രഹിക്കപ്പെട്ടവരത്രേ.

പരിശുദ്ധാത്മാവിന്റെ സവിശേഷ പ്രചോദനത്താലും ഡോൺബോസ്കോയുടെ മാദ്ധ്യസ്ഥതയാലുമാണിതിങ്ങനെ സംഭവിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ആധുനിക യുഗത്തിൽ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾക്കു തികച്ചും പ്രായോഗികമായ പ്രതിവിധി നിർണ്ണയിക്കാൻ സലേഷ്യൻ സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്. നിങ്ങൾ സാധുക്കൾക്കുവേണ്ടി സേവനം ചെയ്യുന്നു. നിങ്ങൾ തൊഴിൽപരിശീലനം നല്കുന്നു. എങ്ങനെ സന്തോഷചിത്തരായിരിക്കാൻകഴിയുമെന്നു നിങ്ങൾ യുവാക്കളെ പഠിപ്പിക്കുന്നു. അത്തരം പ്രവർത്തനങ്ങൾ തുടരുക; അത്ഭുതങ്ങൾ ഇനിയും ഉണ്ടായിക്കൊണ്ടിരിക്കും....''

–ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ

യുവജനജൂബിലിവർഷം



ചിന്താശകലങ്ങൾ

സലേഷ്യൻ ചരിത്രത്തിൽ അവിസ്മരണീയമായ ഒന്നായി 1988 മാറുകയാണു്. ഡോൺബോസ്കോ ലോകത്തോടു വിടപറഞ്ഞു് ഒരുനൂറ്റാണ്ടു തികയുന്ന ഈ സന്ദർഭത്തിൽ 1988 ജനുവരി 31, ശതാബ്ദിയാഘോഷങ്ങൾക്കു് നാന്ദികുറിച്ചിരിക്കുന്നു. മാത്രമല്ല, ചരിത്രത്തിലാദ്യമായി യുവജനങ്ങൾക്കു പ്രത്യേകമായുള്ള ഒരു ജൂബിലിവർഷമായി 1988 പ്രഖ്യാപിക്കപ്പെട്ടകഴിഞ്ഞു. കത്തോലിക്കാസഭയിൽ ഡോൺബോസ്കോ തുടങ്ങിവച്ച പ്രവർത്തനത്തിനുള്ള സ്ഥാനം വ്യക്തമാക്കുവാൻ ഇതു് മതിയായ തെളിവാണു്. അസാധാരണവും ഉദാരവുമായ ഒരു സമ്മാനമെന്നു സലേഷ്യൻ സഭാമേലധികാരിയായ റവ. ഫാ. വിഗനൊ ഇതിനെ വിശേഷിപ്പിച്ചതു് തികച്ചും അർത്ഥവത്താണു്.

യുവജനങ്ങൾക്കുവേണ്ടിയുള്ള വർഷമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ഈ പ്രത്യേക ജൂബിലിവർഷം സഭയോടു കൂടുതലടുക്കുവാനും സഭയുടെ ആദ്ധ്യാത്മികസമ്പത്തിൽ ഭാഗഭാക്കുകളാകുവാനും ക്രിസ്തുവുമായി കൂടുതലടുത്തിടപഴകുവാനും യുവതീയുവാക്കളെയും അവരുടെ ചുമതല വഹിക്കുന്നവരെയും തിരുസ്സഭ പ്രത്യേകം ക്ഷണിക്കുകയാണു്. തങ്ങളുടെ ജീവിതാന്ത്യംവരെ നിലനില്ക്കുത്തക്ക അർത്ഥവത്തായ ഒരനുഭവം യുവജനങ്ങൾക്കു ലഭ്യമാക്കുവാനുള്ള ഒരു സുവർണ്ണാവസരമാണു് മാതാപിതാക്കളും അദ്ധ്യാപകരും ഉപകർത്താക്കളുമായ നമുക്കേവർക്കും കൈവന്നിരിക്കുന്നതു്. അതെ, അപ്പസ്തോലന്മാരുടെ നടപടിപുസ്തകത്തിൽ കാണുന്ന തരത്തിലുള്ള സത്യസന്ധവും ആത്മാർത്ഥവും സാഹോദര്യവും മുറ്റിനിന്ന ഒരു സഭാന്തരീക്ഷം അവക്കനുഭവവേദ്യമാക്കിത്തീർക്കുവാനുള്ള ഒരവസരമാണു് ഇതു്.

വികലമായ ഏതാനും മുൻധാരണകളുടെ പൂച്ചു പുറത്താകാതിരിക്കുന്നതിനുള്ള വിഫല പരിശ്രമത്തിനുപകരം ആത്മാർത്ഥമായ സ്നേഹബന്ധമാണു് യുവജനങ്ങൾ നമ്മിൽ കാണേണ്ടതു്. ദൈവത്തിനേറെതായ നന്മയുടെയും സ്നേഹത്തിന്റെയും ക്ഷമയുടെയും നവ്യാവതാരങ്ങളായി നാം മാറിക്കൊണ്ടു്, ക്രിസ്തുവിന്റെ മനോഭാവം ഉൾക്കൊണ്ടു് അവർക്കായി നാം പ്രവർത്തിക്കുമ്പോഴേ യുവജനങ്ങളിൽ വിശ്വാസം വളരുകയുള്ളൂ.

ഡോൺബോസ്കോയുടെ വാക്കുകൾ ഈ പശ്ചാത്തലത്തിൽ തികച്ചും യുക്തമായി തോന്നുന്നു. ''യുവജനങ്ങളെ സഹായിക്കുന്നതിനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം ദയാപൂർവ്വമായ സ്നേഹമാണു്. സൗമ്യപൂർവ്വമായ പെരുമാറ്റവും സംഭാഷണവും ഉപദേശവുമാണു് യുവജനങ്ങളുടെ ഹൃദയം കവരുന്നതു്.''

യുവാക്കളോടുള്ള സലേഷ്യൻ സമീപനം



യുവജനങ്ങൾക്കു് മുൻഗണന

''യുവാക്കളെന്ന ഒരു വ്യവസ്ഥ മാത്രംമതി
നിങ്ങളെ എനിക്കു് സ്നേഹിക്കുവാൻ.''

ഡോൺബോസ്കോ

സ്നേഹമാണു് കേന്ദ്രബിന്ദു



യുവജനങ്ങളെ സ്നേഹിച്ചാൽ മാത്രം
പോരാ, സ്നേഹിക്കപ്പെടുന്നു എന്ന
ബോധവും അവരിലുണ്ടാകണം.''

ഡോൺബോസ്കോ

തത്വശാസ്ത്രം: മനുഷ്യന്റെ സർഗ്ഗശക്തിയിലുള്ള ശുഭവിശ്വാസം



''ഓരോ കുട്ടിയിലും വളർത്തിയെടുക്കാവുന്ന എന്തെങ്കിലും നന്മയുണ്ടായിരിക്കും''

ഡോൺബോസ്കോ

ലക്ഷ്യം: യുവാക്കളെ ദൈവത്തിലേക്കു നയിക്കുക




''പാപത്തേക്കാൾ മരണം.''

ഡോമിനിക് സാവിയോ

ഡോൺബോസ്കോയുടെ വിദ്യാഭ്യാസരീതി

'പ്രിവൻറീവു് സിസ്റ്റം'



'പ്രിവൻറീവു്' (Preventive) എന്ന വാക്കു് ഒരു പക്ഷേ ഡോൺബോസ്കോയുടെ വിദ്യാഭ്യാസരീതിയെ ആകെത്തന്നെ തെറ്റിദ്ധരിപ്പിക്കുന്നതിനുതകിയേക്കാം. വാസ്തവത്തിൽ, ഒരു കുട്ടിയുടെ സമഗ്രമായ വളർച്ചയ്ക്കുതകത്തക്കരത്തിൽ പ്രസ്തുത വളർച്ചയുടെ ചുമതലയേല്ക്കുന്ന വ്യക്തി — അദ്ധ്യാപകനോ രക്ഷാകർത്താവോ — കുട്ടിയുടെ സഹകരണത്തോടുകൂടി ഏറ്റെടുക്കുന്ന ഒരു മനഃസ്ഥിതിയാണിതു്. കുട്ടിയുടെ പാർശ്വത്തിൽ ഒരു സ്നേഹിതനെന്ന നിലയിൽ നിന്നുകൊണ്ടു്, തെറ്റിൽ വീഴുവാൻ കാത്തിരിക്കാതെ, വീണു കരകയറുന്ന അനുഭവപരമ്പരയിലൂടെ ഒരു കുട്ടിയനുഭവിക്കാനിടയുള്ള ദുഷ്ഫലങ്ങളും ഒഴിവാക്കി തെറ്റും ശരിയും അവൻെറ ബുദ്ധിക്കു മനസ്സിലാക്കിക്കൊടുക്കുകയാണു് ഈ വിദ്യാഭ്യാസപദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. ശാരീരിക ശിക്ഷയോ അതിനോടു കിടനില്ക്കുന്ന അവഹേളനം മുതലായ ശിക്ഷകളോ പ്രിവൻറീവു് സിസ്റ്റത്തിൽ നിഷിദ്ധമാണു്. പരസ്പരം ബന്ധപ്പെട്ടതും അന്യോന്യം ആശ്രയിച്ചു നില്ക്കുന്നതും ആയ മൂന്നു തത്ത്വങ്ങളും തൻെറ വിദ്യാഭ്യാസരീതിയ്ക്കാധാരമായി ഡോൺബോസ്കോ വേർതിരിക്കുന്നു. യുക്തി, ദൈവവിശ്വാസം, സ്നേഹസമ്പന്നമായ ദയ എന്നിവയാണു് പ്രസ്തുത തത്ത്വങ്ങളും. വിപുലമായ അർത്ഥവ്യാപ്തിയുൾക്കൊള്ളുന്നവയാണു് ഇവയോരോന്നും.

യുക്തി:

യുക്തി അഥവാ ബുദ്ധി എന്നു പേരു പറയാവുന്ന ഈ അടിസ്ഥാനതത്ത്വം ആത്യന്തികമായി ഒരു കുട്ടിയുടെ പുരോഗതിയിലും വളർച്ചയിലുമുള്ള തീവ്രമായ ആകാംക്ഷയാണു്. സാധാരണഗതിയിൽ അവൻെറ മാതാപിതാക്കളിൽ മാത്രം കാണപ്പെടുന്ന ഒരു ഗുണവിശേഷമാണിതു്. അതായതു്, അവൻെറ ക്ഷേമം ലക്ഷ്യമാക്കിയുള്ള യുക്തി, ചിന്ത, ഇതാണു് പ്രിവൻറീവു് സിസ്റ്റത്തിൽ യുക്തിയ്ക്കുള്ള പങ്കു്. കുട്ടിയിലുള്ള നല്ല കഴിവുകളും പുറത്തു കൊണ്ടുവന്നു് അവ പുഷ്ടിപ്പെടുന്നതിനു് സഹായിക്കുകയാണു് ഇതിലദ്ധ്യാപകൻ ചെയ്യുന്നതു്.

''അദ്ദേഹത്തിനേറെയുള്ള (ഡോൺബോസ്കോയുടെ) വിശ്വാസവും ദൈവത്തിലുള്ള ആശ്രയബോധവുമില്ലാത്ത അനേകരെ അത്ഭുതപ്പെടുത്തിക്കൊണ്ടു് തികച്ചും സാധാരണമായ ഘടകങ്ങളിൽനിന്നു്, എന്തിനധികം, തിന്മയിൽനിന്നുപോലും നന്മ പുറത്തെടുക്കുവാനുള്ള മഹാനായ ഡോൺബോസ്കോയുടെ കഴിവിൻെറ രഹസ്യം ഇതായിരുന്നു'' എന്നു പറയുമ്പോഴും പതിനൊന്നാം പീയൂസു് മാപ്പാപ്പാ സൂചിപ്പിക്കുന്നതും പ്രിവൻറീവു് സിസ്റ്റത്തെക്കുറിച്ചുതന്നെയാണു്.

അതെ, മറെറാരു വ്യക്തിയുടെ ആത്യന്തിക നന്മയിലുള്ള അഗാധമായ ആകാംക്ഷ, അതുതന്നെയാണിതു്.

ദൈവവിശ്വാസം

ദൈവത്തെ ഒഴിവാക്കുന്ന മനുഷ്യനേക്കുറിച്ചുള്ള ഏതു കാഴ്ചപ്പാടും വികലമാണെന്ന വ്യക്തമായ ഒരു ധാരണ വച്ചുപുലർത്തിയ വ്യക്തിയാണു് ഡോൺബോസ്കോ. വ്യവസ്ഥാപിതമായ ഒരു ചട്ടക്കൂടിനുള്ളിലുള്ള ആരാധനയായി മാത്രം മതത്തെ ഇവിടെ കാണരുതു്. സ്നേഹിക്കപ്പെടാനും ആരുടെയെങ്കിലും സ്വന്തമാകുവാനുമുള്ള ഓരോ വ്യക്തിയുടേയും ആത്മാർത്ഥമായ അഭിവാഞ്ഛയേയും അലൗകികമായതിനോടു് ഒരു കൂട്ടിയ്ക്കു സാധാരണമായുണ്ടാകാറുള്ള അത്ഭുതഭാവത്തേയും അടുപ്പത്തേയും കുറിച്ചു് ശരിക്കും അറിയാവുന്ന ഒരു വ്യക്തിയായിരുന്ന ഡോൺബോസ്കോ. അതിനുമപ്പുറം, മനുഷ്യനേക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടു് മനുഷ്യാവതാരപരമായിരുന്നു. അതായതു്, ഓരോ വ്യക്തിയുടേയും യഥാർത്ഥ മഹത്വം ക്രിസ്തുവിന്റെ മനുഷ്യത്വം, അഥവാ മനുഷ്യാവതാരവുമായി, അവിടുത്തെ മരണവുമുത്ഥാനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു്. ഇവ മനുഷ്യമഹത്ത്വത്തിനു് വ്യക്തമായ ഒരു മാറ്റം വരുത്തിത്തീർത്തിരിക്കുന്നുവെന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. തത്ഫലമായി മതവിശ്വാസം അദ്ദേഹത്തിന്റെ വിദ്യാഭ്യാസപദ്ധതിയുടെ ഒരനിവാര്യഘടകമായി മാറിയിരിക്കുന്നു.

സ്നേഹസമ്പന്നമായ ദയ, അഥവാ കാരുണ്യം:

സ്നേഹമസൃണമായ കൊച്ചു കൊച്ചു പ്രവൃത്തികളും മുതൽ വിദ്യാർത്ഥിയുടെ ഉന്നമനത്തിനുതകുന്ന പ്രവർത്തനങ്ങളും തെറ്റിൽ വീഴാതെ അവനെ സംരക്ഷിക്കുന്നതിനുതകുന്ന പ്രവൃത്തികളും ഉൾപ്പെടുന്ന ഒരു പ്രവർത്തന ശൃംഖലയ്ക്കടിസ്ഥാനമായി വർത്തിക്കുന്ന ഒരു തത്ത്വമാണു് കാരുണ്യം അഥവാ സ്നേഹസമ്പന്നമായ ദയ.

അതിന്റെ ആത്യന്തിക ലക്ഷ്യം, വി. പൗലോസപ്പസ്തോലൻ കൊറീന്ത്യക്കാക്കെഴുതിയ ലേഖനത്തിലെ 13–ാം അദ്ധ്യായത്തിൽ സമർത്ഥിക്കുന്ന പരസ്നേഹമാണു്. ഡോൺബോസ്കോയുടെ അഭിപ്രായത്തിൽ ഈ ലേഖനഭാഗം തന്റെ വിദ്യാഭ്യാസ പദ്ധതിയുടെ രത്നച്ചുരുക്കമാണു്.

ഇങ്ങനെ നോക്കുമ്പോൾ, തികച്ചും പൂർണ്ണമായ ഒരു വിദ്യാഭ്യാസപദ്ധതിയാണു് 'പ്രിവന്റീവു് സിസ്റ്റം' എന്നു കാണാം. ഇതിനടിസ്ഥാനം മനുഷ്യനേക്കുറിച്ചുള്ള ഒരു സമഗ്രവീക്ഷണമാണു്.

വിശുദ്ധ ഡൊമിനിക്കു സാവ്യോ, യുവാക്കൾക്കു് ഒരു മാതൃക



കാലദേശഭേദങ്ങൾക്ക് അതീതനായി, യുവാക്കൾക്ക് മാതൃക നല്കിക്കൊണ്ട് പ്രശോഭിക്കുന്ന വിശുദ്ധനാണ് ഡോമിനിക്കു സാവ്യോ. കൂടുതൽ കൂടുതൽ യുവാക്കൾ കുറ്റകൃത്യങ്ങളിലേക്കും മറ്റു അനാശാസ്യ പ്രവർത്തനങ്ങളിലേക്കും വഴുതി വീഴുന്ന ഇക്കാലത്തു് ഈ വിശുദ്ധന്റെ മാതൃകയ്ക്ക് ഏറെ പ്രസക്തിയുണ്ട്. 1954 ജൂൺ 12–ാം തീയതി അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്കുയർത്തിക്കൊണ്ട് 12–ാം പീയൂസ് മാർപാപ്പാ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. ''ദൈവരക്ഷകന്റെ പ്രവർത്തനങ്ങൾക്കുനേരെ തിന്മയുടെ ശക്തികൾ വെല്ലുവിളി ഉയർത്തുമ്പോൾ, ദൈവമക്കളുടെ ഉൽക്കണ്ഠാകുലമായ വിളി ദൈവം ശ്രവിച്ചു, അവരുടെ ഇടയിലേക്ക് പരിശുദ്ധിയും പ്രസാദവരവും നിറഞ്ഞ വ്യക്തികളെ അവിടുന്ന് അയയ്ക്കുന്നു. ആത്മാവു് പ്രതിഷേധിക്കുകയും, അഹങ്കാരം മനസ്സാക്ഷിയെ ക്ഷീണിപ്പിക്കുകയും ചെയ്യുന്ന ഈ സന്ദർഭങ്ങളിൽ അവിടുന്ന്, കുരിശിന്റെ ഔന്നത്യത്തിലേക്ക്, ചാരിത്രശുദ്ധിയുടെയും, സഹോദരസ്നേഹത്തിന്റേയും സൗരഭ്യം പരത്തുന്ന വീരയോദ്ധാക്കളെ വിളിക്കുന്നു.''

ഇറ്റലിയുടെ വടക്കുഭാഗത്തു് 1842 ഏപ്രിൽ 2–നാണ് ഡൊമിനിക്കു് സാവിയോ ഭൂജാതനായതു്. അസാധാരണമായ നിശ്ചയദാർഢ്യവും പരിശുദ്ധ കുർബാനയോടുള്ള ഗാഢമായ ഭക്തിയുമായിരുന്ന ഈ ബാലന്റെ സ്വഭാവത്തിന്റെ സവിശേഷതകളാണ്. ഏഴാം വയസ്സിൽ പ്രഥമ ദിവ്യകാരുണ്യം സ്വീകരിക്കുമ്പോൾ എടുത്ത പ്രതിജ്ഞ– പാപത്തേക്കാൾ മരിക്കുക എന്നതു്– അദ്ദേഹത്തിന്റെ ഹ്രസ്വകാല പ്രവർത്തനങ്ങളുടെ ശക്തിസ്രോതസ്സായി മാറി.

തന്റെ ആത്മീയഗുരുവായ ഡോൺ ബോസ്കോയെ പിൻതുടർന്നു് ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അദ്ദേഹം ആനന്ദം കണ്ടെത്തി. വിശുദ്ധന്മാരുടെ പട്ടികയിൽ ഒരുപക്ഷേ, ഏറ്റം ഇളയവനായ ഈ വിശുദ്ധൻ ഓരോ ക്രൈസ്തവ ബാലനും അനുകരണീയമായ മാതൃക നല്കുന്നു. ഡോൺബോസ്കോയുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ ഫലമെന്നു് വിശുദ്ധഡൊമിനിക്കു് സാവിയോയെ വിശേഷിപ്പിക്കാം.

ഡോൺബോസ്കോ:



ദൈവമയച്ച യുവ സുഹൃത്ത്

ഏറ്റവും ജനപ്രീതിയുള്ള സഭാവിശുദ്ധരിൽ പ്രമുഖ സ്ഥാനമലങ്കരിക്കുന്ന ഒരു വിശുദ്ധനാണ് ഡോൺബോസ്കോ. മാനവസമൂഹത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട വിഭാഗമായ യുവജനങ്ങൾ ഗുരുതരവും ഇടംപ്രഥമവുമായ അപകടങ്ങളഭിമുഖീകരിച്ചപ്പോൾ അവർക്ക് ക്രിസ്തീയമായ തയ്യാറെടുപ്പ് നല്കുകയെന്നതായിരുന്ന അദ്ദേഹത്തിന്റെ ദൗത്യം– ഈ ലക്ഷ്യപ്രാപ്തികരിക്കുതകുന്ന ഭൗമികവും ഭൗമികേതരവുമായ അസാധാരണ കഴിവുകളാൽ അനുഗൃഹീതനായിരുന്ന അദ്ദേഹം. ഡോൺബോസ്കോയെന്ന നാം വിളിക്കുന്ന ഈ വ്യക്തി 1815 ആഗസ്റ്റ് 16–ാം തീയതി ടൂറിനോടടുത്തുള്ള ബെക്കി എന്ന ഗ്രാമത്തിലെ ഒരു കർഷക കുടുംബത്തിലാണ് പിറന്നതു്.

കുട്ടിയ്ക്ക് വെറും രണ്ടു വയസ്സു മാത്രമുണ്ടായിരുന്നപ്പോൾ പിതാവു മരിച്ചു. തത്ഫലമായി ബാല്യകാലവും അതോടനുബന്ധിച്ചു നടക്കേണ്ടിയിരുന്ന വിദ്യാഭ്യാസവും വളരെയധികം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നിറഞ്ഞ ഒന്നായി പരിണമിച്ചു. പക്ഷെ, സംഭവബഹുലമായ ഈ ചെറുപ്പകാലത്തുപോലും യുവജനങ്ങളെ പഠിപ്പിക്കുവാനുള്ള ഒരഭിരുചി അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ട് തന്റെ കളിക്കൂട്ടുകാരെ അദ്ദേഹം പഠിപ്പിച്ചു തുടങ്ങി. ഔദ്യോഗിക വിദ്യാഭ്യാസം ലഭിക്കാത്തവളെങ്കിലും ക്രിസ്തീയമായ ഔചിത്യബുദ്ധികൊണ്ട് പരിപക്വമായ ഒരു വ്യക്തിത്വമായിരുന്ന മമ്മാമാർഗ്ഗരറ്റ്, ഡോൺബോസ്കോയുടെ അമ്മ. വേണ്ട സഹായങ്ങൾ ചെയ്യും, തന്റെ മാതൃകയിലൂടേയും, പ്രോത്സാഹനത്തിലൂടേയും ദൈവത്തിനും, മനുഷ്യനും പ്രിയങ്കരനായ വിധത്തിൽ ആ അമ്മ പുണ്യത്തിലവനെ വളർത്തി. ഒരു വൈദികനാകുവാനവനാഗ്രഹിച്ചു. അവന്റെ പ്രാർത്ഥന കേട്ട ദൈവം കിയേരി സെമിനാരിയുടെ വാതിലുകൾ അവനായി തുറക്കുകയും അങ്ങനെ 1835—ൽ അവൻ സെമിനാരിയിൽ പ്രവേശിക്കുകയും ചെയ്തു. 1841—ൽ പൗരോഹിത്യപദവിയിലേയ്ക്കുയർത്തപ്പെട്ട അദ്ദേഹം അതേവർഷംതന്നെ ഡിസംബർ 8—ാം തീയതി ബർത്തലോമിയോ ഗരേല്ലി എന്ന ഒരു ദരിദ്രബാലനെ വേദോപദേശം പഠിപ്പിച്ചുകൊണ്ട് തന്റെ പ്രേഷിത പ്രവർത്തനമാരംഭിച്ചു. അങ്ങനെ സലേഷ്യൻ ഓറട്ടറി, അതായതു്, ദരിദ്രരും ഉപേക്ഷിക്കപ്പെട്ടവരുമായ യുവജനങ്ങൾക്ക് മതപരമായ വിദ്യാഭ്യാസവും സാന്മാർഗ്ഗിക സുരക്ഷിതത്വവും നല്കുവാനായി വിളിക്കപ്പെട്ട ആ മഹദ് പ്രസ്ഥാനം അന്നേ ദിവസം ജന്മം കൊള്ളുകയായി.

ഏതാനും വർഷങ്ങൾക്കു ശേഷം, 1846—ൽ ടൂറിൻ നഗരത്തിൽ വൽഡോക്കോ എന്നറിയപ്പെടുന്ന സ്ഥലത്തു് ഒരു സ്ഥിരവാസസ്ഥലം ഡോൺബോസ്കോ കണ്ടെത്തി. ഇവിടെ വി. ഫ്രാൻസീസ് സെയിൽസിന്റെ ''ഓറട്ടറി'' എന്ന നാമധേയത്തിൽ ദരിദ്ര ബാലന്മാർക്കായി ഒരു ഭവനം അദ്ദേഹമാരംഭിച്ചു. ഇതോടനുബന്ധിച്ചു തുടങ്ങിയ തൊഴിൽ പഠനശാലയായിരിക്കും ഒരു പക്ഷെ ഈ തുറയിലെ ഇദംപ്രഥമമായ കാൽവെയ്പു തന്നെ. ഇപ്രകാരമാണ് സലേഷ്യൻ പ്രവർത്തനം സമാരംഭിച്ചതു്.

ദൈവദാസനായ ഒൻപതാം പീയൂസ് മാർപ്പാപ്പയുടെ പ്രത്യേക പ്രോത്സാഹനവും അനുഭാവപൂർണ്ണമായ സഹകരണവും കൈമുതലാക്കി വി. ഫ്രാൻസീസ് ഓഫ് സെയിൽസിന്റെ ഭക്തസമൂഹം സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഏതാനും വർഷങ്ങൾക്കുശേഷം അദ്ദേഹം ആരംഭിച്ചു. 1869—ൽ പ്രസ്തുത സംഘടനയ്ക്ക് തിരുസ്സഭയുടെ അംഗീകാരം നല്കിക്കൊണ്ട് ഒൻപതാം പീയൂസ് മാർപ്പാപ്പ ദൈവകൃപയാൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പൂവണിയിച്ചു. വിശ്രുത മേരി മസൈരെല്ലോയുടെയും അവരോടൊത്തു പ്രവർത്തിച്ച ഏതാനും യുവതികളുടെയും സഹായത്തോടെ ''ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ പുത്രിമാർ'' എന്ന നാമധേയത്തിൽ ഒരു പ്രസ്ഥാനവും ഏതാണ്ടിക്കാലത്തു തന്നെ അദ്ദേഹം സ്ഥാപിച്ചു. തികച്ചും എളിയ സാഹചര്യങ്ങളിൽ ആരംഭിച്ച ഈ പ്രസ്ഥാനം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള യുവതികൾക്ക് രക്ഷാകരവും ജീവദായകവുമായ ഒരു പ്രസ്ഥാനമായി ഇന്നു പടർന്നു പന്തലിച്ചു കഴിഞ്ഞിരിക്കുന്നു. ''സലേഷ്യൻ സഹകാരികളുടെ ഭക്തസംഘടന''യാണ് അവസാനമായി ഡോൺബോസ്കോ സ്ഥാപിച്ച സംഘടന. അല്മായരുടേതായ ഒരു മൂന്നാം സഭയോടു താരതമ്യപ്പെടുത്താവുന്ന ഈ പ്രസ്ഥാനം കത്തോലിക്കവും ക്രിസ്തീയവുമായ എല്ലാവിധ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുക മാത്രമല്ല, വിവിധ തരത്തിലുള്ള സലേഷ്യൻ പ്രവർത്തനങ്ങളുമായി പൂർണ്ണമായി സഹകരിക്കുകയും ചെയ്തുവരുന്നു.

മറ്റു യാതൊന്നും കൈമുതലില്ലാതെ ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ മാതൃസഹജമായ സഹായത്തിലും അതിലുപരി ദൈവത്തിലും പൂർണ്ണമായി വിശ്വാസമർപ്പിച്ചുകൊണ്ട് ഓരോ ചുവടും മുന്നോട്ടുവച്ച ഡോൺബോസ്കോ വാസ്തവത്തിൽ ദൈവകൃപയുടേയും പരസ്നേഹത്തിന്റേയുമായ ഒരത്ഭുതം തന്നെയാണ്. അദ്ദേഹത്തിന്റെ ആത്മ

ത്യാഗം, പ്രാർത്ഥന, മറ്റു ത്യാഗങ്ങൾ മുതലായവ ദൈവത്തിൽ നിന്നു് അനേക അത്ഭുതങ്ങൾ നേടുകയും അങ്ങനെ, ക്രമത്തിൽ, തന്റെ അദ്ഭുതപൂർവ്വമായ അനേക ഉപവി പ്രവർത്തനങ്ങൾക്കാവശ്യമായ സഹായവുമായി മുന്നോട്ടുവന്ന കത്തോലിക്കരും അല്ലാത്തവരുമായ അസംഖ്യം സുഹൃത്തുക്കളെ അദ്ദേഹത്തിനു നേടിക്കൊടുക്കുകയും ചെയ്തു.

പുതുതായി രൂപീകരിക്കപ്പെട്ട ഇറ്റലിയിലെ അക്കാലത്തെ പ്രമുഖ മന്ത്രിമാരിലൊരാളായ ഉർബൻ റത്താത്സ്സി ''തന്റെ നൂറാണ്ടിന്റെ അത്ഭുതമായി ഡോൺബോസ്കോയെ നിർവ്വചിക്കുന്നു. ഒരു പക്ഷെ, അദ്ദേഹത്തെക്കുറിച്ചുള്ള ഏറ്റവും പഴയ വിവരണം കുറേക്കൂടി ആധികാരികമായ ഒരു കേന്ദ്രത്തിൽ നിന്നാണു് വരുന്നതു്.

ടൂറിനിലെ ആർച്ചുബിഷപ്പായിരുന്ന കർദ്ദിനാൾ അലിമോന്ത ''തന്റെ നൂറാണ്ടിനെ ദൈവികമാക്കിയ മനുഷ്യ'' നെന്നു് ഡോൺബോസ്കോയെ വിളിക്കുന്നു. വാസ്തവത്തിൽ, ജീവിതത്തിൽ ഒന്നുമല്ലാതായിത്തീരുമായിരുന്ന ആയിരക്കണക്കിനു യുവാക്കൾക്കു് ഒരു ജീവിതപന്ഥാവു് തുറന്നുകൊടുക്കുന്നതിൽ, അപ്പവും അത്താഴവും കൊടുക്കുന്നതിൽ, വിദ്യാഭ്യാസവും ജോലിയും നല്കുന്നതിൽ ഡോൺബോസ്കോ വഹിച്ച പങ്കു് ചെറുതല്ല. എന്നാൽ, അന്നത്തെ സമൂഹത്തിന്റെ വിലപ്പെട്ട നിധി ക്രിസ്തീയ വിശ്വാസ സാംസ്കാരികപാരമ്പര്യവും നഷ്ടപ്പെട്ടുകൊണ്ടിരുന്ന ഒരു സാഹചര്യത്തിൽ പ്രസ്തുത മൂല്യങ്ങൾ രക്ഷിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ഔത്സുക്യം ഏറ്റവുമധികം തെളിഞ്ഞു കണ്ടതു്. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി തനിക്കു് പ്രാപ്യങ്ങളായ എല്ലാ മാർഗ്ഗങ്ങളും അദ്ദേഹം അവലംബിച്ചു— വൈദികപരമായ പ്രവർത്തനം, പ്രസംഗം, കത്തോലിക്കാ സാഹിത്യപ്രചരണം, അച്ചടി മുതലായവ, പരസ്പര സഹായസംഘങ്ങൾ, മതത്തെയും ഉപവി പ്രവർത്തനത്തെയും അടിസ്ഥാനമാക്കിയുള്ള സംഘടനകൾ, തുടങ്ങി അനേകമനേകം പ്രസ്ഥാനങ്ങൾ, ഒരു പക്ഷെ ചരിത്രമൊരിക്കലും അറിയുകയില്ലാത്ത അനേകായിരങ്ങൾ ആദ്ധ്യാത്മിക നാശത്തിൽ നിന്നും നിത്യനിരാശയിൽ നിന്നും പ്രസ്തുത പ്രവർത്തനങ്ങൾവഴി രക്ഷപ്പെട്ടിട്ടുണ്ടാവണം. അദ്ദേഹത്തിന്റെ ആപ്തവാക്യം വി. ഫ്രാൻസീസ് ഓഫ് സെയിൽസിന്റേതു തന്നെയായിരുന്നു— ''എനിക്കു് ആത്മാക്കളെ തരിക, ബാക്കിയുള്ളതെല്ലാം എടുത്തുകൊള്ളുക.'' തന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം യാതൊരു വേദനയും അസഹനീയമോ, ബുദ്ധിമുട്ടകരം തരണം ചെയ്യാനാവാത്തവയോ ആയിരുന്നില്ല. തിന്മയുടെ കരങ്ങളായി വർത്തിച്ചവരെ കൂസലുകൂടാതെ തട്ടിമാറ്റുന്നതിൽ യാതൊരു വൈമനസ്യവും കാണിക്കാതിരുന്ന അദ്ദേഹം അതേ സമയം നന്മയ്ക്കു വേണ്ടി നിലകൊണ്ട വ്യക്തികളെ തന്റെ പ്രവർത്തനം തെറ്റിദ്ധരിക്കുവാൻ ഇടവരുമ്പോൾ അതു തിരുത്തുന്നതിൽ അതീവ ശ്രദ്ധാലുവുമായിരുന്നു. അദ്ദേഹത്തെ വധിക്കുവാൻവരെ തിന്മയുടെ ശക്തികൾ തുനിഞ്ഞതു് നന്മയ്ക്കു വേണ്ടി അദ്ദേഹമെടുത്ത കാൽവയ്പിന്റെ തീക്ഷ്ണതയെ കാണിക്കുന്നു.

സത്യത്തിന്റേതായ ശബ്ദം രാജാക്കന്മാരും മന്ത്രിമാരും, കൂട്ടികളും മുതിർന്നവരുമുൾപ്പെടെ അനേകർ അദ്ദേഹത്തിൽ നിന്നു ശ്രവിച്ചു. ദരിദ്രർക്കും ധനികർക്കും ഒരുപോലെ സഹായഹസ്തം നീട്ടിയ അദ്ദേഹത്തിന്റെ ഹൃദയം എല്ലാവർക്കുമായി വീതിച്ചുകൊടുക്കപ്പെടുകയായിരുന്നു. അദ്ദേഹത്തിന്റെ പുണ്യഗണങ്ങളുടെയും പ്രവർത്തനത്തിന്റേയും പ്രശസ്തി താമസിയാതെ ഇറ്റലിയുടെ പുറത്തെന്നല്ല, ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലുമെത്തി. ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ അനുഗ്രഹം അദ്ദേഹം നല്കിയപ്പോഴും, തന്നിൽ വിശ്വസിക്കുന്നവർ താൻ ചെയ്തതും അതിലുപരിയുമായ പ്രവർത്തനങ്ങൾ ചെയ്യുമെന്ന ക്രിസ്തുവിന്റെ വചനം പൂർത്തീകരിച്ചുകൊണ്ടു് അന്ധർ പുലരി വെളിച്ചം കണ്ട, ചെകിടർ കിളികളുടെ കളകളാലാപം കേട്ട പുളകിതരായി, തളർവാതരോഗികൾ സ്വന്തം കാലിൽ നിന്നു് ദൈവത്തിനു സ്തുതി പാടി എല്ലാറ്റിലുമുപരിയായി ഭാവിയിലെ ചില രഹസ്യങ്ങളറിയുവാനുള്ള തന്റെ കഴിവു മുഖാന്തിരം അനേകം മനസ്സുകൾ പ്രോജ്ജ്വലങ്ങളായി, ഹൃദയങ്ങൾ മാനസാന്തരപ്പെട്ട. അതേ സമയം, സാമ്പത്തികമായ സഹായങ്ങൾ നല്കിക്കൊണ്ടും ആ

ദ്ധ്യാത്മികമായി അദ്ദേഹത്തെ സമാശ്വസിപ്പിച്ചുകൊണ്ടും മാതാവു് തന്റെ സഹായമായി നിലനിന്നു. ഹെയ്സൽനട്ടു് വർദ്ധിപ്പിച്ചതു്, അപ്പം വർദ്ധിപ്പിച്ചതു്, ചെസ്റ്റ്നട്ടു് വർദ്ധിപ്പിച്ചതു്, എന്തിനധികം, ഒരു പാവനമുഹൂർത്തത്തിൽ തിരുവോസ്തി വർദ്ധിപ്പിച്ചതുവരെയുള്ള അനവധി അത്ഭുതങ്ങൾ അദ്ദേഹത്തിന്റെ ചരിത്രത്തിൽ നിന്നു വായിച്ചറിയുവാനാകും.

നന്മ ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടു തിന്മയെ അകറ്റി നിർത്തുന്ന അദ്ദേഹത്തിന്റെ സമഗ്ര വിദ്യാഭ്യാസപദ്ധതി–preventive system–യുക്തി, മതവിശ്വാസം, സ്നേഹപരമായ കാരുണ്യം എന്നീ മൂന്നടിസ്ഥാനങ്ങളിൽ ഉറച്ചിരിക്കുന്നതും, വി. ഡോമിനിക്കു് സാവിയോയുടെ വിശുദ്ധനെന്നുള്ള നാമകരണത്തിലൂടെ പരമോന്നതമായ അംഗീകാരവും ആധികാരികവുമായ അഭിനന്ദനവും പിടിച്ചുപറ്റിയിരിക്കുന്നതുമാകുന്നു.

ആബാലവൃദ്ധം ജനങ്ങൾക്കു മതബോധനം നല്കുന്നതിനും, ആഞ്ഞടിച്ച പ്രോട്ടസ്റ്റന്റു് കൊടുങ്കാറ്റിനെതിരായും ആയിരക്കണക്കിനുള്ള തന്റെ കൃതികളിലൂടെ അദ്ദേഹം കത്തോലിക്കാ സാഹിത്യ പ്രവർത്തനത്തിനും അച്ചടി പ്രസ്ഥാനത്തിനും വലിയ ഉത്തേജനം നല്കി. നീതിരഹിതമായ നിയമങ്ങൾക്കെതിരായി അദ്ദേഹം മാർപ്പാപ്പ, കർദ്ദിനാളന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, തുടങ്ങിയവരുമായി നടത്തിയ അനുരഞ്ജനസംഭാഷണങ്ങളുടെ വിജയം അദ്ദേഹത്തെ ഇറാലിയൻ ഗവൺമെന്റും പരിശുദ്ധ സിംഹാസനവുമായുള്ള ബന്ധത്തിന്റെ ഒരുറച്ച കണ്ണിയാക്കിത്തീർത്തു.

അങ്ങനെ 1888, ജനുവരി 31–ാം തീയതി കർത്താവിനുവേണ്ടി അതിഭീമമായ പ്രവർത്തനങ്ങളേറ്റെടുത്തു കത്തിയെരിഞ്ഞ ആ ദീപം ആ ഭാരത്തിന്റെ വൈപുല്യം കാരണമായി, ഓറട്ടറിയിലെ തന്റെ കൊച്ചുമുറിയിൽ 73–ാം വയസ്സിൽ പൊലിഞ്ഞു. തന്റെ മരണസമയത്തു് താൻ നടത്തിവെച്ച പ്രസ്ഥാനം ആറു പ്രവിശ്യകളിലായി 64 സ്ഥാപനങ്ങളും 863 അംഗങ്ങളും 276 അത്ഥികളുമുള്ള ഒരു വൻവൃക്ഷമായി പടർന്നു പന്തലിച്ചു കഴിഞ്ഞിരുന്നു. ഡോൺബോസ്കോയെയും അദ്ദേഹത്തിന്റെ പുണ്യജീവിതത്തെയും പ്രവർത്തനങ്ങളേയുംകുറിച്ചു് നന്നായറിയുകയും ചെയ്തിട്ടുള്ള 11–ാം പീയൂസ് മാർപ്പാപ്പ പരിശുദ്ധ വർഷത്തിന്റെ അവസാന ദിനമായിരുന്ന 1934–ാം മാണ്ടിലെ ഉയിർപ്പു ഞായറാഴ്ച ഡോൺബോസ്കോയെ വിശുദ്ധ പദവിയിലേയ്ക്കുയർത്തി. 1936 മാർച്ചു് 25–ാം തീയതി അദ്ദേഹം തന്നെ ഈ തിരുന്നാൾ തിരുസ്സഭയ്ക്കു് സാവ്ത്രികമാക്കി. അതേ വർഷത്തിന്റെ തന്നെ അന്ത്യത്തിൽ തൊഴിൽ പഠിക്കുന്ന എല്ലാ യുവതീയുവാക്കളുടേയും മദ്ധ്യസ്ഥനായും വി. ഡോൺബോസ്കോ നിർദ്ദേശിക്കപ്പെട്ടു.

ഡോൺബോസ്കോ പ്രവർത്തിച്ച അനവധി അത്ഭുതപ്രവർത്തനങ്ങൾ, തുടങ്ങി അദ്ദേഹം കൈവരിച്ച അനേക നേട്ടങ്ങൾ 19 വാല്യങ്ങളിലായി ഒരു ബൃഹദ് ജീവിതചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിനു പുറമെ, വർഷങ്ങൾക്കു മുൻപു ടൂറിനിലദ്ദേഹം സ്ഥാപിച്ച സഭയുടെ അത്ഭുതാവഹമായ വളർച്ച ദൈവികമായ അദ്ദേഹത്തിന്റെ ദൗത്യത്തിനു സാക്ഷ്യം വഹിക്കുന്നു. എക്കാലത്തുമുള്ള യുവജനങ്ങളെ രക്ഷിക്കുവാനാണു് ഡോൺബോസ്കോ തന്റെ സഭ സ്ഥാപിച്ചതു്. അദ്ദേഹത്തിന്റെ രക്ഷാകരദൗത്യത്തിനു് സ്ഥലകാല പരിമിതികളില്ല. തന്റെ തലമുറയ്ക്കു് ഡോൺബോസ്കോ യുവജനരക്ഷയ്ക്കായുള്ള പ്രവർത്തനങ്ങളുടെ മൂർത്തരൂപമായിരുന്നു. സുവിശേഷത്തിലെ കടുകുമണിയുടെ ചരിത്രംതന്നെയാണു് ഡോൺബോസ്കോയുടേതും.

ഡോൺബോസ്കോയെന്നതു്, ഇന്നു് വൃഥാ ഉച്ചരിക്കപ്പെടുന്ന ഒരു നാമമല്ല, പക്ഷെ ഒരു സ്വർഗ്ഗീയ ഗീതമാണു്, അതെ, ഒരു സ്നേഹകാവ്യമാണു്, ഒരു മുദ്രാവാക്യമാണു്, ലോകത്തിലെ ആയിരമായിരം നഗരങ്ങളിൽ പ്രതിധ്വനിക്കുന്ന ഒരു വെല്ലുവിളിയാണു്. ഡോൺബോസ്കോയുമായി ഹൃദയൈക്യം പുലർത്തുന്നവരും അദ്ദേഹം സ്വർഗ്ഗാരോഹണംചെയ്തു് ഒരു നൂറാണ്ടു തികയുന്ന ഈ വേളയിൽ അദ്ദേഹത്താൽ ഉത്തേജിപ്പിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുമാറാകട്ടെ.

ഡോൺബോസ്കോയുടെ ജീവിതം, ഒരു ഫ്ളാഷ്ബാക്ക്

''എന്റെ ജീവിതത്തെ ഗാഢമായി സ്പർശിച്ച ഒരു സ്വപ്നം ഒമ്പതാമത്തെ വയസ്സിൽ എനിക്കുണ്ടായി. വീടിനു സമീപമുള്ള ഒരു കളിസ്ഥലത്തു് ഞാൻ നില്ക്കുകയായിരുന്നു. ധാരാളം കുട്ടികൾ കളിച്ചുതിമർക്കുന്ന സ്ഥലമായിരുന്നു അതു്.'' തന്റെയും മറ്റനേകായിരങ്ങളുടേയും ജീവിതത്തെ മാറ്റിമറിച്ച ആ അസാധാരണ സ്വപ്നത്തിന്റെ വിവരണം ഡോൺ ബോസ്കോ ആരംഭിക്കുന്നതു് ഇങ്ങനെയാണു്. ''ആ സമയത്തു് അവിടെ കളിച്ചുകൊണ്ടിരുന്ന കുട്ടികളിൽ ചിലർ ചിരിക്കുകയായിരുന്നു. വേറെ ചിലർ ഓരോതരം കളികളിൽ ഏർപ്പെട്ടിരുന്നു. ഇനിയും കുറേപ്പേർ പരസ്പരം ചീത്ത പറയുകയും കലഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവരുടെ ഭാഷ എന്നെ ഞെട്ടിച്ചു. കൈകൊണ്ടു് ആഞ്ഞുവീശി 'നിറുത്തുക' എന്നാക്രോശിച്ചുകൊണ്ടു് ഞാൻ അവരുടെ ഇടയിലേക്കു് ചാടി. തത്സമയം മനോഹരരൂപനായ ഒരാൾ അവിടെ പ്രത്യക്ഷപ്പെട്ടു കയുണ്ടായി. എന്നെ വിളിച്ചുകൊണ്ടു് ആ കുട്ടികളെ നയിക്കുവാൻ അദ്ദേഹം എന്നോടു് ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: ''ബലമുപയോഗിച്ചല്ല നീ ഈ കുട്ടികളെ നയിക്കുക, പ്രത്യുത സ്നേഹവും, ദയയും വഴിയാണു്.'' ഞാൻ ഒരു ബാലനാണെന്നും, ഒരു നേതാവിനുവേണ്ട ഗുണങ്ങളില്ലാത്തവനാണെന്നും പറഞ്ഞു് ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചപ്പോൾ ആ രൂപം മൊഴിഞ്ഞു:



''ഞാൻ നിനക്കൊരു വഴികാട്ടിയെ നൽകും. അവളുടെ സഹായമില്ലെങ്കിൽ എല്ലാ ജ്ഞാനവും മൗഢ്യമാകുന്നു.''

''നിങ്ങൾ ആരാകുന്നു?''

''അമ്മയുടെ പ്രേരണയാൽ ദിനം പ്രതി മൂന്നു പ്രാവശ്യം നീ സ്തുതിക്കുന്ന പരിശുദ്ധ കന്യകയുടെ സുതനാണു് ഞാൻ.''

ഇതേത്തുടർന്നു് അലൗകികമായ വേഷഭൂഷാദികളോടെ തേജോരൂപിണിയായ ഒരു സ്ത്രീ അവിടെ കാണപ്പെട്ടു. ദയാപൂർവ്വം

അവർ എന്നെ അരികിലേക്കു വിളിച്ചു. ആകെ സംഭ്രമിച്ചിരുന്ന എന്റെ കരങ്ങളം ഗ്രഹിച്ചുകൊണ്ട് പറഞ്ഞു: ''അങ്ങോട്ടു നോക്കൂ!''

ഞാൻ കുട്ടികളം കളിച്ചുകൊണ്ടിരുന്ന മൈതാനത്തിലേക്ക് കണ്ണോടിച്ചു. കലഹിച്ചുനിന്നിരുന്ന കുട്ടികളം അവിടെനിന്നും അപ്രത്യക്ഷരായിരുന്നു. അവരുടെ സ്ഥാനത്തു് ആട്, പൂച്ച, കരടി മുതലായ ജീവികളം പരസ്പരം കടിച്ചുകീറുന്നതാണു് ഞാൻ കണ്ട കാഴ്ച.

''ഇതാണു നിന്റെ പ്രവർത്തനമേഖല ഇവിടെയാണു് നീ അദ്ധ്വാനിക്കേണ്ടതു്.'' ആ സ്ത്രീ എന്നോടു പറഞ്ഞു. ''എപ്പോഴും വിനയമുള്ളവനായിരിക്കുക; ആത്മീയമായും, ശാരീരികമായും കരുത്താർജ്ജിക്കുകകൂടി വേണം. ഈ മൃഗങ്ങൾക്കു് ഇനി എന്തു സംഭവിക്കുവാൻ പോകുന്നുവോ, അതുപോലെ തന്നെ നീ എന്റെ ഈ കുട്ടികൾക്കുവേണ്ടിയും ചെയ്യണം.''

ഞാൻ വീണ്ടും ആ കളിസ്ഥലത്തേയ്ക്കു് നോക്കി. പരസ്പരം ആക്രമിച്ചുനിന്നിരുന്ന ആ ജന്തുക്കളെല്ലാം ശാന്തസ്വഭാവികളായ കുഞ്ഞാടുകളായിരിക്കുന്നു. ഈ കണ്ടതിന്റെയെല്ലാം അർത്ഥം മനസ്സിലാക്കാനാവാതെ ഞാൻ കരയുവാൻ തുടങ്ങി. അർത്ഥം വെളിപ്പെടുത്തിത്തരണമെന്നു് ഞാൻ ആ പരിശുദ്ധ അമ്മയോടു് ആവശ്യപ്പെട്ടു. തത്സമയം ഒരു കൈ എന്റെ ശിരസ്സിൽ വച്ചുകൊണ്ടു് ആ മാതാവു് പറഞ്ഞു: ''സമയമാവുമ്പോൾ നിനക്കെല്ലാം മനസ്സിലായിക്കൊള്ളും.'' ഈ വാക്കുകളം കേട്ടു കഴിഞ്ഞപ്പോൾ ഞാൻ സ്വപ്നത്തിൽനിന്നും ഉണർന്നു.''

പതിനെട്ടു വർഷക്കാലം ഡോൺ ബോസ്കോ ഈ സ്വപ്നം തന്റെ മനോമുകുരത്തിൽ സൂക്ഷിച്ചു. അദ്ദേഹത്തിന്റെ പ്രേഷിതപ്രസ്ഥാനത്തിന്റെ കേന്ദ്രബിന്ദുവെന്നു് ഈ സ്വപ്നത്തെ നമുക്കു് വിശേഷിപ്പിക്കാം. യുവജനങ്ങൾക്കുവേണ്ടിയുള്ള തന്റെ ദൗത്യം ദൈവനിവേശിതമാണെന്നും, അതുകൊണ്ടുതന്നെ എല്ലാ പ്രതിബന്ധങ്ങളേയും തരണം ചെയ്യുമെന്നും ഡോൺബോസ്കോ ആത്മാർത്ഥമായി വിശ്വസിച്ചു.

ജോണി ബോസ്കോ സെമിനാരിയിൽ

സ്വപ്നത്തിൽ തനിക്കു് നല്കപ്പെട്ട ദൗത്യം നിവേറണമെങ്കിൽ, വൈദിക വൃത്തിയിൽ പ്രവേശിക്കേണ്ടതു് ആവശ്യമാണെന്നു് ജോണി മനസ്സിലാക്കി. 1935 ഒക്ടോബർ 30–ാം തീയതി ജോണി ബോസ്കോയ്ക്കു് സെമിനാരിയിൽ പ്രവേശിക്കേണ്ട ദിവസമായിരുന്നു. തലേദിവസം വൈകുന്നേരം ഡോൺബോസ്കോയുടെ സ്നേഹനിധിയായ അമ്മ മമ്മാ മാർഗരറ്റ് അനുസ്മരണീയമായ ഈ വാക്കുകളം മകന്റെ ചെവികളിൽ മന്ത്രിച്ചു. ''ജോണീ, നീ ഒരു വൈദികന്റെ തിരുവസ്ത്രങ്ങളം അണിയുന്നതിൽ ഒരമ്മയുടേതായ സന്തോഷം എനിക്കുണ്ട്. ജനിച്ച പ്പോഴംതന്നെ നിന്നെ ഞാൻ പരിശുദ്ധ കന്യകാമാതാവിനു് സമർപ്പിച്ചിരുന്നു. നീ വിദ്യാഭ്യാസം തുടങ്ങിയപ്പോഴം ദിവ്യജനനിയോടു് ഭക്തിയുള്ളവനായിരിക്കണമെന്നു് ഉപദേശിക്കുകയും ചെയ്തിരുന്നു. ഇന്നുമുതൽ നീ ആ അമ്മയുടേതു മാത്രമായിരിക്കുക. മാതാവിനോടു ഭക്തിയുള്ളവരായിരിക്കട്ടെ നിന്റെ കൂട്ടുകാർ. നീ ഒരു വൈദികനാവുകയാണെങ്കിൽ എപ്പോഴും മാതാവിനോടുള്ള ഭക്തിയെ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണം.'' അമ്മയുടെ ഈ വാക്കുകളം മനസ്സിൽ സൂക്ഷിച്ചുകൊണ്ടു് അവൻ സെമിനാരിയിലേക്കു് പുറപ്പെട്ടു.

സ്വപ്നം യാഥാർത്ഥ്യമാകുന്നു.

ഡോൺബോസ്കോയുടെ തിരുപ്പട്ട സ്വീകരണം സ്വപ്നം യാഥാർത്ഥ്യമാകുന്നതിന്റെ ആദ്യത്തെ പടിയായിരുന്നു. ആ അനുഭവത്തെക്കുറിച്ചു് ഡോൺബോസ്കോ തന്നെ ഇപ്രകാരം എഴുതിയിരിക്കുന്നു. ''പരിശുദ്ധ ത്രീത്വത്തിന്റെ ഞായറാഴ്ചയുടെ തലേ സായാഹ്നത്തിൽ ആർച്ചുബിഷപ്പു് ലൂയീസു് ഫ്രാൻസോണി എനിക്കു വൈദികപട്ടം നൽകി. ടൂറിനിലെ സെൻറ് ഫ്രാൻസീസ് അസ്സീസ്സിയുടെ പള്ളിയിൽ ഞാൻ പ്രഥമ ദിവ്യബലിയർപ്പിച്ചു. എന്റെ ബഹുമാന്യനായ സുഹൃത്തും സഹായിയുമായിരുന്ന ഫാ. ജോസഫ് കഫാസ്സോ ആയിരുന്നു അവിടത്തെ റെക്ടർ.... തുടർന്നു് ഞാൻ ബക്കിയിലേ

ക്കു് തിരിച്ചുപോയി. വീടിനു് സമീപമുള്ളതും സ്വപ്നത്തിൽ കണ്ടതുമായ കളിസ്ഥലത്തിന്റെ സമീപമെത്തിയപ്പോൾ എനിക്കു് കണ്ണുനീർ തടഞ്ഞുനിറുത്തുവാൻ കഴിഞ്ഞില്ല. അന്നു് വൈകുന്നേരം വീട്ടിൽ അമ്മയും ഞാനും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, സംഭാഷണമദ്ധ്യേ അമ്മ പറഞ്ഞു. ''നീ ഇപ്പോൾ ഒരു വൈദികനാണു്. ഇനി ദിവസവും ദിവ്യബലിയർപ്പിക്കുന്നതായിരിക്കും. അതിനാൽ യേശുവിനോടു് ഏറ്റവും അടുത്തായിരിക്കുവാൻ നിനക്കു് കഴിയുന്നു. പക്ഷേ ഒരു കാര്യം ഓർത്തിരിക്കുക; കുർബാന ചൊല്ലിത്തുടങ്ങുക എന്നുവച്ചാൽ യാതനകളനുഭവിക്കുവാൻ തുടങ്ങുക എന്നതാണു്. ഞാൻ പറയുന്നതിന്റെ അർത്ഥം ഒരുപക്ഷേ നിനക്കിപ്പോൾ മനസ്സിലാവുകയില്ല. കുറെക്കഴിയുമ്പോൾ ഈ അമ്മ പറഞ്ഞതു് ശരിയാണെന്നു് നിനക്കു് മനസ്സിലാവും. ജീവിച്ചിരിക്കുമ്പോഴും അതിനു ശേഷവും നിന്റെ പ്രാർത്ഥനകളിൽ എന്നെ സ്മരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. എനിക്കു് അതുമാത്രം മതി. ഇന്നു മുതൽ ആത്മാക്കളെ രക്ഷിക്കുന്ന കാര്യം മാത്രം നീ ആലോചിച്ചാൽ മതി. എന്റെ കാര്യങ്ങളെക്കുറിച്ചു് ആകുലപ്പെടേണ്ടതില്ല.''

(ഡോൺബോസ്കോയുടെ ജീവചരിത്രം
വാല്യം 1, അദ്ധ്യായം 56)

ഡോൺബോസ്കോയുടെ മരിയഭക്തിയും മമ്മാ മാർഗരറ്റും

ഓസ്ട്രിയൻയുദ്ധം പൊട്ടിപ്പുറപ്പെട്ട സമയത്തു്, കഷ്ടതയനുഭവിച്ചിരുന്ന അയല്ക്കാരെ സഹായിക്കുവാൻ സദാ സന്നദ്ധയായിരുന്ന മമ്മാ മാർഗരറ്റു്. ഭക്ഷണവസ്തുക്കളും മറ്റു് ആവശ്യസാമഗ്രികളുമായി നിരാശ്രയരെ സഹായിക്കുവാൻ ഓടിനടന്നിരുന്ന ആ ഗ്രാമീണസ്ത്രീയുടെ രൂപം ഡോൺബോസ്കോയുടെ മനസ്സിൽ മായാത്ത മുദ്രകൾ പതിപ്പിച്ചിരുന്നു. ആവശ്യക്കാരോടുള്ള ഈ സത്വരവും മൂർത്വുമായ പ്രതികരണം അധ:സ്ഥിതരായ യുവാക്കൾക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ



പ്രവർത്തനങ്ങളുടെ മുഖമുദ്രയായിത്തീരുകയുണ്ടായി പിന്നീടു്.

ഡോൺബോസ്കോയ്ക്കു് മമ്മാ മാർഗരറ്റിനോടുണ്ടായിരുന്ന ഗാഢമായ സ്നേഹത്തിൽ, അദ്ദേഹം പ്രചരിപ്പിച്ച ക്രിസ്ത്യാനികളുടെ സഹായമായ മാതാവിനോടുള്ള ഭക്തിയുടെ ലക്ഷണങ്ങൾ കണ്ടെത്താനാവും. ഡോൺബോസ്കോയുടെ പ്രവർത്തനങ്ങളുടെ പ്രാഥമിക ഘട്ടത്തിൽ (1841–1858) മമ്മാ മാർഗരറ്റും കൂടെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൊച്ചുകുട്ടികളുടെ കൊച്ചുകൊച്ചു പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള വേദിയായിരുന്നു ആ അമ്മയുടെ അടുക്കള. ''മമ്മാ, എന്റെ ബുക്കു് കാണാതായിരിക്കുന്നു.... മമ്മാ, എന്റെ കാലുകൾ മുറിഞ്ഞിരിക്കുന്നു.... എനിക്കു വിശക്കുന്നു.... മമ്മാ....'' എന്നിങ്ങനെ സ്നേഹത്തിൽനിന്നും വിശ്വാസത്തിൽനിന്നും ഉയരുന്ന ഒരായിരം നിവേദനങ്ങൾക്കു് വാത്സല്യനിധിയായിരുന്ന മമ്മാ മാർഗരറ്റു് എപ്പോഴും ഒരു പരിഹാരം കണ്ടെത്തിയിരുന്നു.

മമ്മാ മാർഗരറ്റിന്റെ ഗുണങ്ങളുടെ ഒരു സ്വർഗ്ഗീയപതിപ്പാണു് പരിശുദ്ധ ദൈവമാതാവിൽ അദ്ദേഹം ദർശിച്ചതു്. തുടക്കത്തിലേതന്നെ മേരിയെ സലേഷ്യൻ കുടുംബത്തിന്റെ മാതൃസ്ഥാനത്തു് ഡോൺബോസ്കോ പ്രതിഷ്ഠിച്ചിരുന്നു. തെക്കേ അമേരിക്കയിലേക്കു് മിഷനറി

മാരെ അയയ്ക്കൽ, F. M. A. സഭയുടെ സ്ഥാപനം, ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ ദേവാലയനിർമ്മാണം മുതലായ മഹായജ്ഞങ്ങളും ആരംഭിച്ചതു തന്നെ ദിവ്യജനനിയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടായിരുന്നു. ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ സാന്നിദ്ധ്യം ഡോൺബോസ്കോയിലും, അദ്ദേഹത്തിന്റെ അനുയായികളിലും, തന്റെ എല്ലാ സ്ഥാപനങ്ങളിലും നിറഞ്ഞു നിന്നിരുന്നു. എല്ലാ വ്യക്തികൾക്കും, എല്ലാ കാര്യങ്ങൾക്കും ആ അമ്മയുടെ ഹൃദയത്തിൽ സ്ഥാനമുണ്ടെന്നു് അദ്ദേഹം തന്റെ അനുഗാമികളെ നിരന്തരം അനുസ്മരിപ്പിച്ചിരുന്നു.

തന്റെ സ്ഥാപനങ്ങളിൽ വരാറുള്ള കുട്ടികളിൽ മരിയഭക്തിയെ പോഷിപ്പിക്കാനതുകൂന്ന ഒരു സന്ദർഭവും അദ്ദേഹം പാഴാക്കിയിരുന്നില്ല, മാത്രമല്ല പുതിയവ സൃഷ്ടിക്കുകകൂടി ചെയ്യുമായിരുന്നു. സഹായമഭ്യർത്ഥിച്ചുകൊണ്ടു് സങ്കീർത്തിയിൽ വന്ന ബത്തലോമ്യോ ഗരേല്ലി എന്ന ബാലനോടൊത്തു് അദ്ദേഹം പ്രാർത്ഥിച്ച ''നന്മനിറഞ്ഞ മറിയമേ'' എന്ന പ്രാർത്ഥന പ്രസിദ്ധമാണല്ലോ. ഇടയ്ക്കിടയ്ക്കു് ഈ മാതൃഭക്തി കൂടുതൽ പ്രകടമായ രൂപങ്ങളും കൈക്കൊള്ളുന്നതു് നമുക്കു് കാണുവാൻ കഴിയും. ടൂറിൻ നഗരവീഥികളിലൂടെയുള്ള ജപമാലറാലി, ഉല്ലാസയാത്രകൾക്കിടയിൽ പാടാറുള്ള ചടുലമായ മരിയൻ ഗാനങ്ങൾ, ദേവാലയങ്ങളിലെ മെയ്മാസ വണക്കം, പ്രദക്ഷിണം, നാടകം, വെടിക്കെട്ടു്, ആഘോഷമായി നടത്താറുള്ള മാതാവിന്റെ വിവിധ തിരുനാളുകൾ— ഇവയിലൂടെ ഡോൺബോസ്കോ തന്റെ മരിയഭക്തിക്കു് മൂർത്തരൂപം നല്കി.

''ജീവിതത്തിൽ ഞാൻ എന്തെങ്കിലും നന്മ ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം മേരിയുടെ പ്രവൃത്തികളാണു്. എനിക്കു ശേഷം സലേഷ്യൻ സഭാംഗങ്ങൾ ചെയ്യുന്ന നന്മകളും ആ അമ്മയുടെ ചെയ്തികളായിരിക്കും.'' ഇതായിരുന്നു ഡോൺബോസ്കോയുടെ വിശ്വാസപ്രമാണം. അടിയുറച്ച ഈ മരിയഭക്തിയുടെ വിത്തുകൾ ഡോൺബോസ്കോയുടെ മനസ്സിൽ പാകിയതാകട്ടെ, അദ്ദേഹത്തിന്റെ പ്രിപ്പെട്ട മമ്മാ മാർഗരറ്റും.

നൂറു വർഷങ്ങൾക്കുമുമ്പു്.....

ഡോൺബോസ്കോയുടെ അന്ത്യനിമിഷങ്ങൾ

അത്യന്തം ഹൃദയമഥിയായിരുന്ന ഡോൺബോസ്കോയുടെ അന്ത്യനിമിഷങ്ങൾ. ആഹ്ലാദവായ്പോടെ ഒരു കുഞ്ഞിക്കിളി സ്വന്തം കൂട്ടിലേക്കു പറന്നുപോകുംപോലെ സ്വച്ഛവും ശാന്തവുമായിരുന്ന ആ മരണം. നേരത്തെ ഉറപ്പാക്കിയ സ്വർഗ്ഗത്തിലേക്കു് വിശ്വാസപൂർവ്വം കടന്നുപോകുന്ന അനുഭവം.

ഡോൺബോസ്കോയ്ക്കു് അന്നു് 69 വയസ്സാണു്. അസുഖം കലശലായ അദ്ദേഹത്തെ വൈദ്യശാസ്ത്രം കൈയൊഴിഞ്ഞു. ''ചെയ്യാവുന്നതിലേറെ കഠിനാദ്ധ്വാനം ചെയ്തതു്; സമ്പൂർണ്ണമായും തേയ്മാനംവന്നതു്'' — ഇതാണു് അദ്ദേഹത്തിന്റെ തകരാറെന്നു ഡോക്ടർമാർ വിധിച്ചു. അവർ നിർദ്ദേശിച്ച ഏക പ്രതിവിധി ഡോൺബോസ്കോയ്ക്കു ചിന്തിക്കാൻകൂടി വയ്യാത്ത കാര്യമാണു് — സമ്പൂർണ്ണവിശ്രമം! പക്ഷെ, അതുകൊണ്ടൊന്നും അസുഖം ഭേദമാകുമെന്നു ധരിക്കേണ്ട; കുറച്ചുകാലംകൂടി ആയുസ്സു നീട്ടിയെടുക്കാമെന്നുമാത്രം.

ഡോൺബോസ്കോ തറപ്പിച്ചുപറഞ്ഞു ''എനിക്കൊരിക്കലും പറ്റാത്ത പ്രതിവിധിയാണു ഡോക്ടർമാർ നിർദ്ദേശിച്ചിരിക്കുന്നതു്.'' ഫ്രാൻസിലേയ്ക്കും സ്പെയിനിലേയ്ക്കുമുള്ള യാത്രകളുടെ സമയമായിരുന്നു അതു്. ഈ യാത്രകളായിരുന്നു അദ്ദേഹത്തെ തീർത്തും അവശനാക്കിയതെന്നു പറയാം.

അന്നുതൊട്ടു് അദ്ദേഹത്തിന്റെ ആരോഗ്യം അനുദിനം ക്ഷയിക്കുകയായിരുന്നു.

1887 മെയ് 16—ാംതീയതി ഡോൺ ബോസ്കോ റോമിലെ തിരുഹൃദയത്തിന്റെ ദേവാലയത്തിൽ ദിവ്യപൂജ അപ്പിച്ചവ സാനിപ്പിച്ചതു് ഒരു കണക്കിനായിരുന്നു.

ആ വർഷം ഡിസംബർ 3 നു് ടൂറി നിലായിരിക്കെ, ദിവ്യപൂജയർപ്പിക്കാൻ വയ്യാത്ത പതനത്തിലെത്തിയിരുന്ന വി ശുദ്ധൻ.

ഡിസംബർ 7—ാംതീയതി മോൺ. കളിയേരോയുടെ അഭിവാദനം ഡോൺ ബോസ്കോയെ വല്ലാതെ ആഹ്ലാദിപ്പിക്കു ന്നതായി തോന്നി.

ദക്ഷിണ അമേരിക്കയിലെ മിഷൻ പ്രദേശത്തുനിന്നു് തരപ്പെട്ടു് എത്തിയ താണദ്ദേഹം. ''ഡോൺബോസ്കോയുടെ അടുത്തേയ്ക്കു പോകൂ, അദ്ദേഹം മരിക്കുക യാണു്'' എന്നൊരു അശരീരികേട്ട പാ ഞ്ഞെത്തിയതാണു മോൺസിഞ്ഞോർ.

ഡിസംബർ 8. സഹപ്രവർത്തകരു മൊത്തു് ഊട്ടുമുറിയിലെ അവസാന അ ത്താഴം അന്നായിരുന്നു.

ഡിസംബർ 9—ാംതീയതി ഒരു വ ണ്ടിയിൽ അദ്ദേഹം പുറത്തിറങ്ങി; അത്ത രത്തിലുള്ള അവസാനയാത്ര.

ആ വർഷം ലിയോ പതിമൂന്നാമൻ മാപ്പാപ്പായുടെ ജൂബിലിയാണു്. വിവിധ പ്രദേശങ്ങളിൽനിന്നെത്തുന്ന സന്ദർശകരെ സ്വീകരിക്കുന്ന ചുമതല ഡോൺബോ സ്കോയ്ക്കാണു്. എന്നാൽ ആ 23—ാംതീയ തിമുതൽ അദ്ദേഹത്തിനു് അതു വയ്യാതാ യി.

എന്നാലും ഡോൺബോസ്കോ കുമ്പ സാരം കേൾക്കുമായിരുന്നു. ഡിസംബർ 27—ാംതീയതി, തീർത്ഥം പരിക്ഷീണനാ യിരുന്നിട്ടും, ഒരു സംഘം യുവാക്കളുടെ കുമ്പസാരം വിശുദ്ധൻ കേട്ടു—അവസാന ത്തെ പാപസങ്കീർത്തനദൗത്യം.

ഡോൺബോസ്കോ മരണാസന്നനാ യിരിക്കുന്നു എന്നു് എല്ലാവർക്കുമറിയാം. ലോകമെമ്പാടും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥനകളും നടന്നു. സലേഷ്യൻ സഭാം ഗങ്ങളും അവരുടെ വ്രതങ്ങളും പുതുക്കി. ത്യാഗങ്ങളും അനുഷ്ഠിച്ചു. ദിവ്യകാരുണ്യ നാഥന്റെ മുന്നിൽ അവർ രാപകൽ കഴി ച്ചുകൂട്ടി. ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിൽനിന്നു് വിശ്വാസികളുടെ അന്വേ ഷണങ്ങളും ടെലിഗ്രാമായി ഓറട്ടറിയിൽ എത്തിക്കൊണ്ടിരുന്നു. പക്ഷേ, ഡോൺ ബോസ്കോ അപ്പോഴും പ്രശാന്തത പ്രകടി പ്പിച്ചു. ''ഞാൻ ഒന്നിനേയും ഭയപ്പെടുന്നി ല്ലെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? ഞാനിതാ ഒരുങ്ങിക്കഴിഞ്ഞു. പലരും എനിക്കു സു ഖമുണ്ടാവാൻ പ്രാർത്ഥിക്കുന്നു. പക്ഷേ, അ തു വെറുതെയാണു്. ഞാനിതാ നിത്യത യിലേയ്ക്കു പ്രവേശിക്കുകയാണു്. എന്റെ മക്കൾക്കായി ഭൂമിയിൽ ഒന്നും ചെയ്യാൻ ഇനി എനിക്കാവില്ല. അവരെ സഹായി ക്കാൻ ഞാനിതാ സ്വർഗ്ഗത്തിലേക്കു പോവു കയായി....''

ശരീരമാസകലം തളർച്ച ബാധിച്ചു കഴിഞ്ഞു.

ഡിസംബർ 24—ാംതീയതി മോൺ. കളിയേരോ രോഗീലേപനംനല്കി. അടു ത്തദിവസം പരിശുദ്ധ പിതാവിന്റെ ശ്ലൈഹികാശീർവ്വാദമെത്തി.

രോഗിയുടെ നില അല്പമൊന്നു മെച്ച പ്പെട്ടു. തമാശപറയാനുള്ള കഴിവു ഡോൺ ബോസ്കോ വീണ്ടെടുത്തു. സ്വന്തം അവശ തയെക്കുറിച്ചവരെ അദ്ദേഹം തമാശപറ ഞ്ഞു ചിരിപ്പിച്ചു.

ഇടയ്ക്കദ്ദേഹം പറയും: ''എന്റെ മക്ക ളേ, നിങ്ങളെ ഉപേക്ഷിച്ചുപോകണമല്ലോ എന്നതുമാത്രമാണെന്റെ ഖേദം.''

ഒരുകാര്യത്തിൽ ഡോൺബോസ്കോ അസ്വസ്ഥനായിരുന്നു. ദരിദ്രനായി, തീ ർത്തും ദരിദ്രനായി മരിക്കണമെന്നാണു് ഡോൺബോസ്കോയുടെ അഭിലാഷം. തന്റെ കൈവശമുണ്ടായിരുന്ന പണം മുഴ വൻ ഡോൺ റുവയെ ഏല്പിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: ''ദരിദ്രനായി എനി ക്കു മരിക്കണം. ഒരു ചില്ലിക്കാശുപോലും സ്വന്തമായില്ലാതെയാണു ഡോൺബോ സ്കോ മരിച്ചതെന്നു് എല്ലാവരും പറ യണം.'' അജയ്യമായ ആത്മവിശ്വാസവും ദൈവാശ്രയബോധവും കൂട്ടികളിൽ പക രുന്നതിൽനിന്നു വിശുദ്ധൻ ഒരിക്കലും പുറംതിരിഞ്ഞിട്ടില്ല. ''ഇന്നുവരെ നമു ക്കൊരു കോട്ടവും വന്നില്ലല്ലോ. നമുക്കൊ രു കുഴപ്പവും വരില്ല. മാതാവു നമ്മെ നയി ക്കാനുണ്ടു്''—അദ്ദേഹം പറയും.

ജനുവരി 29—ാംതീയതിയാണു ഡോൺ ബോസ്കോ ഏററവുമൊടുവിൽ വിശുദ്ധ കുർബാന സ്വീകരിക്കുന്നതു്. അന്നു വി ശുദ്ധ ഫ്രാൻസിസ് സാലസിന്റെ തിരു ന്നാളാണു്. ചുറും നിന്നവർ അതു പറ

ഞറിഞ്ഞപ്പോൾ വിശുദ്ധനു വലിയ സന്തോഷമുണ്ടായി.

അന്നു് അദ്ദേഹം തന്റെ സെക്രട്ടറിക്കു് ഇങ്ങനൊരു നിർദ്ദേശം നല്കി: ''എനിക്കു സംസാരിക്കാൻപോലും വയ്യാതെ കിടക്കുന്ന സന്ദർഭത്തിൽ എന്റെ ആശീർവ്വാദംതേടി ആരെങ്കിലും വന്നാൽ, അച്ചൻ എന്റെ കൈയെടുത്തു് ഉയത്തി, കുരിശടയാളം വരച്ചു് ആശീർവ്വചനങ്ങൾ ഉച്ചരിക്കണം. ഞാൻ മനസ്സിൽ ആ നിയോഗം വച്ചുകൊള്ളാം.''

വിശുദ്ധനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു. എന്നിട്ടും ആ അവസ്ഥയിലും നമ്മുടെ ദിവ്യനാഥനേറെയും പരിശുദ്ധകന്യകയുടേയും സ്വർഗ്ഗത്തിന്റെയും ഒക്കെ കാര്യം അദ്ദേഹം പറയും. ''മാതാവേ, മാതാവേ, നാളെ, നാളെ.....യേശുവേ, യേശുവേ, മറിയമേ, മറിയമേ....എന്റെ ഹൃദയവും എന്റെ ആത്മാവും ഞാൻ സമർപ്പിക്കുന്നു. അങ്ങേ കരങ്ങളിലേക്കു്, ഓ നാഥാ, എന്റെ ആത്മാവിനെ സമർപ്പിക്കുന്നു. എന്റെ അമ്മേ, എനിക്കായി സ്വർഗ്ഗത്തിന്റെ കവാടം തുറന്നാലും,....അദ്ദേഹം പിന്നെയും പ്രാർത്ഥിക്കും: ''അവിടുത്തെ തിരുവിഷ്ടംപോലെ'' എന്നു് ആവർത്തിക്കും.

പക്ഷവാതം അദ്ദേഹത്തെ വിവശനാക്കിക്കൊണ്ടിരുന്നു. പക്ഷേ, അദ്ദേഹം അതേപ്പറ്റി ഒരിക്കലും പരാതിപ്പെട്ടിട്ടില്ല. ഇപ്പോഴദ്ദേഹം സംസാരിക്കാറില്ല. പക്ഷേ, ഇടയ്ക്കിടെ ഇടതുകൈ ഉയർത്തും. മരണം അതാ സമാഗതമാവുകയാണു്.... മരണക്കിടക്കയിലേയ്ക്കു ഡോൺബൂവ എല്ലാവരേയും വിളിച്ചുകൂട്ടി. അവരദ്ദേഹത്തെ സ്നേഹംകൊണ്ടു മൂടുകയായിരുന്നു. അവർ കട്ടിലിൽ വീണു് അദ്ദേഹത്തിന്റെ കരങ്ങളിൽ അന്ത്യചുംബനമർപ്പിച്ചു.

1988 ജനുവരി 31—ന്റെ പ്രഭാതം പൊട്ടിവിടരുമ്പോൾ, ഡോൺബോസ്കോ മരണപ്രമാദത്തിലായിരുന്നു. ദുഃഖാകുലരായ കുടുംബാംഗങ്ങൾക്കു് അന്തിമാശീർവ്വാദം നൽകുവാനായി വിശുദ്ധന്റെ കരം മോൺ. കളിയേരോ എടുത്തുയത്തി. മൂന്നു മണിയോടെ അവസാനത്തെ ശ്വൈഹികാശീർവ്വാദവുമെത്തി. ഉഷ:കാലജപത്തിനുള്ള മണിമുഴങ്ങി. അവസാനത്തെ മാറെറാലിയും അലിഞ്ഞുമരുമ്പോൾ, നിത്യസമ്മാനത്തിനായി ഡോൺബോസ്കോയുടെ പാവനാത്മാവു് സ്വർഗ്ഗത്തിലേയ്ക്കു പറന്നുയരുകയായിരുന്നു. രാവിലെ 4. 4 ആയിരുന്നു അപ്പോൾ.

വാർത്ത പരന്നതോടെ നഗരം മുഴുവൻ ഓറട്ടറിയിലേക്കു വരികയായിരുന്നു....

ഡോൺബോസ്കോയുടെ പൂജ്യശരീരം സെൻറു് ഫ്രാൻസിസ് സാലസ് പള്ളിയിലേക്കു് മാറ്റപ്പെട്ടു. വൈദികവസ്ത്രമണിയിച്ച ചാരുകസേരയിലിരുത്തിയ വിശുദ്ധന്റെ കൈകളിൽ കുരിശുരൂപം പിടിപ്പിച്ചിരുന്നു. അദ്ദേഹം ഗാഢനിദ്രയിലാണെന്നേ ആർക്കും തോന്നുമായിരുന്നുള്ളൂ.

നേരം പുലരുന്നതോടുകൂടി ആംഗ്ലേയരും വദ്ധിച്ചുവന്നു. സമൂഹത്തിന്റെ എല്ലാവിഭാഗത്തിലുംപെട്ടവർ മൃതദേഹത്തിനുചുറ്റും ഭക്ത്യാദരങ്ങളോടെ മന്ദം നീങ്ങി. അപ്പോൾ എണ്ണൂറു കുട്ടികൾ ദേവാലയത്തിൽ പ്രാർത്ഥനകളുതിർത്തുകൊണ്ടു നിന്നു. വിശുദ്ധന്റെ അവസാന വാക്കുകളിൽ ഡോൺ ഫ്രാൻചെസ്യാ സാക്ഷ്യപ്പെടുത്തുന്ന ഇതു് ആരെയാണു് ഇളക്കിമറിക്കാത്തതു്! — ''എന്റെ കുട്ടികളോടു പറയൂ, ഞാൻ അവരെയെല്ലാം കാത്തു് സ്വർഗ്ഗത്തിലിരിക്കുമെന്നു്!''

ഫെബ്രുവരി 2—ാംതീയതി വിശുദ്ധന്റെ ഭൗതികാവശിഷ്ടം വാൽസാലീസിലെ സലേഷ്യൻ കോളേജിലേക്കു് മാറ്റി. ആറാംതീയതി വിശുദ്ധന്റെ കബറിടം മൂടുവച്ചു. മൃതസംസ്കാരചടങ്ങുകളിൽ ഒരുലക്ഷം പേരെങ്കിലും പങ്കെടുത്തുകാണും.


നാല്പത്തിയൊന്നുവർഷം കബറിടം തുറക്കുകയുണ്ടായില്ല. 1927 ജൂൺ 7—ാംതീയതി പൂജ്യാവശിഷ്ടങ്ങൾ, ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ ബസിലിക്കയിൽ മറ്റു സലേഷ്യൻ സഭാംഗങ്ങൾ അന്ത്യവിശ്രമം കൊള്ളുന്നിടത്തേയ്ക്കു മാറ്റപ്പെട്ടു. ഇന്നോളം അതവിടെ സൂക്ഷിക്കുകയാണു്.

ഒരു നൂറാണ്ട് സഭയെ നയിച്ച ഡോൺബോസ്കോയുടെ പിൻഗാമികൾ

(1888—1988)

ഡോൺബോസ്കോ തന്റെ ആത്മീയമക്കൾക്കു നൽകിയ അന്ത്യോപദേശത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി, ''നിങ്ങളുടെ റെക്ടർ അന്തരിച്ചിരിക്കുന്നു. പക്ഷേ നിങ്ങൾക്ക് നേതൃത്വം നൽകുവാൻ വേറൊരു റെക്ടർ തെരഞ്ഞെടുക്കപ്പെട്ടും. എന്നെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തതുപോലെതന്നെ നിങ്ങൾ അദ്ദേഹത്തേയും അനുസരിക്കുകയും സ്നേഹിക്കുകയും വേണം.'' തന്റെ പിൻഗാമികളിലൂടെ സലേഷ്യൻ പ്രവർത്തനങ്ങൾ പടർന്നു പന്തലിക്കുമെന്ന ശുഭപ്രതീക്ഷയോടെയാണ് ഡോൺബോസ്കോ വിടപറഞ്ഞത്. സലേഷ്യൻസഭ പിന്നിട്ട കഴിഞ്ഞ നൂറുവർഷത്തിനിടയിൽ അദ്ദേഹത്തിനു പ്രഗത്ഭരായ പിൻഗാമികളുണ്ടായി. അവരുടെ നേതൃത്വത്തിൽ സഭ ഉത്തരോത്തരം പുരോഗമിക്കുകയായിരുന്നു. കർമ്മോത്സുകരായ ആ സഭാസാരഥികളെ ഓരോരുത്തരേയും നമുക്ക് പരിചയപ്പെടാം.

മൈക്കിൾ റൂവാ (1888–1910)



ഡോൺ മൈക്കിൾ റൂവാ നേതൃത്വം വഹിച്ച 22 വർഷങ്ങൾക്കിടയിൽ സഭയുടെ സ്ഥാപനങ്ങളുടെ എണ്ണം 62—ൽനിന്നും 359 ആയി ഉയർന്നു. അദ്ദേഹം പുതുതായി 28 പ്രോവിൻസുകൾക്ക് രൂപം കൊടുത്തു. സലേഷ്യൻ പ്രവർത്തനങ്ങൾ ഇറ്റലിയിൽനിന്നും ഇതര രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനു ഡോൺ റൂവാ സുപ്രധാനമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. സ്പിറിറ്റസർലാന്റ് (1889), കൊളംബിയ (1890), ആഫ്രിക്കാ, പാലസ്തീൻ (1891), മെക്സിക്കോ (1892), പോർച്ചുഗൽ, വെനിസുവേല, പെറു (1894), പോളണ്ട്, ഓസ്ട്രിയ, ട്യൂണിസ്, ബൊളീവിയ (1895), ഈജിപ്റ്റ്, പരാഗ്വേ, അമേരിക്ക (1899), ടർക്കി, മാൾട്ട, ഇൻഡ്യ, മക്കാവോ (1906) എന്നിവിടങ്ങളിൽ സലേഷ്യൻ സ്ഥാപനങ്ങൾ തുറന്നതു ഡോൺ റൂവായാണ്.

പോൾ ആൽബര (1910–1921)



ഒന്നാം ലോകമഹായുദ്ധകാലത്തായിരുന്ന ബഹു. പോൾ ആൽബര സലേഷ്യൻ സഭയുടെ നേതൃത്വം ഏറെറടുത്തതു്. യുദ്ധത്തിൻെറ പരിമിതികളുണ്ടായിട്ടും അദ്ദേഹം പുതുതായി 89 സ്ഥാപനങ്ങൾ ആരംഭിച്ചു. അദ്ദേഹത്തിൻെറ കാലത്തു് പുതിയതായി 2 പ്രോവിൻസുകൾകൂടി ഉണ്ടായി. നികരാഗ്വ, ക്യൂബ, അയർലണ്ടു്, ബ്രസീൽ, ആസ്സാം എന്നിവിടങ്ങളിൽ സലേഷ്യൻ സഭയ്ക്കു് വേരുകൾ പാകിയതു് ആൽബരയാണു്. യൂറോപ്പിൽ നിന്നും 345 സലേഷ്യൻ മിഷനറിമാർ ഇക്കാലത്തു് ഇതരഭൂഖണ്ഡങ്ങളിലേയ്ക്കു് സേവനത്തിനായിയാത്രതിരിക്കുകയുണ്ടായി.

ഫിലിപ്പ് റിനാൾഡി (1922–31)



ഫിലിപ്പ് റിനാൾഡി 198 പുതിയ സമൂഹങ്ങൾക്കു് രൂപംനൽകി. ഇവയിൽ മുപ്പത്തെണ്ണം ഇറ്റലിയിലും, ഇരുപത്തെണ്ണം അർജൻറീനയിലും, പതിനാറെണ്ണം ബ്രസീലിലുമായിരുന്നു. വിദേശമിഷനുകളുടെ എണ്ണവും ഇക്കാലത്തു് വർദ്ധിക്കുകയുണ്ടായി. ഇന്ത്യയിൽ കൃഷ്ണഗാറിലെ രൂപത, മദ്രാസ് അതിരൂപത എന്നിവ ജന്മം കൊണ്ടതു് ഡോൺ റിനാൾഡിയുടെ കാലത്തായിരുന്നു. 1600 മിഷനറിമാരെ അദ്ദേഹം വിവിധ രാജ്യങ്ങളിലേക്കു് അയച്ചു.

പീറർ റിക്കൽഡോണെ (1932–51)




1933–നും 1942–നും ഇടയ്ക്കായി അദ്ദേഹം 210 പുതിയ സ്ഥാപനങ്ങൾ തുടങ്ങി. വത്തിക്കാനിലെ പോളിഗ്ലോട്ട് പ്രസ്സിന്റെ ഉത്തരവാദിത്വം, ഒസ്സർവത്തോരെ റൊമാനോ (വത്തിക്കാൻ പേപ്പർ) അച്ചടിക്കുന്ന ചുമതല, കൊള്ളെ ഡോൺബോസ്കോ(സലേഷ്യൻപ്രസ്സ്) എന്നിവ ഇവയിൽ പ്രത്യേകം എടുത്തു പറയേണ്ടവയാണ്. രണ്ടാം ലോകമഹായുദ്ധകാലത്തു് 79 സലേഷ്യൻ ഭവനങ്ങൾ തകർക്കപ്പെടുകയും 115 ഭവനങ്ങൾക്കു് കാര്യമായ നാശനഷ്ടങ്ങൾ സംഭവിക്കുകയുമുണ്ടായി. ഇവയുടെ പുനർനിർമ്മിതിയുടെ ഉത്തരവാദിത്വമുണ്ടായിരുന്നിട്ടും പുതുതായി 425 സ്ഥാപനങ്ങൾ തുടങ്ങുവാൻ അദ്ദേഹത്തിനു് കഴിഞ്ഞു. ഇതോടെ ആകെയുള്ള സലേഷ്യൻ സ്ഥാപനങ്ങളുടെ എണ്ണം 1071 ആയി ഉയർന്നു. 2500 മിഷനറിമാർ വിവിധ രാജ്യങ്ങളിലേക്കു് പുറപ്പെട്ടു. ആകെ സലേഷ്യൻ സഭാംഗങ്ങളുടെ എണ്ണം 16,364 ആയി ഉയർന്നു.

റിനാറോ സിജ്ജിയോത്തി (1952–1965)




മുൻപെങ്ങുമില്ലാതിരുന്നവിധത്തിൽ സലേഷ്യൻ സഭാംഗങ്ങളുടെ എണ്ണം വർദ്ധിച്ചതിനു് സാക്ഷിയായിരുന്നു റിനാറോ സിജ്ജിയോത്തി. 1965–ൽ അദ്ദേഹം റിട്ടയർചെയ്യുമ്പോൾ സലേഷ്യൻ സഭയ്ക്കു് 22383 അംഗങ്ങൾ ഉണ്ടായിരുന്നു. സഭയെ ഏല്പിച്ചിരുന്ന 15 മിഷൻ മേഖലകളിൽ പ്രവർത്തിക്കുന്നതിനായി 1600 മിഷനറിമാർ പുറപ്പെട്ടു. ഏഷ്യയിലും, ദക്ഷിണ അമേരിക്കയിലുമായി 654000–ത്തോളം കത്തോലിക്കർ സലേഷ്യൻസഭയുടെ ചുമതലയിൽ ഉണ്ടായിരുന്നു.

അലോഷ്യസ് റിച്ചേരി (1965–1977)




രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുണ്ടായ പ്രതിസന്ധിഘട്ടത്തിലാണ് അദ്ദേഹം റെക്ടർ മേജറാകുന്നത്. ഇക്കാലത്തു് സലേഷ്യൻ സഭാംഗങ്ങളുടെ എണ്ണം 16922 ആയി കുറഞ്ഞു.

എജീഡിയോ വിഗനോ (1977–)



ഫാ. എജീഡിയോ വിഗനോ ആണ് ഇന്നു് സലേഷ്യൻസഭയെ നയിച്ചു കൊണ്ടിരിക്കുന്നതു്. ആഫ്രിക്കൻ വൻകരയിൽ ഡോൺബോസ്കോയുടെ സന്ദേശമെത്തിക്കുവാനുള്ള ധീരമായ നീക്കങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ടു്. 1983 ൽ സലേഷ്യൻ സഭാംഗങ്ങളുടെ എണ്ണം 16747 ആയിരുന്നു.

സുപ്പീരിയർ കൗൺസിലിലെ ഏഷ്യൻ പ്രതിനിധി



റവ. ഫാ. തോമസ് പനക്കേഴം

സലേഷ്യൻ സഭയെ കാര്യക്ഷമതയോടെ നയിക്കുന്നതിൽ റെക്ടർ മേജറെ സഹായിക്കുവാൻ, ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും പ്രതിനിധികളെ തെരഞ്ഞെടുത്തിട്ടുണ്ടു്. ഈ പ്രതിനിധികളുടെ സംഘത്തെ സുപ്പീരിയർ കൗൺസിൽ എന്നു് വിളിക്കുന്നു. 1977 മുതൽ ഏഷ്യൻ മേഖലയുടെ പ്രതിനിധിയായി സേവനമനുഷ്ഠിക്കുന്ന ഫാ. തോമസ് പനക്കേഴം.

വിശുദ്ധി സലേഷ്യൻ കുടുംബത്തിൽ

വിശുദ്ധർ മരണശേഷം മാത്രമല്ല, ജീവിച്ചിരിക്കുന്ന കാലത്തും വിശുദ്ധിയിൽ തഴച്ചു വളരുകതന്നെ ചെയ്യും. മറ്റു വിശുദ്ധരെ വാത്തെടുത്ത ഡോൺബോസ്കോയുടെ കഥയും അങ്ങനെതന്നെ. സലേഷ്യൻ ആദർശങ്ങളാൽ പ്രചോദിതരായി വിശുദ്ധ പദങ്ങളിൽ എത്തിച്ചേർന്ന ചിലരെ സന്തോഷപൂർവ്വം പരിചയപ്പെടുത്തട്ടെ.

ഡോൺബോസ്കോ
(1815–1888)

സലേഷ്യൻസഭ, ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ പുത്രിമാർ, സലേഷ്യൻ സഹകാരികൾ എന്നിവയുടെ സ്ഥാപകൻ.

വി. മേരി ഡൊമിനിക് മസ്സറെല്ലൊ
(1837–1881)

ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ പുത്രിമാർ എന്ന സന്യാസിനി സംഘത്തിന്റെ സഹസ്ഥാപകയും പ്രഥമ സുപ്പീരിയർ ജനറലും. ഡോൺ ബോസ്കോയിൽ നിന്ന് പ്രചോദനം സ്വീകരിച്ചുകൊണ്ട്, അദ്ദേഹം ആൺകുട്ടികൾക്കുവേണ്ടി സേവനം അനുഷ്ഠിച്ചതുപോലെ ഇവർ പെൺകുട്ടികൾക്കുവേണ്ടിയും അതിശയനീയമായ പ്രേഷിതവേലകൾ ചെയ്തു.

വി. ഡൊമിനിക് സാവ്യോ
(1842–1853)

മനുഷ്യസ്നേഹവും ദൈവദാനവുംകൊണ്ട് ഒരു യുവാവിന് എന്തുതന്നെ നേടാനാവില്ല എന്നതിന്റെ അത്യുത്തുത നിദർശനമാണ് ഈ കൊച്ചുവിശുദ്ധൻ.

വാഴ്ത്തപ്പെട്ട ഫാ. മൈക്കിൾ റുവാ
(1837–1910)

ഡോൺ ബോസ്കോയുടെ പ്രഥമ പിൻഗാമിയാണ് ഈ ടൂറിൻകാരൻ. ഡോൺബോസ്കോ ഇദ്ദേഹത്തെ കുട്ടിക്കാലത്തുതന്നെ കണ്ടെത്തി. ''ഡോൺ ബോസ്കോയുടെ ജീവിക്കുന്ന തിരുശേഷിപ്പ്'' എന്നദ്ദേഹം അറിയപ്പെട്ടിരുന്നു.

വാഴ്ത്തപ്പെട്ട ഫാ. ആൻഡ്രൂ ബെത്തറാമി (1870–1897)

ഒമേഗ്നായിൽ ജനിച്ച ഇദ്ദേഹം വൈദികപട്ടം ഏല്ക്കുന്നതിനു തൊട്ടുമുൻപു കഠിനമായ ഒരു രോഗത്തിനടിമയായി. പ്രാർത്ഥിക്കുകയും സഹിക്കുകയും ചെയ്യുക എന്നതായിരിക്കാം അദ്ദേഹത്തിൽനിന്നും ദൈവം പ്രതീക്ഷിച്ച പ്രേഷിത ദൗത്യം.

വാഴ്ത്തപ്പെട്ട അഗസ്റ്റസ് സാർത്തോറിസ്കി (1858–1893)

ഫ്രാൻസിലെ അതിശ്രേഷ്ഠമായ ഒരു പോളിഷ് കുടുംബത്തിൽ ജനിച്ച അദ്ദേഹം ഭൗതികമായ സുഖഭോഗങ്ങൾ ഉപേക്ഷിച്ച് ഡോൺബോസ്കോയുടെ ആത്മീയപുത്രന്മാരോടൊപ്പം ജീവിക്കുകയും പുണ്യപൂർണ്ണതയിലേക്ക് ഉയരുകയും ചെയ്തു.

വാഴ്ത്തപ്പെട്ട ഫാ. കലിസ്റ്റസ് കരവാറിയോ (1903–1930)

കോർഗനയിൽ ജനിച്ച ഇദ്ദേഹം ഒരു വൈദികവിദ്യാർത്ഥിയായിരിക്കേ ചൈനയിലേക്കു പോകേണ്ടിവന്നു. 1930 ഫെബ്രുവരി 25–ാം തീയതി ബോൾഷെവിക് കടൽകൊള്ളക്കാരാൽ കൊല്ലപ്പെട്ടു.

വാഴ്ത്തപ്പെട്ട മോൺ. ലൂയീസ് വെർസീലിയാ (1873–1930)

1906–ൽ സലേഷ്യൻ മിഷനറിസംഘത്തിന്റെ നേതാവ്. ഷിയുചൗവിലെ വികാർ അപ്പസ്തോലിക് (1920) ബോൾഷെവിക് കടൽകൊള്ളക്കാരാൽ വധിക്കപ്പെട്ടു.

വാഴ്ത്തപ്പെട്ട സെഫിരിനൂസ് നാമൻക്വേരാ (1886–1905)

പോർട്ടുഗോണിയായിലെ ചിംപെയിൽ ഒരു പ്രഭുവിന്റെ പുത്രനായി ജനിച്ച ഇദ്ദേഹം ''രണ്ടാം ഡൊമിനിക്ക് സാവ്യോ'' എന്നു വിളിക്കപ്പെട്ടു. 18–ാം വയസ്സിൽ അന്തരിച്ചു.

ദൈവദാസനായ ഫാ. ഫിലിപ്പ് റിനാൾഡി (1856–1931)

ഡോൺ ബോസ്കോയുടെ മൂന്നാമത്തെ പിൻഗാമിയായ ഇദ്ദേഹം ലൂമോൺ ഫെറാറോയിൽ ജനിച്ചു. തികച്ചും അതിഭൗതികമായ ഒരു പിതൃഭാവവും ഉയർന്ന ബുദ്ധിശക്തിയും പക്വതയും ഇദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

ദൈവദാസനായ ഫാ. മെർട്ടിൻസ് (1861–1920)

ബൽജിയത്തിലെ ബ്രസ്സൽസിൽ ജനിച്ചു. അവിടത്തെ പ്രേഷിതയത്നത്തിനിടയിൽ സ്വയം ബലിയായിത്തീർന്ന പുണ്യചരിതനാണിദ്ദേഹം.

ദൈവദാസിയായ സി. മാദലൈൻ മൊറാനോ (1847–1908)

കിയേരിയിൽ ജനിച്ച ഇവരെപ്പറ്റി കർദ്ദിനാൾ ഡൂസ്മെറ് പറയുമായിരുന്നു. അറിയപ്പെട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഊർജ്ജസ്വലയും കർമ്മോന്മുഖയും എന്തിനും കൊള്ളിക്കാവുന്നവളും ഭക്തയുമാണവർ.'' എതിരാളികളെപ്പോലും നന്മകൊണ്ട് ഇവർ കീഴ്പ്പെടുത്തിയിരുന്നു.

ദൈവദാസിയായ സി. ട്രീസാ വാൽസൈ പന്തെല്ലീനി (1878–1907)

മിലാൻകാരിയായ ഇവർ ഏല്പിക്കപ്പെടുന്ന ജോലികളെല്ലാം അങ്ങേയറ്റം കൃത്യനിഷ്ഠയോടെ ചെയ്തു തീർത്തിരുന്നു. നിരന്തരമായ പ്രാർത്ഥനാതൃപിയോടെ ദൈവത്തിനു സ്വയം അപ്പിച്ച വനിത.

ദൈവദാസിയായ മാഡംഡൊറോത്തി ഡി ചോപ്പിത്തിയാ (1816–1891)

സാന്തിയാഗോയിൽ ജനിച്ച സലേഷ്യൻ സഹകാരി. വലിയൊരു ഉണകാംക്ഷിയും 'സ്പെയിനിലെ സലേഷ്യൻ പ്രവർത്തനങ്ങളുടെ മാതാവ്'' എന്നറിയപ്പെട്ടവരുമായിരുന്നു.

ദൈവദാസിയായ ലോറാ വിക്കൂനാ (1891–1904)

സാന്തിയാഗോക്കാരി– സലേഷ്യൻ സഹോദരിമാരുടെ വിദ്യാർത്ഥിനി. ലില്ലിപുഷ്പത്തിന്റെ വിശുദ്ധി അവരെ രക്തസാക്ഷിയാക്കി.

ദൈവദാസനായ മോൺ. ലൂയിസ് എം. ഒലിവാരെസ് (1873–1943)

1876 ഏപ്രിൽ 4–ാം തീയതി വൈദിക പട്ടമേറ്റു. 1904–ൽ സലേഷ്യൻ സഭയിൽ ചേർന്നു. റോമിൽ മരിയ ലിബെരാട്രീസിൽ വികാരിയായി. 27 കൊല്ലം കഴിഞ്ഞു സൂടി, നെപ്പി എന്നിവിടങ്ങളിൽ മെത്രാനായി.

ദൈവദാസനായ ഫാ. ലൂയിസ് വരിയാര (1875–1923)

വിയാരിഗിയിൽ ജനിച്ചു. കൊളംബിയായിലെ അകപാഡെയോസിൽ കുഷ്ഠരോഗികൾക്കുവേണ്ടി 30 വർഷത്തോളം സേവനം ചെയ്തു. 1905–ൽ യേശുവിന്റെ തിരുഹൃദയത്തിന്റെയും മറിയത്തിന്റെ വിമലഹൃദയത്തിന്റെയും പുത്രന്മാർ എന്ന സന്യാസിനീസമൂഹം സ്ഥാപിച്ചു.

ദൈവദാസനായ ഫാ. റൂഡോൾഫ് കോർമൊറെക്കു(1890–1949)

പോളണ്ടിലെ ബിയേൽ സ്ലോയിൽ ജനിച്ചു 1913–ൽ വൈദിക പട്ടമേറ്റു. ഒരു മിഷനറിയാവാൻ സലേഷ്യൻ സഭാംഗമായി. ബ്രസീലിലേക്കു നാടുകടത്തപ്പെട്ട പോളീഷുകാർക്കിടയിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.


ദൈവദാസനായ ഫാ. ജോസഫ് കല്ലസാൻസ് (1872–1936)

സ്പെയിനിലെ അസ്റ്റൂന്യയിയാണു ജന്മനാട്. ബാർസെലോണാ പ്രോവിൻസുകാരൻ. ബോംഷെവിക്കുകാരായ വിരോധികളും രക്തസാക്ഷിയാക്കി.

ദൈവദാസനായ അല്മായ സഹോദരൻ സൈമൺ സ്രൂഗി (1878–1943)


പാലസ്തീനിലെ ഒരു സലേഷ്യൻ കാർഷിക സ്കൂളിലെ പാചകക്കാരനും തുന്നൽക്കാരനും വൃദ്ധജന പരിചാരകനുമായിരുന്നു സ്രൂഗി.

യുവസുഹൃത്തു്, യുവലോകത്തിൽ....



St. JOHN BOSCO (1815-1888)

SALESIAN AFRICA 1988



• = CONFRERES * = WORKS

SDB + FMA

	PERSONNEL	WORKS	COUNTRIES
SDB	597	113	31
FMA	255	39	18

ഇന്ത്യയിൽ സലേഷ്യൻ പ്രവർത്തനങ്ങളുടെ ഉത്ഭവവും വളർച്ചയും

സുദീർഘമായ ചർച്ചകൾക്കു ശേഷം 1876–ൽ ഭാരതത്തിലെ 12 മിഷൻ പ്രവിശ്യകളുടെ ഭരണച്ചുമതല ഏറെറടുക്കുവാൻ ഒമ്പതാം പീയൂസ് മാർപാപ്പ ഡോൺബോസ്കോയോടു് ആവശ്യപ്പെട്ടു. ഈ പ്രവിശ്യകളിലെ പ്രവർത്തനങ്ങൾ പ്രേഷിതരുടെ അഭാവംമൂലം സ്തംഭനാവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരുന്ന ഒരു സന്ദർഭമായിരുന്നു അതു്. ഇത്രയും ബൃഹത്തായ ഒരു പരിപാടി ഏറെറടുക്കുവാൻ ഡോൺബോസ്കോയ്ക്കു് ആദ്യം താല്പര്യമുണ്ടായിരുന്നില്ല. ഇറലിയിലെ സലേഷ്യൻ സ്ഥാപനങ്ങളിൽത്തന്നെ ആവശ്യത്തിനു് സ്റ്റാഫ് ഇല്ലാതെ വിഷമിക്കുകയായിരുന്ന ഡോൺബോസ്കോ. ഒരു പ്രവിശ്യയെങ്കിലും ഏറെറടുക്കണം എന്ന പരിശുദ്ധ പിതാവിന്റെ നിർബന്ധത്തിനു് ഡോൺബോസ്കോ അവസാനം വഴങ്ങി. വേണ്ടത്ര തയ്യാറെടുപ്പു് നടത്തുന്നതിനു് 20 മാസത്തെ സാവകാശം വേണമെന്നും ഡോൺബോസ്കോ ആവശ്യപ്പെട്ടു. അങ്ങനെ 1876 ജൂൺ 4–ാം തീയതി ഡോൺബോസ്കോ ഇന്ത്യയിലേക്കു് മിഷനറിമാരെ അയയ്ക്കുവാനുള്ള തന്റെ ഉദ്ദേശം തന്റെ അനുയായികളോടു് വെളിപ്പെടുത്തി. ഇന്ത്യയിലേക്കു് പോകുവാനുദ്ദേശിക്കുന്നവരോടു് തയ്യാറായിക്കൊള്ളുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. 1877–ൽ ഫാ. ജോൺ കളിയേരോയ്ക്കു് എഴുതിയ ഒരു കത്തിൽ മെംഗഡോരി (മാംഗളൂർ) ലെ ഇടവക ഏറെറടുക്കുന്നതിനെക്കുറിച്ചു് പ്രസ്താവിച്ചിട്ടുണ്ടു്. 1886–ൽ ബാർസലോനയിൽ വച്ചുണ്ടായ മിഷനറി സ്വപ്നത്തിലെ രേഖയിൽ ഇന്ത്യയിൽ തനിക്കുണ്ടാകുവാൻ പോകുന്ന സ്ഥാപനങ്ങളും അദ്ദേഹം കണ്ടിരുന്നു. (ദക്ഷിണ അമേരിക്കയിലെ വാൽപാരായിസോ മുതൽ ചൈനയിലെ പെക്കിങ്ങ് വരെ തനിക്കുണ്ടാകാൻ പോകുന്ന സലേഷ്യൻ സ്ഥാപനങ്ങളെ ബന്ധിച്ചുകൊണ്ടാണു് ആ രേഖ കടന്നുപോകുന്നതു്.) 1888–ൽ ഡോൺബോസ്കോ മരിക്കുന്നതുവരെ ഈ സ്വപ്നം സാക്ഷാത്കൃതമായിട്ടില്ലായിരുന്നു.

1896–ൽ മൈലാപ്പൂരിലെ മെത്രാനായിരുന്ന മോൺ. അൻറോണിയോ ഡിസൂസ സലേഷ്യൻ മിഷനറിമാരെ തന്റെ രൂപതയിലേക്കു സ്വാഗതം ചെയ്തുകൊണ്ടു് ഡോൺബോസ്കോയുടെ പിൻഗാമിയായി വന്ന ഡോൺ റൂവാസ്സു് ഒരു കത്തയയ്ക്കുകയുണ്ടായി. അൻറോണിയോ ഡിസൂസയുടെ പിൻഗാമിയായി വന്ന മെത്രാൻ തെയ്യത്തോണിയോ റിബേരോ വിയേയിരയും ഈ ക്ഷണം ആവർത്തിക്കുകയുണ്ടായി. ഡോൺബോസ്കോയെ നേരിട്ടു് പരിചയമുണ്ടായിരുന്ന വ്യക്തിയായിരുന്നു തെയ്യത്തോണിയോ റിബേരോ. 1885–ൽ റോമിൽ ഒരു വിദ്യാർത്ഥിയായിരിക്കേ ഡോൺബോസ്കോ അദ്ദേഹത്തെ തലയിൽ കൈവച്ചു് അനുഗ്രഹിക്കുകയുണ്ടായി. ഈ വിവരം അദ്ദേഹം തന്നെ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''എന്റെ ശിരസ്സിൽ കരങ്ങൾ വെച്ചുകൊണ്ടു്, നിന്റെ പ്രവർത്തനങ്ങളെ ഞാൻ അനുഗ്രഹിക്കുന്നു എന്നു പറഞ്ഞു.'' അവസാനം ഫാ. ജോർജ്ജു് തൊമാത്തിസിന്റെ കീഴിൽ ആറുപേർ അടങ്ങുന്ന ഒരു സലേഷ്യൻ സംഘം 1906 ജനുവരി 6–ാം തീയതി ബോംബെയിൽ വന്നിറങ്ങി. ആ മാസംതന്നെ 14–ാം തീയതി അവർ തമിഴ്നാട്ടിലെ തഞ്ചാവൂരിലെത്തി. വളരെ ഊഷ്മളമായ സ്വീകരണമാണു് തഞ്ചാവൂർ അവർക്കു് നൽകിയതു്. അനാഥരായ കുട്ടികളെ സംരക്ഷിക്കുന്ന ചുമതലയാണു് ഈ മിഷനറിമാർ ആദ്യമായി തഞ്ചാവൂരിൽ ഏറെറടുത്തതു്. ഈ പ്രവർത്തനം കാലക്രമേണ വളർന്നു് 1928 ആയതോടെ എണ്ണൂറോളം നിരാലംബരായ യുവാക്കൾക്കു് സംരക്ഷണവും വിദ്യാഭ്യാസവും നൽകുന്ന ഒരു പ്രസ്ഥാനമായി വളർന്നു. 1928–ൽ സലേഷ്യൻസിനു് തഞ്ചാവൂർ വിട്ടുപോകേണ്ടതായിവന്നു.

ഈ അവസരത്തിൽ അലഹബാദിൽ ചേർന്ന വടക്കേ ഇന്ത്യയിലെ മെത്രാന്മാരുടെ യോഗം ആസ്സാം മേഖലയെ വേർ

പെട്ടത്തി, അതിനെ ഒരു പ്രത്യേക യൂണിറ്റാക്കി ഏതെങ്കിലും ഒരു സന്യാസസഭയെ ഏല്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. 1889–ൽ അവർ ഔപചാരികമായി ഈ ആവശ്യം അന്നത്തെ മാർപാപ്പയായിരുന്ന ലിയോ പതിമൂന്നാമന്റെ മുമ്പിൽ ഉന്നയിച്ചു. ഇങ്ങനെയാണ് 1890–ൽ സാൽവത്തോരിയൻ മിഷനറിമാർ ഷില്ലോംഗിൽ എത്തുന്നതു്. അവരോടൊപ്പം ആസ്സാമിലെ മിഷൻപ്രവർത്തനം ഏറ്റെടുക്കുവാൻ വത്തിക്കാൻ റെക്ടർ മേജറോട് ആവശ്യപ്പെടുകയുണ്ടായി. പരിശുദ്ധ സിംഹാസനത്തിന്റെ നിർബന്ധത്തിനു വഴങ്ങി ആ ചുമതല സലേഷ്യൻസഭ ഏറ്റെടുത്തു. ആസ്സാമിലേയ്ക്കുള്ള പ്രഥമ മിഷനറിസംഘത്തിനു് നേതൃത്വം നൽകുവാനായി ഫാ. ലൂയീസു് മത്തിയാസു് തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1922 ജനുവരി 13–ാം തീയതി ആദ്യത്തെ സലേഷ്യൻ മിഷനറിസംഘം ഷില്ലോംഗിലെത്തി. ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ സംരക്ഷണം യാചിച്ചുകൊണ്ടു് ഉത്സാഹപൂർവ്വം അവർ അവിടെ സലേഷ്യൻ പ്രേഷിതപ്രവർത്തനങ്ങൾക്കു് നാന്ദികുറിച്ചു.

സലേഷ്യൻ വടക്കുകിഴക്കേ ഇന്ത്യയിൽ

1922 ജാനുവരി 13

റവ. ഫാ. ലൂയീസ് മത്തിയാസ് ആസ്സാം മിഷനുകളിലേയ്ക്ക് സലേഷ്യൻ സഭാംഗങ്ങളെ നയിക്കുന്നു.

1926

വി. തോമ്മാശ്ലീഹായുടെ നാമത്തിലുള്ള പ്രോവിൻസ് ആരംഭിക്കുന്നു.

1934

വി. ജോൺബോസ്കോയുടെ നാമധേയത്തിലുള്ള കൽക്കട്ടാ പ്രോവിൻസ് ആരംഭിക്കുന്നു.

1959

പുതിയ പ്രോവിൻസുകൾ ഉടലെടുക്കുന്നു.

- **ഗോഹട്ടി** — **1981** — ദിമാപ്പൂർ, കൽക്കട്ട
- **കൽക്കട്ട** — **1965** — ബമ്മാ ഉപവിഭാഗം രൂപമെടുക്കുന്നു.

സലേഷ്യൻ തെക്കേ ഇന്ത്യയിൽ

1906 ജാനുവരി 6

റവ. ഫാ. ജോർജ്ജ് തൊമാത്തീസ് ഇന്ത്യയിൽ സഭ സ്ഥാപിക്കുന്നു.

പോർട്ടുഗീസ് പ്രോവിൻസിന്റെ കീഴിൽ തഞ്ചാവൂരിൽ സ്ഥാപനമാരംഭിക്കുന്നു.

തഞ്ചാവൂർ

തഞ്ചാവൂരിലെ സ്ഥാപനം പൂട്ടുന്നു.

1934

വി. തോമ്മാശ്ലീഹായുടെ നാമധേയത്തിൽ മദ്രാസ് പ്രോവിൻസ് രൂപംകൊള്ളുന്നു.

1972

- **ബോംബെ** — **1982** — കിഴക്കേ ആഫ്രിക്കൻ ഉപവിഭാഗം
- **മദ്രാസ്** — **1979** — ബാംഗ്ലൂർ, മദ്രാസ്

സലേഷ്യൻ പ്രസ്ഥാനത്തിന്റെ ഭാരതത്തിലെ മാർഗ്ഗദർശി

1887 ജൂലൈ 20-ാം തീയതി പാരീസിൽ ജനിച്ചു

1922-ൽ ഇന്ത്യയിലെത്തി

1922–1934: ഷില്ലോംഗിന്റെ പ്രീഫെക്ടായി സേവനമനുഷ്ഠിച്ചു.

1935–1952: മദ്രാസ് ആർച്ച് ബിഷപ്പ്.

1952–1965: മദ്രാസിന്റെയും മൈലാപ്പൂരിന്റെയും ആർച്ച് ബിഷപ്പായി സേവനം ചെയ്തു.

1965 — ആഗസ്റ്റ് 3-ാം തീയതി ചരമം പ്രാപിച്ചു




റവ. ഡോ. ലൂയിസ് മത്യാസ്


അദ്ദേഹത്തിന്റെ മുദ്രാവാക്യം:

ശുഭാപ്തിവിശ്വാസത്തോടെ മുന്നേറുക.

ഇന്ത്യയിലെ സലേഷ്യൻ മെത്രാൻമാർ



റവ. ഡോ. ഹ്യൂബർട്ട് റൊസാരിയോ ഷില്ലോംഗ് ഗൗഹാത്തി അതിരൂപതയുടെ മെത്രാപ്പോലീത്ത




റവ. ഡോ. അബ്രഹാം
എലഞ്ഞിമറ്റത്തിൽ
കൊഹിമ മെത്രാൻ




റവ. ഡോ. തോമസ് മേനാംപറമ്പിൽ
ദിബ്രുഗാർ മെത്രാൻ




റവ. ഡോ. ഓഗസ്റ്റസ് മരേംഗോ
ദിബ്രുഗാർ–തെസ്പൂർ മെത്രാൻ



റവ. ഡോ. മത്തായി കൊച്ചുപറമ്പിൽ
ഡിഫു മെത്രാൻ



റവ. ഡോ. റോബർട്ട്
കെർക്കെട്ട (തെസ്പൂർ)



റവ. ഡോ. ലൂക്കാസ് സിർക്കാർ
കൃഷ്ണഗാർ മെത്രാൻ

സലേഷ്യൻ സഭാംഗങ്ങൾ ആഗോളതലത്തിലും ഇന്ത്യയിലും: സ്ഥിതിവിവരകണക്കുകൾ

വർഷം	ആഗോളതലത്തിൽ	ഇന്ത്യയിൽ
1934	9347	170
1944	13284	287
1954	17161	467
1964	21185	772
1969	20457	862
1974	17896	1013
1979	16403	1232
1988	17644	1769

ഇന്ത്യയിലെ ഓരോ പ്രോവിൻസിലുമുള്ള സലേഷ്യൻ സഭാംഗങ്ങളുടെ സംഖ്യ (1988–ലെ കണക്കു്)

ബാംഗ്ളൂർ	308
ബോംബെ	311
കൽക്കട്ട	321
ദിമാപ്പൂർ	181
ഗൗഹാത്തി	286
മദ്രാസ്സു്	362
ആകെ	1769

ബാംഗ്ളൂർ പ്രോവിൻസിലെ സ്ഥാപനങ്ങളും മിഷൻകേന്ദ്രങ്ങളും അവയുടെ സ്ഥാപനത്തിന്റെ ക്രമമനുസരിച്ചു്

1946	കോട്ടഗിരി
1956	കൊച്ചി (വടുതല)
1962	ഇരിഞ്ഞാലക്കുട
1964	ഗുണ്ടൂർ
1967	ബാംഗ്ളൂർ (ക്രിസ്തുജ്യോതി കോളേജ്)
1971	മുനിപ്പള്ളി
1971	മണ്ണുത്തി
1974	കടപ്പ
1975	കൊല്ലം (തോപ്പു് ഇടവക)
1975	ഹൈദരാബാദു് (ഇടവക)
1976	പള്ളുരുത്തി (സ്നേഹഭവൻ)
1979	ബാംഗ്ളൂർ (പ്രൊവിൻഷ്യൽ ഹൗസു്)
1980	വിജയവാഡ
1980	ചണ്ടൂർ
1981	ഗുണതല
1981	ആലുവാ
1981	രാവുലപാലം
1982	ടി. ബി. ഡാം
1983	കൊച്ചി (വെണ്ണല)
1984	ഹൈദരാബാദു് (ഡോൺ ബോസ്കോ)
1984	കമ്പിവിള
1985	ഹോസൂർപെട്ടു്
1985	ബാംഗ്ളൂർ (ബോസ്കോ യുവകേന്ദ്രം)
1985	മാട്ടൂൽ
1986	നസൂർവിട്ടു്
1987	ടി. കെ. ഡോൺബോസ്കോ യൂത്തു് സെൻറർ മണ്ണുത്തി.

രണ്ടു ശതാബ്ദങ്ങളുടെ സമ്മാനം
1788 — 1988

1788 മാർഗ്ഗരറ്റ് ബോസ്കോയുടെ ജനനം

1815 ആഗസ്റ്റ് 16–ന് ജോൺബോസ്കോ, ഒരു കർഷകത്തൊഴിലാളിയുടെ മകനായി ജനിക്കുന്നു

1841 ജൂൺ 5–ന് പൗരോഹിത്യം ലഭിച്ചു: ഡിസംബർ 8–ന് യുവാക്കൾക്കുവേണ്ടി യുള്ള തന്റെ പ്രവർത്തനമാരംഭിക്കുന്നു

1846 ഏപ്രിൽ 12–ന് വൽഡോക്കോയിൽ സ്ഥിരമായ ഒരു കേന്ദ്രം തുടങ്ങുന്നു

1854 ജനുവരി 26–ന് തന്റെ സഹപ്രവർത്തകർക്ക് 'സലേഷ്യൻസ്' എന്ന പേരുനല്കി

1856 നവംബർ 25–ന് മമ്മാ മാർഗരറ്റിന്റെ മരണം

1858 റോമിലേക്കുള്ള ഡോൺബോസ്കോയുടെ പ്രഥമയാത്ര

1859 ഡിസംബർ 18–ന് സലേഷ്യൻ കോൺഗ്രിഗേഷൻ സ്ഥാപിക്കുന്നു

1864 ഡോൺബോസ്കോ മേരി മസരെല്ലോയെ ആദ്യമായി കാണുന്നു

1868 ജൂൺ 9–ന് ടൂറിനിൽ ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ ദേവാലയം ആശീർവ്വദിക്കുന്നു

1869 ഡിസംബർ 1–ന് ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ ആരംഭം

1872 ആഗസ്റ്റ് 5–ന് F. M. A. കോൺഗ്രിഗേഷന്റെ സ്ഥാപനം

1874 ഏപ്രിൽ 3–ന് സലേഷ്യൻ നിയമാവലി അംഗീകരിക്കപ്പെട്ടു

1875 നവംബർ 11–ന് തെക്കേ അമേരിക്കയിലേക്ക് ആദ്യത്തെ മിഷനറിസംഘം പുറപ്പെടുന്നു

1876 മെയ് 9–ന് സലേഷ്യൻ കോ–ഓപ്പറേറേഴ്സ് യൂണിയനു് അംഗീകാരം

1878 ജനുവരിയിൽ സലേഷ്യൻ ബുള്ളറ്റിന്റെ പ്രഥമ ലക്കം പുറത്തുവരുന്നു.

1881 മെയ് 14, മദർ മേരി മസരെല്ലോയുടെ ചരമം

1887 ഡിസംബർ 11–ാം തീയതി ഡോൺബോസ്കോ അവസാനമായി ദിവ്യബലിയർപ്പിച്ചു

1838 ജനുവരി 31–ന് ഡോൺബോസ്ക്കോയുടെ ചരമം

1906 സലേഷ്യൻസ് തഞ്ചാവൂരിൽ എത്തുന്നു

1907 ഡോൺബോസ്കോയെ വാഴ്ത്തപ്പെട്ടവനെന്നു് നാമകരണംചെയ്തു

1922 സലേഷ്യൻസ് ആസ്സാമിലെത്തുന്നു

1926 ഇന്ത്യയിലെ ആദ്യത്തെ പ്രോവിൻസ് കൽക്കട്ടയിൽ രൂപീകൃതമായി

1929 ഡോൺബോസ്കോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു

1934 ഡോൺബോസ്കോയെ വിശുദ്ധരുടെ പട്ടികയിലേക്കുയർത്തി

1934 മദ്രാസ് പ്രോവിൻസിന്റെ രൂപീകരണം

1936 ഡോൺബോസ്കോയെ കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ മദ്ധ്യസ്ഥനാക്കി

1958 ഡോൺബോസ്കോ യുവതൊഴിലാളികളുടെ മദ്ധ്യസ്ഥനാകുന്നു

1959 ഗൗഹാത്തി പ്രോവിൻസിന്റെ സ്ഥാപനം

1972 ബോംബേ പ്രോവിൻസ് ആരംഭിച്ചു

1978 ബാംഗ്ളൂർ പ്രോവിൻസിന്റെ ആരംഭം

1981 ദിമാപ്പൂർ പ്രോവിൻസ് തുടങ്ങുന്നു


1988 ഡോൺബോസ്കോയുടെ ചരമശതാബ്ദി



മമ്മാ മാഗ്ഗരറ്റിന്റെ ഒരു ചിത്രം
വയസ്സ് 67 [1855]



ഡോൺബോസ്കോയും അദ്ധ്യാപകനും ഉപദേ
ശകനും സുഹൃത്തുമായിരുന്ന ഡോൺ കഫാ സ്സാ





ഡോൺബാസ്കോ ജനിച്ച വീട്



ഡോൺബോസ്കോയുടെ ശത്രുക്കൾ
വരച്ച ഒരു കാർട്ടൺ.
തന്റെ ആയുധങ്ങളും സൗസാമഗ്രികളും
ഭണ്ഡത്തിനുള്ളിലാക്കി ഒരു മേഘക്ഷണത്തിനു
മുകളിലിരുന്നു കൊണ്ട് അദ്ദേഹം തെക്കേ
അമേരിക്കയിലേക്കു കടിയേറുമെന്ന്
അവർ പ്രത്യാശിച്ചു.

ഡോൺബോസ്കോ കിയേരിയിൽ പഠിച്ച
കാലത്തു് ഉപയോഗിച്ച നോട്ടുബുക്കിൽനിന്നു്





യുവവൈദികനായ ഡോൺബോസ്കോ ഫ്രെഞ്ച് രീതിയിലുള്ള കോട്ടർ ധരിച്ചു നിൽക്കുന്നു (ഇടത്തു)


ഡോൺബോസ്കോ തന്റെ പ്രഥമ മിഷനറി സംഘത്തോടൊപ്പം (1875) (താഴെ)





ഡോൺബോസ്കോയുടെ പ്രസിദ്ധരായ പുത്രന്മാരിലൊരാളായ കാർഡിനൽ കളിയേരോ സെഫറീനോ നാമങ്കൂരായോടൊപ്പം (വലത്തു്)

ഡോൺബോസ്കോ മരിച്ച കിടക്ക (താഴെ)






തന്റെ മരണശേഷം വൈദികവസ്ത്രങ്ങളണിയിച്ച് ഡോൺബോസ്കോയെ
ഒരു കസേരയിലിരുത്തിയിരിക്കുന്നു.

(യഥാർത്ഥ ഫോട്ടോയിൽനിന്നും പകർത്തിയതു്)

ബാംഗ്ളൂർ പ്രോവിൻസ് ഒറനോട്ടത്തിൽ



1979 മാർച്ച് 19–ാം തീയതി 15 സ്ഥാപനങ്ങളുംപ്പെട്ട ബാംഗ്ളൂർ പ്രോവിൻസ് ഒരു പ്രോവിൻസായി രൂപം പ്രാപിച്ചു. ഇന്ന് ഈ പ്രോവിൻസിൽ 28 സ്ഥാപനങ്ങളും 300 സലേഷ്യൻ സഭാംഗങ്ങളും പ്രവത്തിക്കുന്നു. ഈ പ്രോവിൻസിന്റെ ആരംഭം മുതലുള്ള ആദ്യത്തെ ആറു വർഷങ്ങളിൽ ബഹു. തോമസ് തയ്യിലച്ചൻ ഇതിനെ വളത്തുകയും നയിക്കുകയും ചെയ്തു. (ഇദ്ദേഹം ഇപ്പോൾ ആഫ്രിക്കയിൽ ഒരു മിഷനറിയായി സ്തുത്യർഹസേവനമനുഷ്ഠിക്കുന്നു.) 1985 പ്രോവിൻസിന്റെ കടിഞ്ഞാൺ കയ്യിലെടുത്ത ബഹു. ജോസഫ് തെക്കേടത്ത് അച്ചൻ യുവജനങ്ങൾക്കായി ഞങ്ങളം ചെയ്തുവരുന്ന പ്രവൃത്തികൾക്കു നേതൃത്വം നൽകിവരുന്നു.

സെമിനാരികൾ

ഭാവിയിലെ സലേഷ്യൻ പ്രവർത്തകർക്ക് പരിശീലനം നല്കുന്ന സ്ഥാപനങ്ങളാണ് ഇവ. സഭയിൽ ചേർന്നു പ്രവർത്തിക്കാനാഗ്രഹിക്കുന്ന കുട്ടികളെ ആദ്യമായി ചേരുന്നത് ഗ്രൂണതലയിലുള്ള ഡോൺബോസ്കോയിലോ, അല്ലെങ്കിൽ മണ്ണത്തിയിലെ ഡോൺബോസ്കോ ഭവനിലോ ആണ്. ഇവിടത്തെ മൂന്നു വർഷത്തെ ഹൈസ്കൂൾ പഠനത്തിനിടയിൽ സലേഷ്യൻ ജീവിത ശൈലിയെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനും, ഭാവി ജീവിതത്തെക്കുറിച്ച് ഒരു തീരുമാനമെടുക്കുന്നതിനും അവസരം ലഭിക്കുന്നു. സഭയിൽ പ്രവേശിക്കുവാനുദ്ദേശിക്കുന്ന മുതിർന്ന കുട്ടികൾക്കുള്ള പരിശീലന കേന്ദ്രമാണ് ഡോൺബോസ്കോ ആലുവാ. ഇവിടെ അവർ ആദ്ധ്യാത്മിക കാര്യങ്ങളിൽ അറിവു നേടുന്നതോടൊപ്പം പ്രീഡിഗ്രി വിദ്യാഭ്യാസവും പൂർത്തിയാക്കുന്നു. സലേഷ്യൻ സഭയിൽ സഹോദരന്മാരായി സേവനമനുഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സൗകര്യങ്ങളൊരുക്കിക്കൊടുക്കുന്ന സ്ഥാപനങ്ങളാണ് കൊല്ലത്തിനു സമീപം കമ്പിവിലയിലുള്ള ഡോൺബോസ്കോയും, ആന്ധ്രയിലെ മംഗലഗിരിയിലുള്ള



ഡോൺബോസ്കോ പ്രേംനിവാസും. സലേഷ്യൻ സന്യാസജീവിതത്തിലേക്കുള്ള പ്രവേശന കവാടമാണ് കോട്ടഗിരിയിലെ ഞങ്ങളുടെ നൊവിഷ്യേറ്റ്, മൗണ്ട് ഡോൺബോസ്കോ. സന്യാസാർത്ഥികൾക്ക് ഇവിടെ ഒരു വർഷത്തെ തീവ്രമായ പരിശീലനം ലഭിക്കുന്നു. ബാംഗ്ളൂർ പ്രോവിൻസിലെ ഓരോ വൈദികനും തന്റെ പരിശീലനത്തിന്റെ അവസാന ഘട്ടം ചിലവഴിക്കുന്ന സ്ഥലമാണ് ബാഗ്ളൂരിലെ ക്രിസ്തുജ്യോതികോളേജ്. ഇവിടെ അവർക്ക് പ്രേഷിത പ്രവർത്തനത്തിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചും, ക്രൈസ്തവവിജ്ഞാനത്തിലും അറിവു നേടുവാൻ എല്ലാ സൗകര്യവും നല്കിയിട്ടുണ്ട്.

യുവജനകേന്ദ്രങ്ങൾ

യുവജനകേന്ദ്രങ്ങളും സലേഷ്യൻ പ്രവർത്തനങ്ങളുടെ മുഖമുദ്രയാണ്. മറേറതു തരം പ്രവർത്തനങ്ങളേക്കാളും സഭയുടെ മുന്നിൽ പ്രഥമസ്ഥാനം ലഭിക്കുന്നതു് യുവജനകേന്ദ്രങ്ങളിലൂടെയുള്ള യുവാക്കൾക്കായുള്ള സേവനത്തിനാണ്. സഭയുടേയും സമൂഹത്തിന്റേയും മുഖ്യധാരയിൽ നിന്നു് വിട്ടുനില്ക്കുന്ന നിരാലംബരും, നിർധനരുമായ യുവാക്കളുടെ സർവ്വതോന്മുഖമായ വളർച്ചയാണ് ഡോൺബോസ്കോ യൂത്ത്സെൻറുകളും ലക്ഷ്യമാക്കുന്നതു്. ഒഴിവുസമയത്തെ ക്രിയാത്മകമായി വിനിയോഗിക്കുവാനും, സ്വന്തം നാടിന്റെ അഭിവൃദ്ധിക്കുവേണ്ടി സഹകരിച്ച് പ്രവർത്തിക്കുന്നതിനും യുവാക്കൾക്ക്



ഇവിടെ അവസരം ലഭിക്കുന്നു. ബാംഗ്ളൂർ പ്രോവിൻസിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഞ്ചു് പ്രധാന യൂത്ത്സെൻറുകളും താഴെ പറയുന്നവയാണ്.

1. ഡോൺബോസ്കോ യൂത്ത് സെൻറർ, വട്ടതല, കൊച്ചിൻ.

2. ഡോൺബോസ്കോ യൂത്ത്സെൻറർ, ഇരിഞ്ഞാലക്കുട.

3. ഡോൺബോസ്കോ യൂത്ത്സെൻറർ, ആലുവാ.

4. ഡോൺബോസ്കോ യൂത്ത്സെൻറർ, വിജയവാഡ.

5. തട്ടിൽ കൊച്ചുവറീത് മെമ്മോറിയൽ ഡോൺബോസ്കോ യൂത്ത്സെൻറർ, തൃശ്ശൂർ.


ഇവ കൂടാതെ ഇതര ഡോൺബോസ്കോ സ്ഥാപനങ്ങളും സമീപത്തുള്ള യുവാക്കൾക്കായി വിനോദത്തിനും, പ്രാർത്ഥനയ്ക്കും, കൗൺസിലിംഗിനും മറ്റുമുള്ള സൗകര്യങ്ങളും ഒരുക്കിക്കൊടുത്തിട്ടുണ്ട്. ഓറട്ടറികളും എന്നറിയപ്പെടുന്ന ഈ സംഘങ്ങളെ കൊച്ചു കൊച്ചു യുവജന കേന്ദ്രങ്ങളായി പരിഗണിക്കാവുന്നതാണ്.

ഇടവകകൾ

സലേഷ്യൻ ഇടവകകളിൽ മറ്റു പ്രവർത്തനങ്ങൾക്കു പുറമേ യുവജനക്ഷേമത്തിനു് സവിശേഷമായ ശ്രദ്ധ നല്കപ്പെടുന്നു. ക്രൈസ്തവജീവിതത്തിനു കഴിയുന്നത്ര ഉന്മേഷം പകരുവാൻ അതതു ഇടവകയിലെ സലേഷ്യൻ സമൂഹം പരിശ്രമിക്കുന്നു.

ഹൈദരാബാദിലെ ഒരു വലിയ വ്യവസായ മേഖലയിൽ സ്ഥിതി ചെയ്യുന്ന സലേഷ്യൻ ഇടവകയാണ് സെൻറ് തെരേസാസ് ചർച്ച്. ഇടവകയിലെ യുവാക്കളെ വിവിധ യൂണിറ്റുകളാക്കി സംഘടിപ്പിച്ചിട്ടുണ്ട്. യുവാക്കളായ തൊഴിലാളികൾക്കുവേണ്ടിയുള്ള ഹോസ്റ്റൽ, സാവിയോ ബോർഡിംഗ് ഹോം, ടൈപ്പിംഗ്—ഷോർട്ട് ഹാൻറ് ഇൻസ്റ്റിറ്റ്യൂട്ട്, ബോസ്കോ ഇലക്ട്രോണിക്സ് എന്നിവയാണ് ഇവിടത്തെ ചില പ്രവർത്തനങ്ങൾ. തൊഴിലാളി സമൂഹത്തിൻെറ വളർച്ചയെ കണക്കിലെടുത്ത് പല പരിപാടികൾക്കും ഇവിടെ രൂപം നല്കിയിട്ടുണ്ട്.

വിജയവാഡയിലെ അസ്സംപ്ഷൻ പള്ളി, വിജയവാഡ റയിൽവേസ്റ്റേഷനു സമീപം ജനസാന്ദ്രതയുള്ള ഒരു സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ഇടവക ജനങ്ങളെല്ലാം തന്നെ സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്നവരാണ്. റയിൽവേയിലും മുനിസിപ്പാലിറ്റിയിലും, സമീപത്തുള്ള ഫാക്ടറികളിലും ഉപ



ജീവനം കണ്ടെത്തിയിരിക്കുന്ന ഇടവക ജനങ്ങളിൽ അധികവും. കക്ഷിരാഷ്ട്രീയത്തിൻെറ സമ്മർദ്ദത്തിനു വഴങ്ങി അക്രമാസക്തരാകുന്ന യുവാക്കളുടെ സർഗ്ഗശക്തിയെ കൂടുതൽ ക്രിയാത്മകവും, ധാർമ്മികവുമായ മേഖലകളിലേക്കു കൊണ്ടുവരുവാൻ, യൂത്ത്സെൻറർ, കലാസംഘടന എന്നിവ വഴി പരിശ്രമങ്ങളും നടക്കുന്നുണ്ട്. തുച്ഛവരുമാനക്കാരുടെയിടയിൽ സമ്പാദ്യസ്വഭാവം വളർത്തുന്നതിനായി ഒരു ലഘുനിക്ഷേപപദ്ധതിക്കു് രൂപം നല്കിയിട്ടുണ്ട്.

പി. റ്റി. പുവിലെ മേരിമാതാ ഇടവക, ചന്തുരിലെ സഹായമാതാ ഇടവക, രാവുലപാലത്തെ സെൻറ് ഡോൺബോസ്കോ ഇടവക എന്നിവ മിഷൻ കേന്ദ്രങ്ങളാകുന്നു. ഇവിടെനിന്നു് സമീപത്തുള്ള ഗ്രാമങ്ങളിലേക്കു് സുവിശേഷപ്ര


ഘോഷണത്തിനു് മിഷനറിമാർ പോകുന്നു. ഇതിനോടനുബന്ധിച്ചു് ഭവനനിർമ്മാണം, സ്കൂളുകൾ, വിദ്യാഭ്യാസ സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്കായുള്ള ബോർഡിംഗു് ഹൗസുകൾ, ആതുര ശുശ്രൂഷാകേന്ദ്രങ്ങൾ എന്നിവ കൂടി പ്രവർത്തിക്കുന്നുണ്ടു്.

കൊല്ലത്തിനടുത്തുള്ള സെൻറു് സ്റ്റീഫൻസു് ഇടവകയിലെ ജനങ്ങളിൽ സിംഹഭാഗവും മത്സ്യത്തൊഴിലാളികളാണു്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമമാണു് ഇവിടത്തെ സലേഷ്യൻ വൈദികർ അവരുടെ പ്രധാന ലക്ഷ്യമായി കണക്കാക്കുന്നതു്. മറ്റു ഇടവക പ്രവർത്തനങ്ങളും നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ടു്. ഭവനനിർമ്മാണം, വൊക്കേഷണൽ ഗൈഡൻസു്. മത്സ്യത്തൊഴിലാളി സഹകരണ സംഘം മുതലായവയാണു് ഇവിടത്തെ പ്രധാന പ്രവർത്തനങ്ങൾ.

മലബാറിലെ മാട്ടുപെട്ടി ചെറുപുഷ്പം ഇടവകയിലെ ജനങ്ങൾ സമീപകാലത്തു് വിശ്വാസം സ്വീകരിച്ച ഹരിജനങ്ങളാകുന്നു. സാമൂഹ്യക്ഷേമപരിപാടികൾ ധാരാളമായി അർഹിക്കുന്ന ഒരു ഇടവകയാണു് ഇതു്. ഇവിടെ വൈദികർ പല ക്ഷേമപരിപാടികൾക്കും രൂപം നല്കിയിട്ടുണ്ടു്.

വടുതല ഡോൺബോസ്കോ യൂത്തു് സെൻററിനോടനുബന്ധിച്ചുള്ള പരിശുദ്ധ കന്യകാമാതാവിൻെറ ദേവാലയത്തെ ഒരു അദ്ധ ഇടവക, എന്നു് വിളിക്കാവുന്നതാണു്. ഔദ്യോഗികമായി അടുത്ത ഇടവകയോടനുബന്ധിച്ചാണെങ്കിലും സമീപത്തുള്ള മൂവായിരത്തോളം ജനങ്ങൾക്കു് ആത്മീയ പോഷണം നല്കുന്നതു് ഈ ദേവാലയമാണു്.

സ്കൂളുകൾ



വിദ്യാർത്ഥികളിൽ ക്രൈസ്തവ– മാനുഷിക മൂല്യങ്ങളെ വളർത്തിയെടുക്കുകയാണു് ഓരോ സലേഷ്യൻ സ്കൂളിൻേറയും ലക്ഷ്യം. സമഗ്രമായ ഏതൊരു വിദ്യാഭ്യാസപദ്ധതിക്കും ആത്മാവിൻെറ അംശത്തെ മാററി നിറുത്താനാവുകയില്ലല്ലോ. അതുകൊണ്ടു് മതപഠനക്ലാസ്സുകൾ (ക്രൈസ്തവർക്കു്) ക്കും സന്മാഗ്രപാഠ (മറവുള്ളവർക്കു്) ത്തിനും പ്രാമുഖ്യം നല്കിയിരിക്കുന്നു. ഓരോ സ്കൂളും ഉയർന്ന വിദ്യാഭ്യാസനിലവാരം പുലർത്തിക്കൊണ്ടു് അതാതു പ്രദേശങ്ങളുടെ ഉന്നമനത്തിനായി യത്നിക്കുന്നു. സലേഷ്യൻ സ്കൂളുകളിൽ ഭ്രൂരിപക്ഷവും സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വേണ്ടിയാണു് നിലകൊള്ളുന്നതു്. വിദ്യാർത്ഥികളുടെ കലാകായികാഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ സ്കൂളുകൾ പ്രത്യേകം ശ്രദ്ധിക്കുന്നു.

വിദ്യാദാനത്തിൽ ഒരു കാൽ നൂറാണ്ടിൻെറ ചരിത്രമുള്ള ഇരിഞ്ഞാലക്കുട ഡോൺബോസ്കോ ഹൈസ്കൂൾ 1962–ൽ സ്ഥാപിതമായി. 1987, ജനുവരി 28 മുതൽ 31–വരെയായിരുന്ന ഈ സ്ഥാപനത്തിൻെറ രജത ജൂബിലി ആഘോഷങ്ങൾ. മാതാപിതാക്കളുടേയും, കേരള സ്കൗട്ട്സു് കൗൺസിലിൻേറയും സഹകരണത്തോടെ രജതജൂബിലി സ്മാരകമായി ഒരു ഇൻഡോർ സ്റ്റേഡിയം കഴിഞ്ഞ വർഷം പൂർത്തിയായി. പതിവുപോലെ കഴിഞ്ഞ വർഷവും ഈ സ്കൂളിനു് 100 ശതമാനം വിജയം കൈവരിക്കുവാൻ കഴിഞ്ഞു. വിവിധയിനങ്ങളിൽ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും നേടിയിട്ടുള്ള സമ്മാനങ്ങൾ, സ്കൗട്ട്സിനും മറ്റു കളികൾക്കും നല്കിയിട്ടുള്ള പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു.

മണ്ണുത്തി ഡോൺബോസ്കോ സ്കൂളിൻെറ അപ്പർ പ്രൈമറി വിഭാഗം 'ഡേ സ്കോളേഴ്സിനുവേണ്ടി മാത്രമുള്ളതാണു്. ഹൈസ്കൂൾ വിഭാഗത്തിൽ മുൻഗണന ല

ഭിക്കുന്നതു് ഞങ്ങളുടെ ജൂനിയർ ആസ്പിരൻസിനാണു്. മതപഠനത്തിനു് പ്രത്യേകം പ്രാധാന്യം നല്കിയിട്ടുണ്ടു്. എല്ലാ മതവിഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും ഇവിടെ പഠിക്കുന്നുണ്ടെങ്കിലും ക്രൈസ്തവരാണു് ഭൂരിപക്ഷവും. ഇരിഞ്ഞാലക്കുട ഡോൺബോസ്കോയെപ്പോലെ തന്നെ മണ്ണുത്തി ഡോൺബോസ്കോ സ്കൂളിനും നൂറു ശതമാനം വിജയത്തിന്റെ പാരമ്പര്യമാണുള്ളതു്. കലാകായികരംഗത്തും ഈ സ്കൂൾ മറ്റാരുടേയും പിന്നിലല്ല.

കൊല്ലത്തെ ഇൻഫന്റ് ജീസസ് എൽ. പി. സ്കൂളിൽ പഠിക്കുന്ന 900 വിദ്യാർത്ഥികളും മത്സ്യത്തൊഴിലാളികളുടെ മക്കളാകുന്നു. കഴിഞ്ഞ വർഷം ഇവിടെ നിന്നും പാസ്സായ 40—ഓളം കുട്ടികൾക്കു് നഗരത്തിലെ പല പ്രമുഖ വിദ്യാലയങ്ങളിലും മെരിറ്റടിസ്ഥാനത്തിൽ പ്രവേശിക്കുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അനുകൂലമല്ലാത്ത സാഹചര്യങ്ങളുണ്ടായിരുന്നിട്ടും അദ്ധ്യാപകരുടെ കഠിനാദ്ധ്വാനം മൂലം ഉയർന്ന നിലവാരം പുലർത്തുവാൻ ഈ പ്രൈമറി വിദ്യാലയത്തിനു് സാധിക്കുന്നു.

നിർദ്ധനരും അനാഥരുമായ വിദ്യാർത്ഥികൾക്കുവേണ്ടി നിലകൊള്ളുന്ന ബാംഗ്ലൂർ പ്രോവിൻസിലെ മറ്റൊരു സ്കൂളാണു് മാട്ടുളിലെ ലിറ്റിൽ ഫ്ളവർ ഓർഫനേജ് സ്കൂൾ.

വടുതല ഡോൺബോസ്കോയോടനുബന്ധിച്ചുള്ള തട്ടാഴം എൽ. പി. സ്കൂൾ സമീപവാസികൾക്കു് പ്രാഥമിക വിദ്യാഭ്യാസം നല്കുന്ന ഏക സ്ഥാപനമാണു്. ഇതിനു സമീപമുള്ള ഇംഗ്ലീഷു് മീഡിയം യു. പി. സ്കൂളിലെ പ്രവേശനം തദ്ദേശീയർക്കു് മാത്രമായി നീക്കിവെച്ചിരിക്കുന്നു. നഗരത്തിലെ മറ്റു ഇംഗ്ലീഷു് മീഡിയം സ്കൂളുകളിൽ കുട്ടികളെ അയയ്ക്കുവാൻ ബുദ്ധിമുട്ടുണ്ടായിരുന്ന മാതാപിതാക്കളുടെ പ്രേരണയാണു് ഈ സ്കൂൾ തുടങ്ങിയതിന്റെ പിന്നിൽ പ്രവർത്തിച്ചതു്.

സുവിശേഷത്തിലെ കടുകുമണിയെ അനുസ്മരിപ്പിക്കുന്നതാണു് ഹൈദരാബാദിലെ ഡോൺബോസ്കോ സ്കൂളിന്റെ വളർച്ച. വളരെ എളിയരീതിയിൽ തുടങ്ങിയ ഈ സ്കൂൾ ആ നഗരത്തിലെ പ്രമുഖ സ്കൂളുകളിൽ ഒന്നെന്ന സ്ഥാനം ചുരുങ്ങിയ വർഷങ്ങൾകൊണ്ടു് കരസ്ഥമാക്കിയിട്ടുണ്ടു്. ഇവിടെ രണ്ടുവിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. നഴ്സറിസ്കൂൾ മുതൽ പത്താംക്ലാസ്സുവരെയുള്ള ഇംഗ്ലീഷു് മീഡിയം ഹൈസ്കൂൾ.

2. ആറാംക്ലാസ്സു മുതൽ പത്തുവരെയുള്ള തെലുഗുമീഡിയം സ്കൂൾ.

വിജയവാഡയിലെ അസ്സംപ്ഷൻ ഇടവകയോടനുബന്ധിച്ചു് ഒരു തെലുഗു മീഡിയം എലിമെൻററി സ്കൂൾ പ്രവർത്തിക്കുന്നുണ്ടു്. ഈ ഇടവകയിലെ ആയിരത്തോളം പിഞ്ചോമനകൾക്കു് ആശ്രയം കൊടുക്കുന്നു ഈ സരസ്വതിക്ഷേത്രം.


വിജയവാഡ രൂപത സംഭാവനചെയ്ത അഞ്ചു് ഏക്കർ സ്ഥലം വിനിയോഗിച്ചു് ഒരു ഇംഗ്ലീഷു് മീഡിയം സ്കൂൾ ആരംഭിച്ചിട്ടുണ്ടു്. കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോഴും പ്രാരംഭദശയിൽതന്നെ ആയിരിക്കുന്നതിനാൽ ഓലമേഞ്ഞ ഷെഡ്ഡുകളിലാണു് ക്ലാസ്സുകൾ എടുത്തുകൊണ്ടിരിക്കുന്നതു്. സമീപഭാവിയിൽ സൗകര്യമുള്ള ക്ലാസ്സുമുറികൾ ഈ സ്കൂളിനു് ലഭിക്കുമെന്നു് പ്രതീക്ഷിയ്ക്കാം.

ഡോൺബോസ്കോ പ്രേം നിവാസിന്റെ അങ്കണത്തിൽത്തന്നെയാണു് മംഗലഗിരിയിലെ ഡോൺബോസ്കോ സ്കൂൾ സ്ഥിതിചെയ്യുന്നതു്. പ്രേംനിവാസിലെ അന്തേവാസികൾ വികലാംഗരായതുകൊണ്ടു് വിദൂരത്തിലുള്ള സ്കൂളുകളിൽ പോയി പഠിക്കുവാനുള്ള വിഷമതകൾ ഏറെയാണു്. ഈ വസ്തുതയാണു് അടുത്തുതന്നെ സ്കൂൾ തുടങ്ങുവാൻ അധികൃതരെ പ്രേരിപ്പിച്ചതു്. പ്രേംനിവാസിലെ കുട്ടികൾക്കു് മുൻഗണന നല്കുന്നതിനാൽ അവർക്കുപുറമെ പരിസരവാസികളായ വിദ്യാർത്ഥികൾക്കുമാത്രമേ ഇവിടെ പ്രവേശനമുള്ളൂ.

പി. ഠി. പു (ആന്ധ്രാപ്രദേശ്) ഇടവകജനങ്ങളിൽ മിക്കവരും കൂലിപ്പണിക്കാരാണു്. ദൂരെയുള്ള പതിനഞ്ചു ഗ്രാമങ്ങളിലായിട്ടാണു് ഇവർ താമസിക്കുന്നതു്. ബോർഡിംഗ് സൗകര്യം ലഭിച്ചാൽ മാത്രമെ ഇവരുടെ കുട്ടികൾക്കു് വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കുകയുള്ളൂ. കാരണം വിദ്യാലയങ്ങൾ അവരുടെ താമസസ്ഥലത്തുനിന്നും വളരെ അകലത്തിലെന്നതുതന്നെ. ഇടവകയോട

നബന്ധിച്ച് ഒരു ബോർഡിംഗ് തുടങ്ങിയപ്പോഴും, ഈ ആവശ്യത്തിനു് ഒരു പരിഹാരം കാണുകയായിരുന്ന ബഹു. വൈദികർ. ഇന്നു് 95 വിദ്യാർത്ഥികളും ഈ ബോർഡിംഗിൽ താമസിച്ചു് അടുത്തുള്ള സ്കൂളിൽ പോയി പഠിക്കുന്നു. ഇടവകയുടെ വകയായി കന്യാസ്ത്രീകളും നടത്തുന്ന ഒരു എലിമെൻററി സ്കൂളും ഇവിടെയുണ്ടു്.

ടെക്നിക്കൽ സ്കൂളുകൾ



ഗുണ്ടൂരിലെ ഡോൺബോസ്കോ ഇൻഡസ്ട്രിയൽ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ 175 പേർ മോട്ടോർ മെക്കാനിക്കു്, കാപ്പെൻററി, പ്രിൻറിംഗു്, ബുക്കു് ബയൻറിംഗു് എന്നിവയിൽ ഇപ്പോഴും പരിശീലനം നേടുന്നുണ്ടു്. ഗവണ്മെൻറു് ഡിപ്ലോമാകോഴ്സിനു് സമാന്തരമായി അനൗപചാരിക പരിശീലനവും ഇവിടെ കൊടുക്കുന്നുണ്ടു്. ഹൈസ്കൂൾ വിദ്യാഭ്യാസമില്ലാത്ത പാവപ്പെട്ട കുട്ടികൾക്കാണു് അനൗപചാരികപരിശീലനം കൊടുക്കുന്നതു്. ഇതിനോടൊപ്പം 7–ാംക്ലാസ്സു്, SSLC എന്നിവയ്ക്കു് പഠിച്ചു് പരീക്ഷയ്ക്കിരിക്കുവാനും കുട്ടികൾക്കു് പ്രോത്സാഹനം നല്കുന്നുണ്ടു്.

സലേഷ്യൻ സാങ്കേതികവിദ്യാലയങ്ങളുടെ സേവനം, ഏതെങ്കിലുമൊരു തൊഴിൽ പഠിപ്പിക്കുന്നതിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. ഇവിടെയും കലാകായികാഭിരുചികളുടെ പോഷണത്തിനു് സൗകര്യമൊരുക്കിയിട്ടുണ്ടു്. സാമൂഹികാവബോധം, തൊഴിലിനോടുള്ള പ്രതിബദ്ധത എന്നിവ വളർത്തിയെടുക്കുവാൻ ഈ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നു.

വടതല പ്രദേശത്തെ സാധുയുവാക്കൾക്കു് തൊഴിൽപരിശീലനം നൽകുവാൻ ആരംഭിച്ചതാണു് അവിടത്തെ ഡോൺബോസ്കോ ITC. ഇവിടെ ഒരു മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗവും, ഒരു കാപ്പെൻററിയും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു. 1962–ലായിരുന്നു ഈ ടെക്നിക്കൽ സ്കൂളിൻെറ സ്ഥാപനം. ഓരോവർഷവും അൻപതോളംപേർ പരിശീലനം കഴിഞ്ഞു് ഇവിടെനിന്നും പുറത്തുവരുന്നു.

ആന്ധ്രാപ്രദേശിലെ രായലസീമയിലും പരിസരത്തുമുള്ള ക്രിസ്ത്യൻ സമൂഹത്തിൻെറ സാമൂഹികവും, സാമ്പത്തികവുമായ പുരോഗമനം ലക്ഷ്യമാക്കിക്കൊണ്ടു് സ്ഥാപിച്ചതാണു് കടപ്പയിലെ സെൻറു് ആൻറണീസു് ഇൻഡസ്ട്രിയൽ ടെയിനിംഗ് സെൻറർ. കടപ്പ, കർന്നൂൽ നെല്ലൂർ എന്നീ ജില്ലകളിൽനിന്നും വിദ്യാർത്ഥികളും ഇവിടെ തൊഴിൽ പഠിക്കുന്നുണ്ടു്. ഫിറ്റർ, മെഷീനിസ്റ്റു്, ടർണർ, കാപ്പെൻററി എന്നീ ട്രേഡുകളാണു് ഇവിടെയുള്ളതു്. മരപ്പണിയിലും ജനറൽ മെക്കാനിക്കിലും നോൺ–ഫോർമൻ ട്രെയിനിംഗ് നല്കപ്പെടുന്നുണ്ടു്. തൊഴിൽരഹിതർക്കും സ്കൂൾവിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവർക്കും ഇതിൽ മുൻഗണന നൽകപ്പെടുന്നു.


കടലിലെ മത്സ്യസമ്പത്തിൻെറ ശോഷണം കൊല്ലത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളിസമൂഹത്തെ ആശങ്കാകുലരാക്കിക്കൊണ്ടിരിക്കുകയാണു്. അവരുടെ ഉപജീവനംതന്നെ അപകടത്തിലാവുന്ന ഒരു സ്ഥിതിവിശേഷമാണു് സംജാതമാ

യിക്കൊണ്ടിരിക്കുന്നതു്. മത്സ്യബന്ധന മേഖലയിൽനിന്നും കുറെപ്പേരെയെങ്കിലും മെച്ചപ്പെട്ട മറ്റു ഉപജീവനമാർഗ്ഗങ്ങളിലേക്കു് തിരിച്ചുവിടേണ്ടതു് കാലഘട്ടത്തിന്റെ ആവശ്യമായി സാമൂഹ്യശാസ്ത്രജ്ഞർ കാണുന്നു. ഈ ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ടാണു്, കൊല്ലത്തിനടുത്തു് കമ്പിവലയിൽ ഒരു നോൺ–ഫോർമൽ ടെക്നിക്കൽ ട്രെയിനിംഗ് സെന്റർ തുടങ്ങുവാൻ തീരുമാനമെടുത്തതു്. ഇവിടെ കാപ്പെന്ററിയിലും മെക്കാനിക്കിലും രണ്ടുവർഷത്തെ അനൗപചാരിക പരിശീലനം നല്കുന്നു. കൊല്ലത്തും, പ്രാന്തപ്രദേശത്തുമുള്ള മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കാണു് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതു്. സമീപഭാവിയിൽ മോട്ടോർ മെക്കാനിക്കു്, ഓട്ടോറിക്ഷാ ഡ്രൈവിംഗ് സ്കൂൾ, കല്പണി എന്നിവ ആരംഭിക്കുന്നതിനും ഉദ്ദേശമുണ്ടു്.


ബെല്ലാരി ത്രൂപതയിലെ ദരിദ്രരായ ക്രൈസ്തവയുവാക്കൾക്കു് തൊഴിൽപരിശീലനം നല്കുകയാണു് ഹോസ്പെട്ടിലെ ഡോൺബോസ്കോയുടെ ലക്ഷ്യം. 1985–ൽ ഇതു സ്ഥാപിതമായി. ഇപ്പോൾ വെൽഡിംഗിലും കപ്പെന്ററിയിലുമാണു് പരിശീലനം നല്കിവരുന്നതു്. തൊഴിൽ സാദ്ധ്യതയുള്ള മറ്റു ട്രെയിനിംഗ്രകളും തുടങ്ങുവാൻ പരിപാടിയുണ്ടു്.

അനാഥമന്ദിരങ്ങൾ

കോഴിക്കോട്ട ത്രൂപതയുടെ ക്ഷണം സ്വീകരിച്ചുകൊണ്ടു് 1985–ൽ മാട്ടുംലിറ്ററിൽ ഫ്ളവർ ഓർഫനേജിന്റെ ചുമതല സലേഷ്യൻസഭ ഏറ്റെടുത്തു. ഹരിജനങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ കുട്ടികൾക്കുവേണ്ടിയാണു് സലേഷ്യൻസു് വരുന്നതിനു് വർഷങ്ങൾക്കുമുൻപേ ഈ സ്ഥാപനം തുടങ്ങിയതു്. നൂറാണ്ടുകളായി അനുഭവിച്ചുവന്ന അടിമത്തംമൂലം ഇവരുടെ സാമൂഹിക–സാമ്പത്തികസ്ഥിതി വളരെ ശോചനീയമായ അവസ്ഥയിലായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും സൗകര്യമില്ലാത്ത കുട്ടികൾക്കാണു് ഈ ബോർഡിംഗിൽ മുൻഗണന. ഉദാരമതികളായ ഗുണകാംക്ഷികളുടെ സഹായത്താൽ ഇവർക്കു് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള



സൗകര്യം ലഭിച്ചിട്ടുണ്ടു്. സലേഷ്യൻ വൈദികരുടെയും സഹോദരന്മാരുടെയും വരവോടെ ഈ അനാഥാലയത്തിനു് പൂർവ്വാധികമായ കാര്യക്ഷമതയും, കുടുംബസമാനമായ ചൈതന്യവും കൈവന്നിട്ടുണ്ടു്.



വികലാംഗർക്കുള്ള ഭവനം

പേരു സൂചിപ്പിക്കുന്നതുപോലെ ഡോൺബോസ്കോ പ്രേംനിവാസ്, മംഗലഗിരി വികലാംഗരായ അനാഥബാലന്മാർ സ്നേഹവും പരിചരണവും

കണ്ടെത്തുന്ന സ്ഥലമാണ്. ഇവിടെ അവ
ക്ക് ഭക്ഷണവും, ചികിത്സയും, വിദ്യാ
ഭ്യാസവും ലഭിക്കുന്നു. ഭാവി സ്വയംപര്യാ
പ്തതയെ ലക്ഷ്യമാക്കി, തൊഴിൽ പരിശീ
ലനവും നൽകപ്പെടുന്നു. തൊഴിൽപരിശീ
ലനത്തിനായി താഴെപ്പറയുന്ന പദ്ധതി
കളാണ് പ്രേംനിവാസിലുള്ളത്.


1) കൃത്രിമാവയവങ്ങളും നിർമ്മിക്കുന്ന
ഒരു കേന്ദ്രം

2) വിവിധ ടെയിഡുകളിൽ നോൺ
ഫോർമൽ ടെയിനിംഗ്

3) ടെയ്ലറിംഗ്

4) ടൈപ്പിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

ഭവനരഹിതർക്ക് ഭവനങ്ങൾ



നിരാലംബരായ യുവാക്കൾക്കുവേ
ണ്ടിയുള്ള ഒരാശ്രയസങ്കേതമാണ് സ്നേഹ
ഭവൻ. നഗരത്തിന്റെ കരിപുരണ്ടതും
മലീമസമായതുമായ തെരുവുകളിൽ അല
യാൻ വിധിക്കപ്പെട്ട നിർഭാഗ്യരും നിരപ
രാധികളുമായ ബാലന്മാരാണ് ഇതിലെ
അന്തേവാസികൾ. തകർന്ന കുടുംബങ്ങൾ
വിട്ടിറങ്ങിപ്പോന്ന അവർ തികച്ചും നിര
പരാധികൾതന്നെയാണ്.

സ്നേഹഭവനിൽ അവരവരുടെ കഴി
വും അഭിരുചിയുമനുസരിച്ച് മരപ്പണി,
തയ്യൽപ്പണി, മെക്കാനിക്ക് മുതലായ
തൊഴിൽ പഠിക്കുന്നതിനുള്ള സൗകര്യവു
മുണ്ട്. മാത്രമല്ല, ഔദ്യോഗിക വിദ്യാഭ്യാ
സത്തിനും വേണ്ട സൗകര്യങ്ങൾ ചെയ്തു
കൊടുക്കപ്പെടുന്നുണ്ടിവിടെ. ഏതെങ്കിലു
മൊരു തൊഴിലഭ്യസിച്ചുകഴിഞ്ഞാൽ ഒരു
ജോലി തേടിപ്പിടിച്ചുകൊടുക്കുന്നതിൽ
ഡയറക്ടർ ആവുന്നത്ര പരിശ്രമിക്കുന്നു.
അങ്ങനെ ഭാവിയിലൊരു കുടുംബം പോ
റ്റത്തക്ക കഴിവ് ഓരോ കുട്ടിയ്ക്കും നേടി
ക്കൊടുക്കുകയാണ് ഇതിന്റെ ആത്യന്തി
കലക്ഷ്യം. മാത്രമല്ല, പലപ്പോഴും ഈ
കുടുംബങ്ങൾ മാതൃസ്ഥാപനം നിർമ്മിച്ച
കൊടുക്കുന്ന ഭവനങ്ങളിലാണ് വാസമുറ
പ്പിക്കുന്നത്.

ഈ സ്ഥാപനത്തോടനുബന്ധിച്ചു പ്ര
വർത്തിക്കുന്ന ഡോൺബോസ്കോ യൗ
സിംഗ് സ്കീം സ്നേഹഭവനിലെ അംഗ
ങ്ങളെ പുനരധിവസിപ്പിക്കുന്നതിനായു
ദ്ദേശിച്ചുകൊണ്ടുള്ളതാണ്. തകർന്ന കുടും
ബങ്ങൾക്ക് വീണ്ടും ഒരു മേൽക്കൂരയുടെ
കീഴിൽ ഒന്നിയ്ക്കാനുള്ള അസുലഭഭാഗ്യം
അങ്ങനെ കൈവരുന്നു. ഇപ്രകാരമുള്ള
80—തോളം കുടുംബങ്ങൾക്ക് നവജീവൻ
നല്കുവാൻ ഈ പ്രസ്ഥാനത്തിനു ഇതുവ
രെ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസത്തിൽ പ്രത്യേക താല്പ
ര്യം കാണിക്കുന്ന കുട്ടികൾക്ക് മെച്ചപ്പെട്ട
വിദ്യാഭ്യാസസൗകര്യവും സൽസ്വഭാവ
രൂപീകരണത്തിനും ആദ്ധ്യാത്മികവളർച്ച
യ്ക്കും അനുയോജ്യമായ സാഹചര്യങ്ങളും
നല്കുകയെന്ന ലക്ഷ്യത്തോടെ സ്നേഹഭവ
നു് അനുബന്ധമായി പ്രവർത്തിക്കുന്ന
മറ്റൊരു സ്ഥാപനമാണ് ഡോൺബോ
സ്കോ വെൽഫെയർ സെൻറർ. കുട്ടിക
ളുടെ ആഹാരം, പുസ്തകങ്ങൾ മുതലായ
ചിലവുകൾ വഹിക്കുന്നതിനു് കൊച്ചിൻ
കോർപ്പറേഷനും ഈ സ്ഥാപനത്തെ സ
ഹായിച്ചുവരുന്നു. എങ്കിലും ഇതിന്റെ
നടത്തിപ്പിനും മറ്റുമായി അനേകമനേ
കം സന്മനസ്കരായ വ്യക്തികൾ ചെയ്യു
ന്ന സഹായം ഒരിക്കലും മറക്കത്തക്കതല്ല.


ബാംഗ്ളൂർ നഗരത്തിൽ അലഞ്ഞു
തിരിഞ്ഞു നടക്കുന്ന ഭവനരഹിതരായ
കുട്ടികൾക്കുവേണ്ടിയ സേവനം നൽകുന്ന
ഒരു സ്ഥാപനമാണ് ബാംഗ്ളൂർ ഒണി
വാരസേവകൂട്ട (B. O. S. Co.) അഥവാ
ബോസ്കോ യുവകേന്ദ്രം. സലേഷ്യൻ

സഭാംഗങ്ങളും അല്ലാത്തവരുമായ സന്നദ്ധ സേവകർ ഈ സ്ഥാപനത്തിൽ സേവന മനുഷ്ഠിച്ചുവരുന്നു. ചിലർ തങ്ങളുടെ സമയത്തിന്റെ ഒരു ഭാഗം ഇതിനായി ചിലവഴിക്കുമ്പോൾ മറ്റുചിലർ മുഴുവൻ സമയവും ഈ പ്രവർത്തനത്തിനായി നീക്കിവയ്ക്കുന്നവരാണ്. കുട്ടികളുമായി ബന്ധപ്പെട്ട് അവരുടെ സ്നേഹം നേടി അവരെ നേരായ മാർഗ്ഗത്തിലൂടെ നടക്കുവാൻ പഠിപ്പിക്കുകയാണ് ഈ യുവജനപ്രവർത്തകരുടെ പ്രവർത്തന ലക്ഷ്യം.

നിർഭാഗ്യവാന്മാരായ ഈ ബാലികാബാലന്മാരെ തങ്ങളുടെ സ്വന്തം വീടുകളിൽ തിരിച്ചെത്തിക്കാനാണ് ആദ്യമായി ശ്രമിക്കുന്നത്. അതു സാധ്യമല്ലെന്നുവന്നാൽ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം മുതലായ സഹായങ്ങളും നൽകി ഒരു സ്വതന്ത്രജീവിതം നയിക്കുവാൻ വേണ്ട തയ്യാറെടുപ്പ് അവർക്കു നൽകിവരുന്നു.

കുട്ടികൾക്ക് എളുപ്പത്തിലെത്തിച്ചേരാവുന്ന ഒരു സ്ഥലത്താണ് ഈ കേന്ദ്രം സ്ഥിതിചെയ്യുന്നത്. സ്വതന്ത്രമായ ജീവിതംനയിച്ചു പരിശീലിച്ച ഈ കുട്ടികൾക്കു രുചിക്കുത്തക്ക വഴക്കമുള്ള ഒരു ചട്ടക്കൂടും പ്രവർത്തനശൈലിയുമാണ് ഈ സ്ഥാപനത്തിനുള്ളത്. അതോടൊപ്പംതന്നെ ക്രമമായ ഒരു ജീവിതം നയിക്കുവാൻ വേണ്ട പരിശീലനവും കുട്ടികൾക്കിവിടെനിന്നും ലഭിക്കുന്നുണ്ട്.

ബാംഗ്ലൂർ നഗരത്തിന്റെ ഹൃദയഭാഗത്തുതന്നെ 1987 ഡിസംബർ ആദ്യം മുതല്ക്കേ ഇത്തരത്തിലുള്ള മറെറാരു സ്ഥാപനവുംകൂടി തുറന്നു പ്രവർത്തനമാരംഭിച്ചുവരുന്നു. ജീവിതക്രമത്തിനുതന്നെ കോട്ടം വരുത്തുന്ന തെരുവുകളിലെ നിർദ്ദയമായ അനുഭവങ്ങൾകൊണ്ടു മുരടിച്ചുപോയ ഈ ചെറുനാമ്പുകൾ വീണ്ടും മുളച്ചുപൊന്താനാവശ്യമായ വെള്ളവും വളവും നല്കുവാൻ ബോസ്കോ യുവകേന്ദ്ര സഹായകമാകുമാറാകട്ടെ.



ഇൻറഗ്രേറഡ് യൂത്ത് ഡെവലപ്പ്മെൻറ് സെൻറർ

(IYDC)

മാർഗ്ദർശനത്തിലൂടെ യുവജനങ്ങളുടെ പൂർണ്ണവളർച്ച ലക്ഷ്യമാക്കുന്ന ഒരു കേന്ദ്രമാണിതു്. യുവജനങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയപഠനങ്ങളെ ആധാരമാക്കിക്കൊണ്ടുള്ള സെമിനാറുകളും ക്യാമ്പുകളും മറ്റും വഴി ഈ കേന്ദ്രം യുവജനങ്ങളെയും യുവജനപ്രവർത്തകരെയും പരിശീലിപ്പിച്ചുവരുന്നു. ആവശ്യപ്പെടുന്ന സ്കൂളുകളിലും കോളേജുകളിലും ഇടവകകളിലും ഈ കേന്ദ്രത്തിൽനിന്നുള്ള പ്രവർത്തകർ പരിശീലനം നല്കാറുണ്ട്. ഇവിടെ താമസിച്ചു പ്രവർത്തിക്കുന്ന ഡയറക്ടർ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെല്ലാം സമന്വയിച്ചുവരുന്നു.


ആപ്ത വാക്യം: നിനക്കെന്തെല്ലാമാകാമോ അതെല്ലാം ആകുക.

പബ്ലിക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ സെന്റർ

1983-ലാണ് വെണ്ണലയിൽ ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. നല്ല പുസ്തകങ്ങളും ക്രിസ്തീയ മൂല്യങ്ങളും കേരളീയ കുടുംബങ്ങളിൽ പ്രചരിപ്പിക്കുകയെന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രേഷിതലക്ഷ്യം. അതിന്റെ ഭാഗമായി ഭാരതീയ കലകളിൽ അഭിരുചിയുള്ള കുട്ടികൾക്ക് ആവശ്യമായ പരിശീലനവും ഇവിടെ നല്കിവരുന്നു. ഈ സ്ഥാപനത്തോടനുബന്ധമായുള്ള പ്രിന്റിംഗ് പ്രസ്സ്, അച്ചടി, ബൈൻഡിംഗ്, കമ്പോസിംഗ് മുതലായവയിൽ നിഷ്ണരായ പലർക്കും പരിശീലനം നല്കുന്നുണ്ട്. ഒരു നവയുഗത്തിലേയ്ക്കു കാലെടുത്തുവച്ചിരിക്കുന്ന സുവിശേഷപ്രസംഗം തികച്ചും പ്രാദേശികവും അർത്ഥവത്തുമായ രീതിയിൽ അതിന്റെ പ്രേഷിതലക്ഷ്യം, സഫലീകരിച്ചുവരുന്നതിനു മാർഗ്ഗമായ തെളിവാണ് ഈ സ്ഥാപനം.




ഇൻസ്റ്റിട്ട്യൂട്ട് ഓഫ് കാറ്റെക്കെറ്റിക്സ്




''വിശ്വദീപ'' എന്നറിയപ്പെടുന്ന യൂത്ത്പാസ്റ്ററൽ ആൻഡ് കാറ്റെക്കെറ്റിക്കൽ ഇൻസ്റ്റിട്ട്യൂട്ട് ബാംഗ്ലൂർ പ്രോവിൻസിലെ ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ ആദ്യത്തേതാണ്. ദൈവശാസ്ത്രം, വേദോപദേശാദ്ധ്യാപനം (catechetics), 'ശ്രവണ – ദർശന' (audio-visual) മാദ്ധ്യമപ്രയോഗം മുതലായ വിഷയങ്ങളിൽ നടത്തുന്ന കോഴ്സുകൾക്ക് ഈ സ്ഥാപനം ചുരുങ്ങിയ കാലയളവിനുള്ളിൽ പ്രസിദ്ധിയാർജ്ജിച്ചു കഴിഞ്ഞു. ഇന്ത്യയിലും ദക്ഷിണേഷ്യയിലുംപ്പെടുന്ന മറ്റു രാജ്യങ്ങളിലുമുള്ള മതതത്പരാദ്ധ്യാപകരെ പരിശീലിപ്പിക്കുകയാണ് ഈ കോഴ്സുകളിലൂടെ ലക്ഷ്യമാക്കുന്നത്. ഓരോ വിഷയത്തിലും അനുയോജ്യമായ പ്രാവീണ്യം പഠിതാക്കൾക്കു നേടിക്കൊടുക്കുവാൻ ഉത്തരവാദപ്പെട്ടവർക്കു സാധിച്ചിട്ടുണ്ട്. മാത്രമല്ല, മതാദ്ധ്യാപനത്തിനു സഹായകമായ ആധുനിക ഉപകരണങ്ങളുടെ ഉപയോഗവും വിവിധ അദ്ധ്യാപനരീതികളുംകൊണ്ട് കാലോചിതമായ തയ്യാറെടുപ്പു നല്കുന്നതിൽ ഈ സ്ഥാപനം വരിക്കുന്ന വിജയം അഭിമാനത്തിനു വക നല്കുന്നതാണെന്നതിൽ സംശയമില്ല.

ജൂണിയർ കോളേജ്




ചന്തുർ മിഷനിലെ യുവജനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസത്തിനവസരം നല്കുവാനായിട്ടാണ് 1985–ൽ ഡോൺബോസ് കോ ജൂണിയർ കോളേജ് സ്ഥാപിച്ചതു്. 1987 നവംബറിൽ ആന്ധ്രാപ്രദേശ് ഗവണ്മെൻറ് ഔദ്യോഗികമായി ഈ കോളേജ്ക് അംഗീകരിച്ചു. വളരെ ലളിതമായ ചുറ്റുപാടിൽ തുടങ്ങിയ ഈ കോളേജിനു് ഇന്നും വലിയ മാറ്റമൊന്നുമില്ല. ഈ പ്രദേശത്തു പ്രേഷിതവേല ചെയ്യുന്നവർക്ക് ഇതു് ഒരു വൻ മുതൽക്കൂട്ടാവുമെന്നു പ്രത്യാശിക്കുന്നു. നൽഗൊണ്ട പ്രദേശത്തെ യുവജനങ്ങളുടെ സ്വഭാവരൂപീകരണത്തിനും വളർച്ചയ്ക്കും ഈ കോളേജിനുള്ള പങ്കു് വളരെ വലുതാണു്.

പൗരോഹിത്യ സേവനം



ഡോൺബോസ്കോയുടെ യുവജനപ്രവർത്തനവുമായി അടുത്തു സഹകരിക്കുന്ന ''ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിൻറെ പുത്രിമാർ'' (Daughters of Mary Help of Christians) എന്ന സന്യാസ സഭയുടെ വെല്ലിംഗ്ടണിലുള്ള വിഭാഗത്തിൻറെ ആദ്ധ്യാത്മികമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയാണ് 'വെല്ലിംഗ്ടൺ ഡോൺബോസ്കോ കോട്ടേജി'ൻറെ മുഖ്യപ്രവർത്തനം. വിപുലമായ സലേഷ്യൻ കുടുംബത്തിനു് ''സലേഷ്യൻസ് ഓഫ് ഡോൺബോസ്കോ'' ചെയ്യുന്ന സേവനത്തിൻറെയും കർത്തവ്യത്തിൻറെയും ഭാഗമാണിതു്. സലേഷ്യൻ കുടുംബത്തിൽപ്പെടുന്ന സന്യാസ സഭകളെല്ലാം സഹോദരീയോടും, സ്നേഹത്തോടും, ഐക്യത്തോടുംകൂടി നിലകൊണ്ടു് അനുഭവസമ്പത്തു് കൈമാറുകയും അങ്ങനെ യുവജനസേവനത്തിൽ കൂടുതൽ ഫലപ്രദമാവുകയും ചെയ്യണമെന്നതു് ഡോൺബോസ്കോയുടെ ആഗ്രഹമായിരുന്നു. തൻറെ അനുയായികളും ഒരു പ്രത്യേക സാഹോദര്യബന്ധത്തെ അടിസ്ഥാനമാക്കി ഒരു പ്രസ്ഥാനം തന്നെ കെട്ടിപ്പടുക്കണമെന്നദ്ദേഹം ആഗ്രഹിച്ചു. ''സഹോദരന്മാർ ഐക്യത്തിൽ ജീവിക്കുന്നതെത്രയോ ആനന്ദദായകമാണെ''ന്ന (Ps 132: 1) ദാവീദിൻറെ വചനങ്ങളും ഒരു പക്ഷേ അദ്ദേഹത്തിൻറെ ഈ മനോഭാവത്തിനു പ്രചോദകമായിരുന്നിരിക്കാം. മറ്റു സലേഷ്യൻ കുടുംബങ്ങളുടെ ആദ്ധ്യാത്മികമായ ആവശ്യങ്ങളും നടത്തിക്കൊടുക്കുവാൻ സലേഷ്യൻ സഭാംഗങ്ങൾക്കു ലഭിക്കുന്ന അവസരം മേല്പറഞ്ഞ പരസ്പരബന്ധം അരക്കിട്ടുറപ്പിക്കുന്നതിനു് അനുയോജ്യമായ ഒരു മാർഗ്ഗമാണു്. മാത്രമല്ല, മേല്പറഞ്ഞ വിവിധങ്ങളായ സംഘടനകളെ ഡോൺബോസ്കോയുടെ പ്രേഷിതലക്ഷ്യമെന്ന പ്രേരകശക്തിയിലൂടെ ഉത്തേജിപ്പിക്കുവാനും ചൈതന്യവല്ക്കരിക്കുവാനും ഇതു സഹായകമാണു്.

സെൻറ് പോൾസ് റീജനൽ സെമിനാരി നസ്വിഡ്



1984–ൽ ആന്ധ്രാപ്രദേശ് ബിഷപ്സ് കോൺഫ്രൻസ് സ്ഥാപിച്ചതാണ് ഈ കേന്ദ്രം. തത്ത്വശാസ്ത്രപഠനം തുടങ്ങുന്നതിനു മുൻപായി വൈദിക പഠനത്തിലേർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം ആദ്ധ്യാത്മിക പരിശീലനം നല്കുക എന്നതാണ് ഇതിൻെറ ലക്ഷ്യം. ഒരർത്ഥത്തിൽ, രൂപതാ വൈദിക്കുവേണ്ടി നടത്തുന്ന ഒരു നൊവിഷ്യേറ് ഘട്ടമായി ഇതിനെ താരതമ്യപ്പെടുത്താവുന്നതാണ്. ബാംഗ്ളൂർ പ്രോവിൻസിലെ സലേഷ്യൻ സഭാംഗങ്ങളെയാണ് ഈ സ്ഥാപനത്തിൻെറ ചുമതല ഏല്പിച്ചിരിക്കുന്നതു്. ആന്ധ്രാപ്രദേശിലെ ഏഴു രൂപതകളിൽ നിന്നുവരുന്ന നാല്പത്തിനാലു് വൈദിക വിദ്യാർത്ഥികളുടെ ചുമതല വഹിച്ചുകൊണ്ടു് രണ്ടു് വൈദികർ ഈ വർഷം ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നു.

ബൊസ്കോ യുവകേന്ദ്രം

പ്രവർത്തനങ്ങൾ	പ്രവർത്തകർ	പ്രവർത്തന ഫലമനുഭവിക്കുന്നവർ
കുട്ടികളെ സഭവേനങ്ങളിലെത്തിക്കൽ	മുഴുവൻ സമയവും പ്രവർത്തിക്കുന്ന മൂന്നുപേർ	ഉപദേശവും മാർഗ്ദർശനവും ലഭിക്കുന്ന 1200 കുട്ടികൾ
കാണാതായ കുട്ടികളെ അന്വേഷിച്ചു കണ്ടെത്തൽ		
ശുചിത്വപരിശീലനവും വൈദ്യസഹായവും	അവരെ സഹായിക്കുന്ന 20 ഭാഗികപ്രവർത്തകർ	കാണാതായ കുട്ടികളുടെ മാതാപിതാക്കൾ
തൊഴിൽനല്കൽ മാർഗ്ഗനിർദ്ദേശവും നിയമസഹായവും		
തെരുവുക്ലാസ്സുകൾ		
മാർഗ്ഗനിർദ്ദേശനക്യാമ്പുകൾ		സമൂഹം
രാത്രി ചിലവഴിക്കുന്നതിനുവേണ്ട സങ്കേതം		
വസ്തുവകകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സൗകര്യം		
നിക്ഷേപ പദ്ധതി		

നമുക്കു മുമ്പേ പോയവർ



ഫാ. ലൂയിസ് പാനികുളങ്ങര

വടുതല, പള്ളുരുത്തി, കൊല്ലം എന്നിവിടങ്ങളിലെ സലേഷ്യൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ഫാ.ലൂയിസ് പാനികുളങ്ങര 1987 ജനുവരി 2–ാം തീയതി ദിവംഗതനായി. പാവപ്പെട്ടവർക്കു വേണ്ടി പൂർണ്ണമായി സമർപ്പിച്ചിരുന്ന ആ ജീവിതം അപ്രതീക്ഷിതമായിട്ടാണ് പൊലിഞ്ഞതു്. ലൂയീസ്ച്ചന്റെ വ്യക്തിവിശേഷം വാക്കുകൊണ്ടതീതമാണു്. അദ്ദേഹത്തിന്റെ മൃതദേഹം ഒരുനോക്കു കാണാൻ തടിച്ചുകൂടിയിരുന്ന സാധാരണ ജനങ്ങളുടെ മുഖത്തു് സാന്ദ്രമായിരുന്ന ദുഃഖം അവർക്കദ്ദേഹം എത്രമാത്രം പ്രിയങ്കരനായിരുന്നു എന്നു് വിളിച്ചറിയിക്കുന്നതായിരുന്നു. കേരളത്തിലെ സലേഷ്യൻ സാന്നിദ്ധ്യത്തിന്റെ നെടുന്തൂണായി പ്രവർത്തിച്ചിരുന്ന ലൂയീസച്ചന്റെ അകാലചരമം നികത്താനാവാത്ത ഒരു വിടവാണു് സൃഷ്ടിച്ചിരിക്കുന്നതു്. തന്നെ ഏൽപ്പിച്ച ദൗത്യത്തോടു് അത്യന്തം നീതിപുലർത്തിയ ലൂയീസച്ചന്റെ സ്മരണ സലേഷ്യൻ സഭയിലെ യുവതലമുറയ്ക്കു് എന്നും പ്രചോദനമായിരിക്കട്ടെ.

			മരണം
1	ശ്രീ തോമസ്	രാസ്–അൽ–ഖയിമ	12–3–1987
2	ശ്രീമതി കെൽസോ	ആസ്ത്രേലിയ	20–2–1987
3	ശ്രീമതി മെറിൽഡ പെരേര	സിംഗപ്പൂർ	ഏപ്രിൽ, 1987
4	ശ്രീ കെ. സി. വർക്കി	എറണാകുളം	18–5–1987
5	ശ്രീ പി. ജി. ദേവസ്യ	ചങ്ങനാശ്ശേരി	14–5–1987
6	ശ്രീ കെ. വി. ഔസേഫ്	തൃശ്ശൂർ	12–3–1987
7	കുമാരി ആൻ വാൽഷ്	ആസ്ത്രേലിയ	21–7–1987
8	ശ്രീ ടോം	ന്യൂസിലണ്ട്	1987
9	ശ്രീ ലൂയീസ് ജോസഫ്	പോണ്ടിച്ചേരി	21–9–1987
10	ശ്രീ വി. ജെ. മത്തായി	കൊല്ലം	21–10–1987
11	ശ്രീമതി നെല്ലി ന്യൂസം	ആസ്ത്രേലിയ	26–10–1987
12	ശ്രീമതി T. C. മേരി	തിരുവനന്തപുരം	1987
13	ശ്രീ വില്യം ബർക്കു്	ന്യൂസിലണ്ട്	ഡിസംബർ 1987
14	ശ്രീ N. I. ജോസഫ്	തിരുവനന്തപുരം	25–5–1987
15	ഡോ. V. C. മാത്യു റോയി	തിരുവനന്തപുരം	29–1–1987
16	ശ്രീ എബ്രഹാം J.	കോട്ടയം	9–10–1987
17	ശ്രീ P. M. ടാൽബോട്ട്	ആസ്ത്രേലിയ	ജൂൺ, 1987
18	ശ്രീ ചാക്കോ മാണ്ടി	തൃശ്ശൂർ	29–12–1987
19	ശ്രീ ഈപ്പൻ J. കളത്തൂർ	കോട്ടയം	10–5–1987
20	ശ്രീ ജോൺ ഫ്രാൻസീസ് മിരാന്ത	മാംഗളൂർ	20–10–1987

താങ്കളൊരു വിൽപത്രമുണ്ടാ കുമ്പോൾ....




താങ്കൾ ഈ ലോകത്തോട് വിടപറഞ്ഞു കഴിയുമ്പോൾ താങ്കളേക്കുറിച്ചു ചിന്തിക്കുവാനും താങ്കൾക്കുവേണ്ടി ദിവസംതോറും പ്രാർത്ഥിക്കുവാനും ഒരാളുണ്ടായിരിക്കേണ്ടയോ? താങ്കളുടെ ഓമ്മ നിലനില്ക്കുണം. താങ്കൾ കഷ്ടപ്പെട്ട് നേടിയ സമ്പത്തു് താങ്കളോടൊത്തു് മണ്ണടിഞ്ഞു് നിത്യമായി നശിച്ചു പോകാതിരിക്കേണ്ടിയിരിക്കുന്നു. ദരിദ്രരും അവഗണിക്കപ്പെട്ടവരുമായ യുവാക്കൾക്കുവേണ്ടി സലേഷ്യൻ വൈദികർക്കതു നൽകുന്നതുവഴി താങ്കളുടെ ധനം വൻ ഫലങ്ങളുളവാക്കും. അനേകം ദരിദ്രയുവാക്കൾക്കു് ഈസം രക്ഷണമേകും. ദാരിദ്ര്യത്തിൽനിന്നും, വിശപ്പിൽനിന്നും, മരണത്തിൽനിന്നും അതവരെ രക്ഷിച്ചു് സന്തോഷപ്രദവും ഭാസുരവുമായ ഭാവിയിലേയ്ക്കുവരെ നയിക്കും. ആയിരക്കണക്കിനു ദരിദ്രർ താങ്കളെ ഓർക്കുകയും ദാരിദ്ര്യത്തിൽനിന്നും മരണത്തിൽനിന്നും അവരെ രക്ഷിച്ചു് സന്തോഷത്തിലേയ്ക്കു നയിച്ചതിനു് താങ്കളെ പ്രകീർത്തിക്കുകയും ചെയ്യും.

അതുകൊണ്ടു്, താങ്കൾ വിൽപത്രമുണ്ടാക്കുമ്പോൾ, തെക്കേ ഇന്ത്യയിൽ സലേഷ്യൻ പ്രവർത്തനങ്ങൾ നടത്തിവരുന്ന ബാംഗ്ളൂർ തിരുഹൃദയ പ്രോവിൻസിനെ മറക്കാതിരിക്കുക.

താങ്കൾ ഇപ്രകാരമൊരു സമ്മാനം നൽകാനുദ്ദേശിക്കുന്നുവെങ്കിൽ ഒരു വക്കീലുമായി കൂടിയാലോചിക്കുക. SALESIAN SOCIETY OF BANGALORE (ബാംഗ്ളൂർ തിരുഹൃദയ പ്രോവിൻസു്)—നു് ദാനം ചെയ്യുവാൻ താഴെക്കൊടുത്തിരിക്കുന്ന വാക്യരൂപം സഹായകമായേക്കും.

"I give to the Bangalore Salesian Society of India (Sacred Heart Province) the sum of Rs.... Free of Death duty and any other duties payable upon or in consequence of my death, and I declare that the receipt of the Provincial (President) of the said Society shall be a complete discharge to my Executors."

"I give, devise and bequest all the rest and residue of my estate of whatsoever situated, to the Bangalore Salesian Society of India (Sacred Heart Province) for the general purpose therefore and I declare that the receipt of the Provincial (President) of the said Society shall be a full and sufficient discharge to my executors."



ഒരു ജീവിതം രക്ഷിക്കുക –
ഒരു സാധുശിശുവിനെ രക്ഷിക്കുക

നിങ്ങളുടെ സഹായം അടിയന്തിരമായി ആവശ്യമുള്ള നൂറു കണക്കിനു് കുഞ്ഞുങ്ങൾ നമ്മുടെ ഭാരതത്തിലുണ്ടു്. നിങ്ങൾക്കവരെ വിശപ്പിൽനിന്നും വേദനയിൽനിന്നും നിരക്ഷരതയിൽനിന്നും, മരണത്തിൽനിന്നു തന്നെയും രക്ഷിക്കാനാവും. അവക്കു് വിദ്യാഭ്യാസവും പുതിയൊരു ജീവിതവും നിങ്ങൾക്കു് നൽകാനാവും. ആയിരക്കണക്കിനു് കുട്ടികൾ അനാഥരായി അലഞ്ഞുതിരിയുന്നു. എങ്ങനേയും ജീവിക്കാനായി പാതയോരങ്ങളിൽ പിച്ചയെടുക്കുന്നു, മോഷണം നടത്തുന്നു. അവക്കു് രക്ഷയും പുതിയ ജീവിതവും നൽകാൻ നമ്മിൽ പലർക്കും കഴിവുണ്ടു്. അവരുടെ ഹീനാവസ്ഥയിൽ നിന്നു് നന്മയിലേക്കുയർത്തി വിടാൻ നിങ്ങൾ സഹായിക്കുക. ഈ മഹത്തായ പദ്ധതിയിൽ സഹകരിക്കുക. കൂടുതൽ വിവരങ്ങൾക്കു് ദയവായി താഴെ കാണുന്ന വിലാസത്തിൽ എഴുതുക.

Mission Procurator
Salesian Provincial House
Don Bosco, 75 North Road
Bangalore – 560 084

'ഒരു ജീവിതം രക്ഷിക്കുക; ഒരു ശിശുവിനെ രക്ഷിക്കുക' പദ്ധതിയിലേക്കു് എന്റെ സംഭാവന അയയ്ക്കുന്നു. ഒരു കുട്ടിക്കു് ഭക്ഷണം നൽകാൻ / വസ്ത്രം നൽകാൻ / വിദ്യാഭ്യാസം നൽകാൻ മാസംതോറും ഞാൻ ..... രൂപ അയയ്ക്കുന്നതാണു്.

(അല്ലെങ്കിൽ)

ഒരു കുട്ടിയെ ദത്തെടുത്തു പൂർണ്ണമായും സഹായിക്കാൻ എനിക്കു ചില ബുദ്ധിമുട്ടുകളുള്ളതുകൊണ്ടു് ദയവായി ഈ സംഖ്യ (..... രൂപ) സ്വീകരിക്കുമല്ലോ.

നിങ്ങളുടെ വിലാസം:

.....

.....

.....

.....

ഒപ്പു് .....

തീയതി .....

ഓർമ്മിക്കുക

- താങ്കൾക്കൊരു വില്പത്രമാവശ്യമാണ്
- താമസിക്കരുത്
- തനിയെ അതു ചെയ്യാൻ ശ്രമിക്കരുത്
- കാലാകാലം അതു പുതുക്കുക
- മാറ്റങ്ങൾ വരുത്തുന്നതിനു മുമ്പ് നിങ്ങളുടെ വക്കീലുമായി ആലോചിക്കുക
- വില്പത്രം താങ്കളുടെ ആഗ്രഹങ്ങളല്ലാതെ മറ്റൊരാളുടെ ആഗ്രഹങ്ങളല്ല പ്രകടിപ്പിക്കുന്നതെന്നുറപ്പു വരുത്തുക
- താങ്കളുടെ സ്ഥാവരജംഗമ സ്വത്തുക്കളുടെയും വ്യക്തിപരമായുള്ള ധനത്തിന്റെയും ഒരു പട്ടിക തയ്യാറാക്കുക
- ഒരാളുടെ അഭാവത്തിൽ മറ്റൊരു നടത്തിപ്പുകാരന്റെ പേരു് വ്യക്തമായി എഴുതിയിരിക്കുക
- താങ്കളുടെ വില്പത്രം ഒളിച്ചുവയ്ക്കരുത്– ഒരു ബാങ്കോ, ട്രസ്റ്റോ, വക്കീലോ, മറ്റേതെങ്കിലും വിശ്വസ്തരായ പ്രതിനിധികളോ നിങ്ങളുടെ വില്പത്രം നിങ്ങൾക്കായി സൂക്ഷിക്കട്ടെ
- താങ്കൾ ഏതെങ്കിലും സംഘടനയെയോ സ്ഥാപനത്തെയോ സഹായിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ അവരുമായി കൂടിയാലോചിക്കുക. അങ്ങനെ താങ്കളുടെ സമ്മാനം അവർക്കു് കൂടുതൽ പ്രയോജനപ്രദമായി ഉപയോഗിക്കുവാൻ കഴിയും.

കരിങ്കടലെന്തുകൊണ്ടു് ചാവുകടലായി?

സ്വീകരിക്കുന്നതോടൊപ്പം നൽകാനും സന്മനസ്സു കാണിക്കാത്തതുകൊണ്ടു്!

താങ്കൾക്കു സമ്പന്നനാകണമെന്നുണ്ടെങ്കിൽ കൊടുക്കുക;

താങ്കൾക്കു ദരിദ്രനാകണമെന്നുണ്ടെങ്കിൽ ആർത്തിയോടെ കൈവിടാതെ സൂക്ഷിക്കുക!

താങ്കൾക്കു സുഭിക്ഷത വേണമോ, എങ്കിൽ വാരി വിതറുക.


താങ്കൾക്കു അരിഷ്ടത ജീവിതപങ്കാളിയായിരിക്കണമോ, കുന്നുകൂട്ടുക, സംഭരിക്കുക.

വേഗത്തിൽ നൽകുന്നവൻ ഇരട്ടി നൽകുന്നു;

സന്തോഷപൂർവ്വം നൽകുന്നവൻ പത്തിരട്ടി നൽകുന്നു;

ദരിദ്രനു നൽകുന്നവനാകട്ടെ കർത്താവിനു നൽകുന്നു!

ഒരു വൈദികവിദ്യാത്ഥിയെ അംത്താരയിലേക്കു് ആനയിക്കുക–
അവന്റെ ദൈവവിളിയെ സംരക്ഷിക്കുക



''വിളവധികം....'' പൗരോഹിത്യത്തിലേക്കുള്ള ധാരാളം ദൈവവിളികളാൽ നാം അനുഗ്രഹീതരാണു്. എണ്ണമറ്റ പാവങ്ങൾക്കും, പരിത്യക്തർക്കുംവേണ്ടി സേവനമനുഷ്ഠിക്കുവാൻ തയ്യാറായി ധാരാളം കർമ്മധീരരും, സേവനോൽസുകരുമായ ചെറുപ്പക്കാർ ഞങ്ങളോടൊത്തു വരുന്നുണ്ടു്. എന്നാൽ പഠനത്തിനും, വൈദിക പരിശീലനത്തിനും സാമ്പത്തികമായ പരാധീനതകളും അവരെ അലട്ടുന്നു. അവരെ മുഴുവനായും സഹായിക്കുവാൻ അവരുടെ മാതാപിതാക്കൾക്കു് തനിച്ചു് സാധിക്കുന്നില്ല. അങ്ങനെയുള്ള അവരിലാരെയെങ്കിലും, പൗരോഹിത്യ സ്വീകരണത്തിൽ സഹായിക്കാൻ നിങ്ങൾക്കു് കഴിയില്ലേ? തയ്യാറാണെങ്കിൽ താഴെ കാണുന്ന ഫോറം പൂരിപ്പിച്ചു് അയച്ചുതരിക. നിങ്ങൾ ദത്തെടുക്കുന്ന വൈദികവിദ്യാത്ഥിയുടെ ഫോട്ടോയും മറ്റു വിവരങ്ങളും ഞങ്ങൾ അയച്ചുതരാം. പ്രസ്തുത വിദ്യാത്ഥി നിങ്ങളുടെ വൈദിക സഹോദരനോ വൈദിക പുത്രനോ ആയിരിക്കും.

സഹായം അയച്ചുതരേണ്ട വിലാസം:

Mission Procurator
Salesian Provincial House
Don Bosco, 75, North Road
Bangalore – 560 084
India

ഒരു വൈദികവിദ്യാത്ഥിയെ ദത്തെടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനുവേണ്ടി ..... രൂപ അയക്കുന്നു.

ഒരു വൈദിക വിദ്യാത്ഥിയെ ദത്തെടുക്കുവാൻ എനിക്കു് സാധിക്കുകയില്ല എങ്കിലും ..... രൂപ ഒരു സഹായമായി അയയ്ക്കുന്നു.

പേരു് .....

മേൽവിലാസം.....

Pincode.....

"ഇന്നെനിക്ക് നിങ്ങളുടെ കരങ്ങൾ മാത്രമേയുള്ളൂ!"

ഉദാരമനസ്കരായ ഏതാനും സ്ത്രീപുരുഷന്മാരുടെ കരങ്ങളിൽ താൻ ജീവിതത്തിൽ നേടിയ സകലതും, എല്ലാറ്റിലുമുപരി യുവജനപ്രവർത്തനത്തിന്റെ ചുമതല ഏല്പിച്ചിട്ട് ഡോൺബോസ്കോ കാലയവനികക്കുള്ളിൽ മറഞ്ഞു.

ഒരു നൂറുവർഷങ്ങൾക്കു മുൻപുനടന്ന ഈ കൈമാറ്റം തുടരാൻ, ഇതാ ഒരു നൂറുവർഷങ്ങൾക്കുശേഷം തന്റെ യുവജനക്ഷേമപ്രവർത്തനം വരുമൊരു നൂറുവർഷത്തിനപ്പുറം തുടരാൻ, ഉദാരമനസ്കരായ

യുവതീയുവാക്കളെ, സ്ത്രീപുരുഷൻമാരെ

ഡോൺബോസ്കോ വിളിക്കുന്നു.


യുവജനങ്ങൾക്കുവേണ്ടിയുള്ള,
ദൈവത്തിനുവേണ്ടിയുള്ള,
സമൂഹത്തിനുവേണ്ടിയുള്ള

ഒരു ജീവിതം നയിക്കുവാൻ നിങ്ങൾക്കു താല്പര്യമുണ്ടോ?

ഉണ്ടെങ്കിൽ വിശദവിവരങ്ങൾക്കായി ഉടനെഴുതുക:

The Vocation Director,
Don Bosco
Mullakara
Mannuthy 680651
Trichur

The Vocation Directress,
Salesian Sisters
Auxilium Centre
Kottiyam 691571
Quilon




പ്രിയ സ്നേഹിതരേ,

ഓരോ വർഷവും ക്രിസ്തുമസ്സിനേറെയും നവവത്സരത്തിനേറെയും നാളുകളിലാണ് 'നന്ദിയുടെ പൂക്കൾ' നിങ്ങളുടെ കൈകളിൽ എത്താറുള്ളത്. എന്നാൽ ഈ വർഷം ഡോൺബോസ്കോയുടെ ചരമശതാബ്ദിയായതിനാൽ, നൂറു വർഷത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടേയും, നേട്ടങ്ങളുടേയും വിവരങ്ങൾ ഉൾക്കൊണ്ട് വർഷമദ്ധ്യേയാണ് ഈ പ്രസിദ്ധീകരണം പുറത്തിറങ്ങുന്നത്. നിർധനരും നിരാശ്രയരുമായ യുവജനങ്ങളോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും താല്പര്യത്തിനും നന്ദി പറയുന്നതിനും നിങ്ങളെ അനുഗ്രഹിക്കുന്നതിനുമായി ഡോൺബോസ്കോതന്നെ ഈ മാസികയുടെ ദളങ്ങളിലൂടെ നിങ്ങളുടെ മുന്നിൽ എത്തുന്നതായി പരിഗണിക്കുമല്ലോ. വിശുദ്ധ ഡോൺബോസ്കോയെക്കുറിച്ചുള്ള അറിവ്, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ഭാഗഭാക്കുകളാകുവാൻ വായനക്കാർക്ക് പ്രചോദനം നൽകുമെന്നാണ് എന്റെ ദൃഢമായ വിശ്വാസം. വരും വർഷങ്ങളിൽ കൂടുതൽ യുവാക്കൾക്ക്, അവർ സമൂഹത്തിൽനിന്നും പ്രതീക്ഷിക്കുന്നതായ ആശ്വാസവും പ്രതീക്ഷയും നൽകുന്നതിന് നിങ്ങളുടെ സഹകരണം ഡോൺബോസ്കോയ്ക്ക് ആവശ്യമുണ്ട്. സഹജീവികളുടെ കഷ്ടത ലഘൂകരിക്കുകയും അവർക്ക് സന്തോഷം പകരുകയും ചെയ്യുന്നതാണല്ലോ പരമമായ സ്നേഹപ്രവൃത്തി. ഡോൺബോസ്കോയുടെ പ്രവർത്തനങ്ങളോട് ആത്മാർത്ഥമായി സഹകരിച്ചുകൊണ്ടിരിക്കുന്ന പ്രിയ സ്നേഹിതരോട് നന്ദി പറയുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. ഈ ശതാബ്ദിവർഷം സലേഷ്യൻ സഭാംഗങ്ങളും, ഡോൺബോസ്കോ സ്ഥാപനങ്ങളിലെ കുട്ടികളും നിങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതായിരിക്കും. വിശുദ്ധ ഡോൺബോസ്കോയുടെ മാദ്ധ്യസ്ഥംവഴി ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ,

ഫാ. തോമസ് വയലാറ്റ് എസ്. ഡി. ബി.

CT Library
88000007
M73 D714



SALESIAN PROVINCES
OF INDIA